# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവല്ല മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവല്ല-689101

ഇ-മെയിൽ: mltvla.ksad@kerala.gov.in

ഫോൺ : 0469-2965005

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/73/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരുവല്ല-689101
തീയ്യതി: 18/04/2023
ഇ-മെയിൽ: mltvla.ksad@kerala.gov.in
ഫോൺ: 0469-2965005

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവല്ല മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-28,1-55,1-58 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
റീജണൽ ജോയിൻറ് ഡയറക്ടർ ,നഗരകാര്യ വകുപ്പ്,കൊല്ലം
ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.എൽ.എം.റ്റി.2/73/2023 തീയ്യതി: 18/04/2023

## പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തിരുവല്ല മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 78 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 57 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-03-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു ജി. | ഡെപ്യൂട്ടി ഡയറക്ടർ | 01-05-2022 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-05-2022 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജീവ്.വി.കെ,ഓഡിറ്റ് ഓഫീസർ(ഹയർഗ്രേഡ്)
ശ്രീ.ചന്ദ്രശേഖരൻ.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഷീബ.എം,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ. അരുൺകുമാർ.എസ്,സീനിയർഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു ജയകുമാർ | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീ. ജെ.മുഹമ്മദ് ഷാഫി | സെക്രട്ടറി | 01-04-2021 | 17-09-2021 |
| ശ്രീ. ഷിബു. വി.പി. | സെക്രട്ടറി | 18-09-2021 | 23-02-2022 |
| ശ്രീ. നാരായണൻ സ്റ്റാലിൻ | സെക്രട്ടറി | 24-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ബിന്ദു വേലായുധൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ക്ളമന്റ് പി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. സമിൽ ബാബു പി.വി. | ഹെൽത്ത് സൂപ്പർവൈസർ | 01-04-2021 | 31-01-2022 |
| ശ്രീ. അജി.എസ്.കുമാർ | ഹെൽത്ത് ഇൻസ്‌പെക്ടർ ( ചാർജ്ജ് ) | 01-02-2022 | 02-03-2022 |
| ശ്രീ. ശ്രീകുമാർ കെ. | ഹെൽത്ത് സൂപ്പർവൈസർ | 03-03-2022 | 31-03-2022 |
| ഡോ. അജയമോഹൻ .ജി | സൂപ്രണ്ട് , താലൂക്ക് ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ. പമീല | മെഡിക്കൽ ഓഫീസർ ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.പത്മജ. വി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 01-04-2021 | 13-12-2021 |
| ഡോ. പ്രീതാ. ജി | മെഡിക്കൽ ഓഫീസർ , ഹോമിയോ | 14-12-2021 | 31-03-2022 |
| ഡോ. ബിനു എം കെ | സീനിയർ വെറ്ററിനറി സർജൻ | 01-04-2021 | 22-01-2022 |
| ഡോ .ബിൽന മേരി ചാണ്ടി | വെറ്ററിനറി സർജൻ | 23-01-2022 | 31-03-2022 |
| ശ്രീ .പോൾ സ്റ്റീഫൻ | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2021 | 31-05-2021 |

| | | | |
|---|---|---|---|
| ശ്രീമതി. ഷീജ. വി | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-06-2021 | 31-03-2022 |
| ശ്രീ. ജയകൃഷ്ണൻ ആർ. | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. സുജിത | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.വിനോദ് കുമാർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-08-2021 |
| ശ്രീമതി. ഗീത .പി.ബി | ഹെഡ്മിസ്ട്രസ് | 01-09-2021 | 31-03-2022 |
| ശ്രീമതി. മഞ്ജു .എസ്. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 07-09-2021 |
| ശ്രീ. ശ്രീകുമാർ .ജെ. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 08-09-2021 | 31-03-2022 |
| ഡോ . സിന്ധ .ഐ.പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 17-11-2021 |
| ശ്രീമതി സന്ധ്യ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഭരണപരമായ കാര്യക്ഷമത:നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ല | 1-11 |
| 13 | പതിമൂന്നാം പദ്ധതി അവലോകനം | 1-12 |
| 14 | ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണം - ബിൽഡിംഗ് പെർമിറ്റ് കാലാവധി അവസാനിച്ച നിർമ്മാണത്തിന്മേൽ യഥാസമയം തുടർ നടപടികൾ സ്വീകരിച്ചില്ല. | 1-13 |
| 15 | ടെണ്ടർ ഫോറം: സ്റ്റോക്കില്ല,വില്പന സുതാര്യമല്ല | 1-14 |
| 16 | നഗരസഭാ ആസ്തികൾ വിട്ടുനൽകുന്നതുമൂലം തനത് വരുമാനത്തിൽ കുറവ് | 1-15 |
| 17 | 2022-23 വർഷത്തേക്കുള്ള ലേലം കുറഞ്ഞ നിരക്കിൽ ഏല്പിച്ചുനൽകി | 1-15-1 |
| 18 | ആശുപത്രി കിയോസ്കുകളുടെ യൂസർഫീ - വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതു സംബന്ധിച്ച് | 1-16 |
| 19 | YMCA ജംഗ്ഷനിൽ നഗരസഭ വക സ്ഥലത്ത് പേ & പാർക്ക് വ്യവസ്ഥയിൽ വാഹന പാർക്കിംഗ് - പാർക്കിംഗ് ഫീസ് പിരിവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ | 1-17 |
| 20 | തൊഴിൽ നികുതി അപാകതകൾ | 1-18 |
| 21 | ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . | 1-19 |
| 22 | റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കുന്നില്ല | 1-20 |
| 23 | വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു. | 1-21 |
| 24 | ലേലതുക പൂർണ്ണമായി ഒടുക്കുവരുത്തിയിട്ടില്ല. | 1-22 |
| 25 | സ്റ്റേഡിയം വാടക – തുക ഒടുക്കുവാൻ അവശേഷിക്കുന്നു. | 1-23 |

| | | |
|---|---|---|
| 26 | ആംബുലൻസ് വാടക നഗരസഭയിൽ യഥാസമയം ഒടുക്കുന്നില്ല | 1-24 |
| 27 | ബി.എസ്.എൽ. എൽ- കെട്ടിടങ്ങളുടെ വസ്തു നികുതി വർഷങ്ങളായി കുടിശിക | 1-25 |
| 28 | കണക്ക് കൃത്യമല്ല,കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ളത് കോടികൾ | 1-26 |
| 29 | ശബരിമല ഗ്രാന്റ് ചെലവഴിക്കുന്നില്ല,45.5ലക്ഷം തനത് നിക്ഷേപമായി | 1-27 |
| 30 | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക പദ്ധതി കാലാവധി പൂർത്തിയായിട്ടും അക്കൗണ്ട് ചെയ്യാതെ നിഷ്ക്രിയമായി കിടക്കുന്നു,ആധികാരികമല്ലാത്ത ഇടപാടുകൾ നടത്തി-അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. | 1-28 |
| 31 | ഖരമാലിന്യ നിർമ്മാർജ്ജനം-റൂൾ നടപ്പാക്കാത്തതിനാൽ നഗരസഭയ്ക്ക് 9 ലക്ഷം രൂപ പിഴയിനത്തിൽ ബാദ്ധ്യത | 1-29 |
| 32 | സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഒഴിവാക്കുന്നതിൽ വീഴ്ച | 1-30 |
| 33 | നിർത്തലാക്കിയ സിഎഫ്എൽറ്റിസി ലേലം ചെയ്ത് മുതൽകൂട്ടിയില്ല | 1-31 |
| 34 | ജനകീയ ഹോട്ടൽ -കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഭക്ഷണം വിതരണം-അപാകതകൾ | 1-32 |
| 35 | വിതരണം ചെയ്യാത്ത ഭക്ഷണത്തിന് വില നൽകി-അധിക ചെലവ് 38723/-രൂപ | 1-32-1 |
| 36 | വിശപ്പുരഹിതകേരളം- ജനകീയ ഹോട്ടലിന് വാടക, റിവോൾവിംഗ് ഫണ്ട് ഇനങ്ങളിൽ അധികം തുക നൽകി | 1-32-2 |
| 37 | CFLTC ഭക്ഷണവിതരണം-ജനകീയ ഹോട്ടലിന് 536070/- രൂപ അധികം നൽകി | 1-32-3 |
| 38 | പ്രോജക്ടുകൾ നടപ്പായില്ല;നഗരസഭ ഫണ്ട് 17.11ലക്ഷം അന്യസ്ഥാപനങ്ങളിൽ | 1-33 |
| 39 | നിരീക്ഷണ ക്യാമറ സംവിധാനം കാര്യക്ഷമമായില്ല | 1-34 |
| 40 | അങ്കണവാടി അനുപൂരക പോഷകാഹാര രജിസ്റ്ററുകളുടെ പരിപാലനം ശരിയായ രീതിയിലല്ല. | 1-35 |
| 41 | അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല | 1-36 |
| 42 | നെൽകൃഷി വികസനത്തിന് പ്രോജക്ടില്ല 164 ഹെക്ടർ തരിശു കിടക്കുന്നു. | 1-37 |
| 43 | നെൽ കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-38 |
| 44 | ആംബുലൻസ് പരിപാലനം ഭാവിയിൽ ബാധ്യതയാകാൻ സാദ്ധ്യത | 1-39 |
| 45 | എ.ബി.സി പ്രോഗ്രാം ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല | 1-40 |
| 46 | വിദ്യാർത്ഥികൾക്ക് പഠനമുറി- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല | 1-41 |
| 47 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | 1-42 |

| | | |
|---|---|---|
| 48 | മിനി എംസിഎഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ നിരക്കിൽ നിന്നും വ്യതിചലിച്ച് ഉയർന്ന നിരക്ക് അനുവദിച്ചതു വഴി 1.34 ലക്ഷം രൂപയുടെ അധിക ചെലവ്. | 1-43 |
| 49 | ഷീ ലോഡ്ജ് നിർമ്മാണം - ആസൂത്രണം , നിർവ്വഹണം എന്നിവയിലെ പാളിച്ച – ഉദ്ഘാടനം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-44 |
| 50 | ശബരിമല ഇടത്താവളം - ആസൂത്രണത്തിലെ പാളിച്ച – പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭാവസ്ഥയിൽ തുടരുന്നു. | 1-45 |
| 51 | തോടുകളുടെ നവീകരണം - ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചകൾ | 1-46 |
| 52 | രാമൻചിറ – നാക്കട മിഷൻ ഹോസ്പിറ്റൽ റോഡ് ഓട നിർമ്മാണം - പൊളിച്ചു മാറ്റിയ പാറ - വില കരാറുകാരനിൽ നിന്നും ഈടാക്കുകയോ, ആസ്തിയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. | 1-47 |
| 53 | എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചു-നഷ്ടം 9656 രൂപ | 1-48 |
| 54 | കരാർവെക്കാൻ വൈകിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല | 1-49 |
| 55 | ആസ്തി പരിപാലിക്കുന്നില്ല;ലക്ഷങ്ങൾ മുടക്കിയ നീന്തൽ കുളം അവഗണനയിൽ | 1-50 |
| 56 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ - കമ്മ്യൂട്ടേഷനു വേണ്ടി കൈമാറ്റം ചെയ്ത പെൻഷൻ ഭാഗം കൃത്യമായി കുറവു വരുത്തുന്നതിലും , പുന:സ്ഥാപിക്കുന്നതിലും ഗുരുതരമായ വീഴ്ച | 1-51 |
| 57 | സെക്യൂരിറ്റി നിക്ഷേപം -കാലാവധികഴിഞ്ഞതും പ്ലഡ്ജ് ചെയ്യാത്തതുമായ നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി | 1-52 |
| 58 | തെരുവ് വിളക്ക് അറ്റകുറ്റപണി:നടപടിക്രമം പാലിച്ചില്ല,7.73ലക്ഷം രൂപയുടെ അധികചെലവ് | 1-53 |
| 59 | മരാമത്ത് പണികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്നു;കരാറുകാരിൽ നിന്ന് പിടിച്ചുവെച്ചത് 23.41ലക്ഷം | 1-54 |
| 60 | രേഖകൾ കൃത്യമല്ല;മാലിന്യനീക്കത്തിന് അയ്യങ്കാളി ഫണ്ട് 44.65ലക്ഷം ചെലവഴിച്ചു | 1-55 |
| 61 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ശുചീകരണപദ്ധതിയാക്കി | 1-56 |
| 62 | ആധുനിക അറവുശാല നിർമ്മാണം | 1-57 |
| 63 | മാലിന്യനീക്കം:സ്വകാര്യസ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്താതെ നഗരസഭ ലക്ഷങ്ങൾ ചെലവഴിക്കുന്നു | 1-58 |
| 64 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല-6204809/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു | 1-59 |
| 65 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തിയതു വഴി പൊതു ടാപ്പുകളുടെ എണ്ണം 363ൽ | 1-60 |

| | | |
|---|---|---|
| | നിന്നും 213 ആയി കുറഞ്ഞു- വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിവർഷം 13 ലക്ഷം രൂപയുടെ നേട്ടം. | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | മിനി എംസിഎഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ നിരക്കിൽ നിന്നും വ്യതിചലിച്ച് ഉയർന്ന നിരക്ക് അനുവദിച്ചതു വഴി 1.34 ലക്ഷം രൂപയുടെ അധിക ചെലവ്. | 3-1 |
| 2 | എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചു-നഷ്ടം 9656രൂപ | 3-2 |
| 3 | വിതരണം ചെയ്യാത്ത ഭക്ഷണത്തിന് അധികം വില നൽകി- 38723/- രൂപ നിരാകരിക്കുന്നു. | 3-3 |
| 4 | വിശപ്പുരഹിത കേരളം-ജനകീയഹോട്ടലിന് വാടക, റിവാൾവിംഗ് ഫണ്ട് ഇനങ്ങളിൽ അധികം തുക നൽകി. | 3-4 |
| 5 | CFLTC ഭക്ഷണവിതരണം-ജനകീയ ഹോട്ടലിന് 536070 രൂപ അധികം നൽകി | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച വിവരം | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | കോവിഡ്-CFLTC ഭക്ഷണവിതരണം-അനുവദനീയമായ തുകയുടെ വിവരം (ഖണ്ഡിക-1-32-3&3-5) | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

നഗരസഭയുടെ 2021-22ബഡ്ജറ്റ് 17.02.2021-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിച്ചു. 22.02.2021-ലെ നഗരസഭ കൗൺസിലിൽ അവതരിപ്പിച്ച ബഡ്ജറ്റ് 23.02.2021 ലെ കൗൺസിൽ യോഗം പാസ്സാക്കിയിട്ടുണ്ട്. ബഡ്ജറ്റ് സംഗ്രഹം:

മുന്നിരിപ്പ് -199966774

വരവ്- 773281800

ആകെ- 973248574

ചെലവ്- 894068000

നീക്കിയിരിപ്പ്- 79180574

ബഡ്ജറ്റിലെ പ്രതീക്ഷിത വരവുചെലവും 2021-22ലെ നഗരസഭയുടെ ഓഡിറ്റ് ചെയ്ത കണക്കുകളും തമ്മിൽ വലിയ വ്യത്യാസം കാണുന്നു. 2021-22ലെ റസീറ്റ് & പേയ്മെന്റ് പത്രിക അനുസരിച്ച് നഗരസഭയുടെ ഓഡിറ്റ് വർഷത്തെ ആകെ വരവ് 362012186 രൂപയും ആകെ ചെലവ് 349604350 രൂപയുമാണ്. പ്രതീക്ഷിത കണക്കും യഥാർത്ഥ കണക്കും തമ്മിൽ ഇരട്ടിയോളം വ്യത്യാസം.

മുൻവർഷത്തെ കണക്കുകളിൽ നിന്ന് മുന്നിരിപ്പ് കൃത്യമായി നിർണയിക്കാവുന്നതാണ്. എന്നാൽ ബഡ്ജറ്റിലെ മുന്നിരിപ്പ് യഥാർത്ഥ മുന്നിരിപ്പുമായി വലിയ വ്യത്യാസമുണ്ട്. 2020-21-ലെ നീക്കിയിരിപ്പാണ് 2021-22ലെ മുന്നിരിപ്പാകേണ്ടത്. 2020-21-ലെ യഥാർത്ഥ നീക്കിയിരിപ്പ് 105193623 രൂപയാണ്. ബഡ്ജറ്റിൽ ഈ തുക മുന്നിരിപ്പാക്കാതെ വലിയ തുക 199966774 രൂപ മുന്നിരിപ്പായി കാണിച്ചിരിക്കുന്നു.

ബഡ്ജറ്റ് ഗൗരവത്തോടെയല്ല തയ്യാറാക്കുന്നതെന്ന് മുകളിലെ വ്യത്യാസങ്ങൾ വ്യക്തമാക്കുന്നു. മുൻ വർഷങ്ങളിലെ ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ ആധാരമാക്കി ശാസ്ത്രീയമായി തയ്യാറാക്കുമ്പോഴാണ് ബഡ്ജറ്റ് ശരിയായ ധനമാനേജ്മെന്റിനുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനമാകുന്നത്.

രാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം, ശബരിമല ഇടത്താവള നിർമ്മാണം, സ്വിമ്മിംഗ് പൂൾ പ്രവർത്തനക്ഷമമാക്കുക, ആധുനിക അറവ് ശാല നിർമ്മാണം എന്നിങ്ങനെ വൻകിട വികസന പ്രോജക്ടുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇവയിൽ ഒന്നിനുപോലും 2021-22 പദ്ധതിവർഷത്തിൽ പ്രോജക്ടുകൾ നടപ്പാക്കാനോ തുടങ്ങിവെക്കുവാനോ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 16.06.2022 |

## 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ഷെഡ്യൂൾ ബി-4 | ഗ്രാന്റ് ഫോർ പ്രോജക്ട്സ്-എന്ന ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്ന 25,00,000 രൂപ ബാധ്യതയുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല. |
| 2 | ഷെഡ്യൂൾ ബി-4 | അദർ ഗ്രാന്റ്സ് &കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസ് എന്ന ഹെഡിലെ ബാദ്ധ്യത 14822690 രൂപയാണ്. (ലൈഫ് ഭവനപദ്ധതി)<br>എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 14759690 രൂപയാണ്. 63000 രൂപയുടെ വ്യത്യാസം കാണിക്കുന്നു. |
| 3 | ഷെഡ്യൂൾ ബി-6 | ലോൺസ് ഫ്രം സെൻട്രൽ ഗവൺമെന്റ് എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള 1,15,66,913 രൂപയുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല. വർഷങ്ങളായി ഈ തുക ബാദ്ധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 4 | ഷെഡ്യൂൾ ബി-7 | ഡെപ്പോസിറ്റ് റിസീവ്ഡ്- എന്ന ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല. രജിസ്റ്ററുകളിൽ വാർഷിക |

| | | |
|---|---|---|
| | | സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. |
| 5 | ഷെഡ്യൂൾ ബി-11 | ഫിക്സഡ് അസെറ്റ്സ്- ആസ്തിരജിസ്റ്ററിൽ കാലികമായ രേഖപ്പെടുത്തൽ നടത്തി ആധികാരികമാക്കിയിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. |
| 6 | ഷെഡ്യൂൾ ബി-15 | നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ് കൃത്യമല്ലാത്തതിനാൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. |
| 7 | ഷെഡ്യൂൾ ബി-15 | അദർ റിസീവബിൾസ് (കറന്റ് ) എന്ന ശീർഷകത്തിൽ പെൻഷൻ ഫണ്ടിനത്തിൽ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 14,55,08,137 രൂപയാണ്. എന്നാൽ ഇത് സംബന്ധിച്ച ഫയലിൽ കിട്ടാനുള്ളതായി കണക്കാക്കിയിരിക്കുന്നത് 10,68,71,971 രൂപയാണ്. |
| 8 | ഷെഡ്യൂൾ ആർ.പി.-6 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വാർഷികകണക്കുകൾ പ്രകാരമുള്ള ചെലവ് 19719001 രൂപയാണ്. എന്നാൽ സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 19632371 രൂപയാണ്. 86630 രൂപയുടെ വ്യത്യാസം കാണുന്നു. |
| 9 | ഷെഡ്യൂൾ ബി-18 | ലോൺസ്, അഡ്വാൻസ് &ഡെപ്പോസിറ്റ്സ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഉറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമല്ല. |
| 10 | | ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരം മുൻകാല കാരിഓവർ തുകയുടെവിഹിതമായി വികസനഫണ്ട്(ജനറൽ)-5685916/-, വികസനഫണ്ട്(എസ്.സി.പി)-1503099/-, വികസനഫണ്ട്(റ്റി.എസ്.പി)-77200/-, മെയിന്റനൻസ്ഗ്രാന്റ്(റോഡ്)-76876/-,മെയിന്റനൻസ്ഗ്രാന്റ്(നോൺ-റോഡ്)-1308767/- ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 11 | | വികസനഫണ്ട്(ജനറൽ) സോഴ്സ്ഡിഡക്ഷനായി കുറവുവരുത്തിയ തുക പൂർണ്ണമായും വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ 1608400/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. |
| 12 | | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവുകൾ വാർഷികകണക്കുകൾ പ്രകാരമുള്ളത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. |

വാർഷിക കണക്കിലെ മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 105193623 |
| വരവ് | 362012186 |
| ആകെ | 467205809 |
| ചെലവ് | 349604350 |
| നീക്കിയിരിപ്പ് | 117601459 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ട്രഷറി ക്യൂ ബിൽ | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | ഇല്ല | 49742916 | 49742916 | 44035165 | | 9712951 | ജി.ഒ(ആർ.ടി.നം-2617/2022 /ഫിൻ/31.3.2022 പ്രകാരം ലഭ്യമായ കാരിഓവർ വിഹിതം |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 5685916/- രൂപ കൂടി വരവിൽ ഉൾപ്പെടുന്നു.കു |
| വികസന ഫണ്ട്-എസ്.സി.പി | „ | 18346099 | 18346099 | 11784608 | | 6561491 | കാരിഓവർ വിഹിതം 1503099/- രൂപ |
| വികസന ഫണ്ട്-ടി.എസ്.പി | „ | 77200 | 77200 | -- | | 77200 | കാരിഓവർ വിഹിതം 77200/- രൂപ |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | „ | 51215287 | 51215287 | 21402920 | | 29812367 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | „ | 29150197 | 2915197 | 13409652 | | 15740545 | |
| മെയിന്റനൻസ് ഗ്രാന്റ് , റോഡ് | „ | 32659876 | 32659876 | 19719001 | | 12940875 | കാരിഓവർ വിഹിതം 76876/- രൂപ |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | „ | 21863337 | 21863337 | 13218516 | | 8644821 | കാരിഓവർ വിഹിതം 1308767/- രൂപ |
| ജനറൽ പർപ്പസ് ഗ്രാന്റ് | „ | 28534000 | 28534000 | 28534000 | | 0 | |
| പ്രത്യേക ഗ്രാന്റ് | | | | | | | |
| ശബരിമല ഇടത്താവളം | 3549600 | 1000000 | 4549600 | -- | -- | 4549600 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | | |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 82200 | *13435730 | 13517930 | 11399960 | - | 2117970 | *തൻവർഷ വിഹിതം 10000000/- രൂപ |
| ക്ലീൻ കേരള | 1898202 | 55648 | 1953850 | -- | -- | 1953850 | |
| സ്ലോട്ടർ ഹൗസ് | 3390472 | 19125 | 3409597 | -- | -- | 3409597 | |
| ഇ.എം,എസ്. (ലൈഫ്) | 21807203 | 752546 | 22559749 | 7800059 | -- | 14759690 | |
| സി.എഫ്,എൽ.റ്റി.സി. | 849622 | 343985 | 1193607 | 850964 | -- | 342643 | |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | | |
| പി .എം.എ.വൈ. | 2576652 | 17882894 | 20459546 | 16570000 | | 3889546 | |
| എൻ.യു .എൽ.എം. | 1239176 | 894205 | 2133381 | 2133381 | | 0 | |
| യു.ഐ.ഡി.എസ്.എം.റ്റി. | 141436 | 4147 | 145583 | -- | | 145583 | |
| സ്വച്ഛ് ഭാരത് മിഷൻ | 8582142 | 2127159 | 10709301 | 10648584 | | 60717 | |
| എസ്.എൻ.പി. | 3442387 | 1397337 | 4839724 | 800000 | | 4039724 | |

ഗ്രാന്റ് വിനിയോഗത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1).വികസന ഫണ്ട് (ജനറൽ)- മൂന്ന് അലോട്ട്മെന്റിൽ നിന്നും (44057000 രൂപ) സോഴ്സ് ഡിഡക്ഷൻ 4005200 രൂപ കഴിഞ്ഞിട്ടുള്ള തുകയാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നു. ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരം ലഭ്യമായ കാരിഓവർ വിഹിതം 568596 രൂപ വരവിൽ കണക്കാക്കിയിട്ടില്ല. യഥാർത്ഥ ചെലവ് 44035165 ആണ്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് 42426765 രൂപയാണ്. വികസനഫണ്ട്(ജനറൽ) സോഴ്സ്ഡിഡക്ഷനായി കുറവുവരുത്തിയ തുക പൂർണ്ണമായും വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ഇനത്തിൽ 1608400/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

2).വികസനഫണ്ട് (എസ്.സി.പി.) - ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരമുള്ള വരവ് 1503099 രൂപ ഉൾപ്പെട്ടിട്ടില്ല.

3).വികസനഫണ്ട് (റ്റി.എസ്.പി.) - ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരമുള്ള വരവ് 77200 രൂപ

ഉൾപ്പെട്ടിട്ടില്ല.
4).മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) - ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരമുള്ള വരവ് 1308767 രൂപ ഉൾപ്പെട്ടിട്ടില്ല.
5).മെയിന്റനൻസ് ഫണ്ട് (റോഡ്) - ജി.ഒ(ആർ.ടി)2617/22/ഫിൻ/31.3.2022 പ്രകാരമുള്ള വരവ് 76876 രൂപ ഉൾപ്പെട്ടിട്ടില്ല. ആകെ വരവ് 49556000 രൂപയിൽ കുറവ് വരുത്തിയ തുക 16973000 രൂപ കുറവ് വരുത്തിയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കണക്കാക്കിയിട്ടില്ല.

6).സി.എഫ്.സി. ടൈഡ്, അൺടൈഡ് ഇനങ്ങളിലെ തുകകൾ വാർഷികകണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
7).അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ്-ചെലവുകൾ വാർഷികകണക്കുകൾ പ്രകാരമുള്ളത് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ സുലേഖാ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് ( എണ്ണം ) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് ( എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 332 | 291912281 | 49 | 133165093 | 144 | 139 | 14.75 |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും ചുവടെ ചേർക്കുന്നു.

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 23494836 | 14352804 | 61 |
| സേവനം | 160165273 | 70555358 | 44 |
| പശ്ചാത്തലം | 108252172 | 48256931 | 45 |

(3) 2021-22-ൽ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു-ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 3 | 3 | 2290000 | 2289929 |
| 2 | കൃഷി ഫീൽഡ് ഓഫീസർ | 5 | 5 | 3857200 | 3655820 |
| 3 | സെക്രട്ടറി | 21 | 18 | 11623915 | 9478557 |
| 4 | സീനിയർ വെറ്ററിനറി സർജൻ | 10 | 8 | 3712200 | 1426594 |
| 5 | പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 28 | 15 | 64666148 | 21400667 |
| 6 | പട്ടികജാതിവികസന ഓഫീസർ | 11 | 10 | 12109500 | 8136800 |
| 7 | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 18 | 15 | 13239158 | 10184300 |
| 8 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1915250 | 219503 |
| 9 | ഐ.സി.ഡി.എസ് | 4 | 4 | 7799890 | 7582756 |

| | | | | | |
|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 2 | 2 | 400000 | 400000 |
| 11 | ഹെഡ്മാസ്റ്റർ | 2 | 2 | 415000 | 341913 |
| 12 | വ്യവസായ വികസന ഓഫീസർ | 1 | 1 | 750000 | 300000 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 205 | 95 | 117738486 | 49753904 |
| 14 | അസി. എക്സി. എഞ്ചിനീയർ | 19 | 7 | 51395534 | 17994350 |
| | ആകെ | 332 | 193 | 291912281 | 133165093 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 82200 | 10000000 | 10082200 | 646522 | 2117970 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | | | 9542706 | |
| ഗുണഭോക്താക്കൾക്ക് തനത് ഫണ്ടിൽ നിന്നും നൽകിയത് | | 3101519 | 3101519 | 1106266 | |
| മറ്റിനം * | | 334211 | 334211 | 104466 | |
| ആകെ | 82200 | 13435730 | 13517930 | 11399960 | 2117970 |

*മറ്റിനം വരവിന്റെ ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വരവിനം | തുക |
|---|---|
| പലിശ | 51465 |
| തനത്ഫണ്ടിൽ നിന്നു വരവ് | 148000 |
| ചെലവ് വന്ന തുക റീഫണ്ട് | 134746 |
| ആകെ | 334211 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6540000 | 434 |
| വിധവാപെൻഷൻ | 19324600 | 1284 |
| വാർദ്ധക്യകാല പെൻഷൻ | 60587200 | 4111 |
| വികലാംഗ പെൻഷൻ | 5629800 | 365 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1307000 | 83 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് കാലയളവിൽ വിവിധ തീയതികളിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | ബാലൻസ് കാഷിന്റെ വിവരം (രൂപ) |
|---|---|---|
| 1 | 25-04-2022 | 236560 |
| 2 | 18-05-2022 | 149186 |
| 3 | 15-6-2022 | 276916 |
| 4 | 14-07-2022 | 72104 |
| 5 | 23-08-2022 | 208870 |
| 6 | 19-09-2022 | 524887 |
| 7 | 10-10-2022 | 122523 |
| 8 | 11-11-2022 | 58724 |
| 9 | 17-12-2022 | 113185 |

## 1-9 ആഭ്യന്തരനിയന്ത്രണം

കേരള മുനിസിപ്പാലിറ്റി നിയമം നല്കിയിരിക്കുന്ന അധികാരങ്ങൾ, ഉത്തരവാദിത്തങ്ങൾ, ചുമതലകൾ എന്നിവ നിറവേറ്റുന്നതിന് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം നഗരസഭയ്ക്ക് ആവശ്യമാണ്. നഗരസഭയുടെ പ്രവർത്തനങ്ങളിൽ നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കുന്നതിനും ശക്തമായ ആഭ്യന്തര നിയന്ത്രണ സംവിധാനം വേണം. നഗരസഭയുടെ പ്രവർത്തനങ്ങൾ പൊതുതാല്പര്യത്തോടെയാണെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം കൂടിയാണത്.

വാർഡ്സഭകൾ, കൗൺസിൽ, സ്റ്റാന്റിംഗ് കമ്മറ്റികൾ, സെക്രട്ടറി, ഉദ്യോഗസ്ഥവിഭാഗം എന്നിവയിലൂടെയാണ് ആഭ്യന്തരനിയന്ത്രണം ചലിക്കേണ്ടത്. ആസൂത്രണ പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, മോണിട്ടറിംഗ് സമിതികൾ എന്നിവയുടെ നിരന്തര നിയന്ത്രണങ്ങളും ഉണ്ടാകണം. 2021-22ൽ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം ഉണ്ടായതായി ഓഡിറ്റിന് ലഭ്യമായ രേഖകൾ തെളിയിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മറ്റികൾ ഉത്തരവാദിത്തം നിറവേറ്റുന്നതിൽ ചില വീഴ്ചകൾ വരുത്തിയതായി കാണുന്നു. ഏറ്റവും അധികം പണം ചെലവഴിക്കുന്ന പശ്ചാത്തലമേഖലയുമായി ബന്ധപ്പെട്ട പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി പ്രോജക്ട് ആസൂത്രണ നിർവഹണ മോണിട്ടറിംഗ് പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെട്ടു എന്ന് മിനിറ്റ്സ് തെളിയിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളും മോണിട്ടറിംഗ് സമിതികളും ക്രിയാത്മകമായിരുന്നില്ലെന്ന് അവയുടെ മിനിറ്റ്സും വ്യക്തമാക്കുന്നുണ്ട്.

ആസൂത്രണത്തിൽ ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമായില്ലെന്നതിന് തെളിവാണ് ആവിഷ്കരിച്ച പ്രോജക്ടുകളിൽ 14.75% മാത്രം നടപ്പാക്കിയത്.നഗരസഭയുടെ ആസൂത്രണ പ്രവർത്തനത്തിൽ കാര്യമായ തിരുത്തലുകൾ വരുത്തേണ്ടതുണ്ടെന്നാണ് ഈ കണക്ക് തെളിയിക്കുന്നത്.

ആഭ്യന്തരനിയന്ത്രണ പരിശോധനയിൽ കണ്ട മറ്റ് വീഴ്ചകൾ താഴെ വിവരിക്കുന്നു.

1.തനത് വരവ്:കുടിശിക കോടികൾ,ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമല്ല

കുടിശിക കോടികളായായതിനാൽ തനത് വരവിൽ ആഭ്യന്തരനിയന്ത്രണമില്ല. കുടിശികയില്ലാതെ നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കാൻ നഗരസഭക്കായിട്ടില്ല. ബാലൻസ് ഷീറ്റ് അനുസരിച്ച് 2022മാർച്ച് 31ന് പിരിച്ചെടുക്കേണ്ട കെട്ടിടനികുതി 2.3കോടി (22708795)രൂപയാണ്. കുടിശികയില്ലാതെ പിരിച്ചെടുക്കേണ്ട ലൈസൻസ് ഫീസിലെ കുടിശിക ബാലൻസ് ഷീറ്റ് അനുസരിച്ച് 13ലക്ഷമാണ്. വാടക കുടിശിക 22.35ലക്ഷമാണ്. തനത് വരവിലെ കോടികളുടെ കുടിശിക ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമായി പ്രവർത്തിച്ചില്ലെന്നതിന് തെളിവാണ്.

കെട്ടിടനികുതി, തൊഴിൽ നികുതി, വാടക ഉടങ്ങിയ തനത് വരവുകളുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഡിമാന്റില്ലാത്തതിനാൽ വരുമാന ചോർച്ചയുണ്ടോ എന്ന് വ്യക്തമല്ല. വരവുകൾ കുടിശികയില്ലാതെ പിരിച്ചെടുക്കുന്നുണ്ടോ എന്നത് പരിശോധിക്കാനും കഴിയുന്നില്ല.

നഗരസഭക്ക് ലഭിക്കേണ്ട വരവുകൾ ചോർച്ചയില്ലാതെ സമയത്ത് പിരിച്ചെടുക്കുവാൻ കൗൺസിലിന് ഉത്തരവാദിത്തമുണ്ട്. തനത് വരവുകൾ ചുമത്തി പിരിച്ചെടുക്കുന്നതിൽ ശക്തമായ ആഭ്യന്തരനിയന്ത്രണം

കൊണ്ടുവരേണ്ടതാണ്.

2.അസ്തി: രജിസ്റ്റർ ഇല്ല,പരിപാലനം കാര്യക്ഷമമല്ല

ആസ്തി പരിപാലനത്തിൽ ആഭ്യന്തര നിയന്ത്രണം കൊണ്ടുവരുവാനുള്ള അടിസ്ഥാന സംവിധാനമാണ് സമഗ്രവും ആധികാരികവുമായ ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ ഓഡിറ്റ് വർഷവും കാലികമാക്കിയില്ല. 2020-21 ഓഡിറ്റ് റിപ്പോർട്ടിലും വിഷയം പരാമർശിച്ചിരുന്നു. അസറ്റ് രജിസ്റ്റർ തയ്യാറാക്കുന്നതിന് 2021-22ലും തുടർ പ്രോജക്ട് (186,അടങ്കൽ500000രൂപ,തനത്ഫണ്ട്) ഉണ്ടായിരുന്നു. സെക്രട്ടറിയുടെ ഈ പ്രോജക്ട് നടപ്പാക്കിയില്ല. ആസ്തി പരിപാലനത്തിലെ വീഴ്ചയാണിത്.

ഓഡിറ്റ് അന്വേഷണമറുപടിയിൽ ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടികൾ തുടങ്ങിയതായി സെക്രട്ടറി അറിയിച്ചുവെങ്കിലും മറുപടി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

കോടികൾ മൂല്യമുള്ള വസ്തുക്കൾ നഗരസഭയ്ക്കുണ്ട്. ഇവയുടെ ആധാരം,കരം അടച്ച രസീത്/കൈവശാവകാശരേഖ എന്നിവ പരിശോധനക്ക് ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. അവ ഹാജരാക്കിയില്ല. അടിയന്തരമായി ആസ്തി സംബന്ധിച്ച രേഖകൾ ശരിയാക്കി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. നഗരസഭയുടെ വസ്തുക്കൾ അളന്ന് തിട്ടപ്പെടുത്തി അതിര് തിരിച്ച് മതിൽ കെട്ടി ഉടമസ്ഥാവകാശം വെളിപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. ഇവയിൽ പലതും വരുമാനദായകമോ സേവനപ്രദാനമോ ആക്കുവാനും നഗരസഭക്ക് കഴിഞ്ഞിട്ടില്ല. പലതും അവഗണിക്കപ്പെട്ട അവസ്ഥയിലാണ്. ഇതിനാൽ കയ്യേറ്റ ഭീഷണിയുണ്ട്. കയ്യേറ്റം പരിശോധിക്കാൻ നഗരസഭയിലെ റവന്യൂ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ക്വാഡ് പ്രവർത്തിക്കുന്നതായി സെക്രട്ടറിയുടെ മറുപടിയിൽ പറയുന്നുണ്ടെങ്കിലും പ്രവർത്തനം വിശദീകരിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

നഗരസഭയുടെ ആസ്തി നഗരസഭയുടേത് തന്നെയെന്ന് ഉറപ്പാക്കാൻ കൗൺസിലിന് ബാധ്യതയുണ്ട്. അതിന് ആസ്തി രജിസ്റ്ററും ആസ്തികളുടെ റവന്യൂരേഖകളും കൃത്യമാക്കേണ്ടത് അത്യാവശ്യമാണ്. ആസ്തി പരിപാലനത്തിൽ ആഭ്യന്തരനിയന്ത്രണം കൊണ്ടുവരുവാൻ ആസ്തിരജിസ്റ്റർ സമയബന്ധിതമായും സമഗ്രമായും തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആസ്തികൾ വരുമാനദായകവും ജനസേവനകരവുമാക്കുന്നതിൽ വീഴ്ചയുണ്ട്. 80ലക്ഷത്തിൽ അധികം ചെലവഴിച്ച നീന്തൽ കുളം നശിക്കുകയാണ് (ഖണ്ഡിക 1-50 കാണുക).

ആസ്തികളിൽ നിന്നുള്ള വരുമാനത്തിലും ഇടിവുണ്ട്. കുട്ടികളുടെ പാർക്ക്, കാലിച്ചന്ത, പ്രൈവറ്റ് ബസ് സ്റ്റാന്റ് എന്നിവയിലെ വരുമാനത്തിൽ വലിയ കുറവുണ്ട്. ആസ്തികൾ സംരക്ഷിക്കുന്നതിലും വരുമാനചോർച്ചയില്ലാതാക്കുന്നതിലും കൗൺസിൽ കൂടുതൽ ശ്രദ്ധപുലർത്തേണ്ടതാണ്.

3.അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരത്തിൽ നടക്കുന്ന നിർമ്മാണങ്ങൾ നിയമപരമാണെന്ന് ഉറപ്പാക്കേണ്ടത് നഗരസഭയുടെ പ്രഥമബാധ്യതയാണ്.ഈ ബാധ്യത നിറവേറ്റുന്നതിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി ഇടപെടുന്നു എന്ന് ഉറപ്പാക്കാൻ സഹായിക്കുന്നതാണ് അനധികൃതനിർമ്മാണങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ. നഗരസഭ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ല. അനധികൃതനിർമ്മാണങ്ങളുടെ ഫയലുകൾ ബിൽഡിംഗ് പെർമിറ്റ് സെക്ഷനിൽ പ്രത്യേകം സൂക്ഷിക്കുന്നുണ്ടെന്ന മറുപടിയാണ് ഈ വിഷയത്തിൽ സെക്രട്ടറി നല്കിയത്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പാക്കുന്നതിന് ഇത് ഫലപ്രദമല്ലാത്തതിനാൽ അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

4.കണക്കുകൾ നിത്യേന ക്ളോസ് ചെയ്യുന്നില്ല

നഗരസഭയുടെ വരവ് ചെലവ് കണക്കുകൾ നിത്യേന ക്ളോസ് ചെയ്യുന്നില്ല. വരവുകൾ സാംഖ്യയിൽ നിത്യേന പോസ്റ്റ് ചെയ്യുന്നുണ്ട്. ചെലവ് അതാത് ദിവസം എൻട്രി വരുത്തുന്നില്ല. നികുതി, നികുതിയേതര വരവുകൾ അതാത് വർഷം ഡിമാന്റ് നിർണയിച്ച് അക്കൗണ്ട് ചെയ്യുന്നില്ല. എല്ലാ അക്കൗണ്ടുകളുടേയും ബാങ്ക് റിക്കൺസിലിയേഷൻ മാസാന്ത്യവും നടത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങളും മാന്വലും നിർദേശിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നില്ല. കണക്കുകൾ നിത്യേന ക്ളോസ് ചെയ്യേണ്ടതും ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തേണ്ടതും ക്രമക്കേടുകൾ ഒഴിവാക്കുവാൻ അത്യാവശ്യമാണ്. അക്കൗണ്ട് ചട്ടങ്ങളും മാന്വലും പാലിക്കുന്നു എന്ന് ഉറപ്പാക്കി കണക്കുകൾ എഴുതി സൂക്ഷിക്കുന്നതിൽ ആഭ്യന്തര നിയന്ത്രണം ശക്തമാക്കേണ്ടതാണ്.

5.ബൃഹത് പദ്ധതികൾ പ്രാവർത്തികമാക്കുന്നില്ല.

സ്ഥലവും ഫണ്ടും ഡിപിആറും ഉണ്ടായിട്ടും സ്വപ്നപദ്ധതികളെന്ന് നഗരസഭ വിശേഷിപ്പിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നില്ല. നിരവധി വർഷങ്ങളായി ബഡ്ജറ്റിലും മറ്റും നഗരസഭ ആവർത്തിക്കുന്നതാണ് ഓഫീസ് കോംപ്ളക്സ്, രാമപുരം ഷോപ്പിംഗ് കോംപ്ളക്സ്, പബ്ളിക് സ്റ്റേഡിയം, ആധുനിക അറവുശാല എന്നിവ. 21-22 ബഡ്ജറ്റിലും ഇവ ആവർത്തിച്ചിരുന്നു. ഇവക്ക് ലക്ഷങ്ങൾ ചെലവഴിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ട് വർഷങ്ങളായി. ഇവ യാഥാർത്ഥ്യമാക്കുവാൻ നടപ്പുവർഷവും സാധിച്ചിട്ടില്ല. പദ്ധതികൾ നടപ്പാക്കാത്തതിനാൽ അവയ്ക്കായി

വകയിരുത്തിയ ഫണ്ടുകൾ ലാപ്സാകാൻ സാദ്ധ്യതയുള്ളതിനാൽ പദ്ധതികൾ പ്രാവർത്തികമാക്കാൻ ഊർജ്ജിത ശ്രമങ്ങൾ നടത്തേണ്ടതാണ്.

2021-22ലെ ബാലൻസ് ഷീറ്റ് അനുസരിച്ച് വിവിധ ശീർഷകങ്ങളിൽ നഗരസഭക്ക് കിട്ടാനുള്ളത് 15 കോടിയിലധികമാണ്. തനത് വരവാണ് ഈ തുക. ഈ തുക പിരിച്ചെടുത്താൽ സ്വപ്നപദ്ധതികൾക്ക് വേണ്ട തുകയുടെ വലിയൊരു ഭാഗമാകും.

വികസന പദ്ധതികൾക്കാവശ്യമായ വിഭവങ്ങൾ ഉണ്ടായിരിക്കെ അവ സമയത്ത് നടപ്പാക്കാൻ കഴിയാത്തത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ്. കാര്യനിർവ്വഹണ ഉദ്യോഗസ്ഥരുടെ സംയോജിത ഇടപെടലുകളിലൂടെ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.
(ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിക്കുന്നതിന് സെക്രട്ടറിക്ക് 17ചോദ്യങ്ങൾ ഉൾപ്പെടുത്തി വിവരാന്വേഷണം(ഓഡിറ്റ് അന്വേഷണം നം. 30/21-22, 3/11/2022) നല്കിയിരുന്നു. കൂടാതെ വലിയ പദ്ധതികൾ ഡിപിആറിൽ അവശേഷിക്കുന്നതിലും വിശദീകരണം തേടിയിരുന്നു (ഓഡിറ്റ് അന്വേഷണം54/21-22,16.12.22). രണ്ടിനും സെക്രട്ടറി നല്കിയ മറുപടി കൂടി പരിഗണിച്ചാണ് ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ കുറിച്ചുള്ള ഓഡിറ്റ് നിഗമനം തയ്യാറാക്കിയത്.)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ/ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.03.2021 മുതൽ 05.04.2021 വരെ | 2015-16 മുതൽ 2019-20 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2021 മുതൽ 04.03.2021 വരെ | 01.04.2018 മുതൽ 20.09.2020 വരെ | 03.11.2021 |

## 1-11 ഭരണപരമായ കാര്യക്ഷമത:നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നില്ല

നഗരസഭയുടെ ഭരണപരമായ കാര്യക്ഷമത ഉറപ്പാക്കുന്നതിനാണ് സർക്കാർ മുനിസിപ്പൽ നിയമവും ചട്ടങ്ങളും പുറപ്പെടുവിച്ചിരിക്കുന്നത്. നഗരഭരണത്തിൽ കാര്യക്ഷമത ഉണ്ടായോ എന്നത് പരിശോധിക്കുവാൻ 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 ഓഡിറ്റിനോട് ആവശ്യപ്പെടുന്നുണ്ട്. 2021-22 ഓഡിറ്റ് വർഷത്തിൽ നിയമവും ചട്ടങ്ങളും പാലിക്കുന്നതിൽ നഗരസഭ വരുത്തിയ വീഴ്ചകൾ താഴെ വിവരിക്കുന്നു.

*1) ദാരിദ്ര്യലഘൂകരണം:തനത് ഫണ്ട് ചെലവഴിക്കുന്നില്ല*

ദാരിദ്ര്യലഘൂകരണത്തിന് നഗരസഭ തനത്ഫണ്ട് ചെലവഴിക്കുന്നില്ല. മുനിസിപ്പൽ നിയമം 284 അനുസരിച്ച് റവന്യൂവരവിന്റെ 2% ദാരിദ്ര്യലഘൂകരണ ഫണ്ടായി ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ ഉൾപ്പെടുത്തി ചെലവഴിക്കണം.

2021-22 ബഡ്ജറ്റിൽ ദാരിദ്ര്യലഘൂകരണ ഫണ്ട് ഉൾപ്പെടുത്തിയതായി കാണുന്നില്ല. ബഡ്ജറ്റ് പ്രസ്താവന അനുസരിച്ച് നഗരസഭയുടെ ആ സാമ്പത്തികവർഷത്തെ ആകെ പ്രതീക്ഷിത റവന്യൂവരവ് 469074800 രൂപയാണ്. ഇതിന്റെ 2%-9381496 രൂപ ദാരിദ്ര്യലഘൂകരണത്തിന് വകയിരുത്തി നിർദേശങ്ങൾ ബഡ്ജറ്റിൽ വിവരിക്കേണ്ടതായിരുന്നു. 2021-22 വാർഷിക കണക്ക് അനുസരിച്ചും ദാരിദ്ര്യ ലഘൂകരണത്തിന് തനത്ഫണ്ട് ചെലവഴിച്ച് കാണുന്നില്ല.

ദാരിദ്ര്യ ലഘൂകരണത്തിന് 2021-22ബഡ്ജറ്റിൽ 17500000 രൂപ നീക്കിവെച്ചിട്ടുള്ളതാണെന്നും, 2021-22വാർഷിക ധനകാര്യപത്രിക അനുസരിച്ച് റവന്യൂവരവ് 110675802 രൂപയും അതിന്റെ 2 ശതമാനം 2213516 രൂപയുമാണെന്നും ദാരിദ്ര്യലഘൂകരണത്തിന് തുക ചെലവഴിച്ചിട്ടില്ലെന്നും എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണ(4/21-22,22.8.22)ത്തിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

മുനിസിപ്പൽനിയമം പാലിക്കാത്ത നഗരസഭ പശ്ചാത്തലമേഖലയിൽ റോഡ് സംരക്ഷണ ഗ്രാന്റ് ലക്ഷങ്ങൾ നഷ്ടപ്പെടുത്തി തനത് ഫണ്ട് ലക്ഷങ്ങൾ ചെലവഴിക്കുന്നു. 2021-22ൽ തനത് ഫണ്ട് 8835705രൂപയാണ് പശ്ചാത്തല മേഖലയിൽ ചെലവിട്ടത്.

ദാരിദ്ര്യലഘൂകരണത്തെ ഗൗരവമായി കണ്ട് നിയമലംഘനം ആവർത്തിക്കാതെ കൗൺസിൽ ശ്രദ്ധിക്കേണ്ടതാണ്.

*2)മുനിസിപ്പൽ ചട്ടം പാലിച്ചില്ല,പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല*

പൗരാവകാശ രേഖ പ്രസിദ്ധീകരിക്കാതെ നഗരസഭ കൗൺസിൽ മുനിസിപ്പൽ ചട്ടം ലംഘിച്ചു.

2000ലെ കേരള മുനിസിപ്പാലിറ്റി (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3,4 അനുസരിച്ച് പുതിയ കൗൺസിൽ അധികാരമേറ്റ് 6 മാസത്തിനുള്ളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കണം. പൗരന്മാർക്ക് നഗരസഭ നല്കുന്ന സേവനങ്ങളുടെ പരസ്യവിവരണമാണ് പൗരാവകാശരേഖ.

2020 ഡിസംബറിലെ തദ്ദേശതിരഞ്ഞെടുപ്പിനെ തുടർന്നാണ് പുതിയ കൗൺസിൽ അധികാരമേറ്റത്. 2021-22 ഓഡിറ്റിൽ പരിശോധിക്കുമ്പോഴും പൗരാവകാശരേഖ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. രേഖ പ്രസിദ്ധീകരിക്കാത്തതിനാൽ ചട്ടം 9 നിർദേശിക്കുന്ന പൗരാവകാശരേഖ പുതുക്കലും വിലയിരുത്തലും എന്ന നിയമബാധ്യതയും നഗരസഭ നിറവേറ്റിയിട്ടില്ല.

പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നല്കിയിട്ടില്ല. എന്നാൽ 2018-ൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച പൗരാവകാശരേഖ ഓഡിറ്റിന് ഹാജരാക്കി. പുതിയ കൗൺസിൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ലെന്നതിന് ഇത് തെളിവാണ്.

നഗരസഭ പൗരന് നല്കുന്ന സേവനങ്ങളുടെ ആധികാരിക രേഖയാണ് പൗരാവകാശരേഖ. എന്നതിനാൽ അത് ചട്ടം അനുശാസിക്കും പ്രകാരം സമയബന്ധിതമായി പ്രസിദ്ധീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

*3)അവശ്യ സ്ഥിതിവിവരങ്ങളില്ല,വരുമാനചോർച്ചക്ക് സാധ്യത*

നികുതിയും ഫീസുകളും ചുമത്താവുന്ന മേഖലകളെ കുറിച്ചുള്ള സ്ഥിതിവിവരങ്ങൾ നഗരസഭ ശേഖരിച്ച് സൂക്ഷിക്കുന്നില്ല. ഇതിനാൽ ലക്ഷങ്ങളുടെ വരുമാനചോർച്ച സംഭവിക്കുന്നു. വരുമാന ചോർച്ച മാത്രമല്ല മുനിസിപ്പൽ നിയമത്തിന്റെ ലംഘനം കൂടിയാണിത്.

കേരള മുനിസിപ്പാലിറ്റി നിയമം ഒന്നാം പട്ടിക അനുസരിച്ച് അവശ്യസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും കാലാനുസൃതമാക്കുകയും ചെയ്യുക എന്നത് നഗരസഭയുടെ പൊതുവായ ചുമതലകളിൽപെടുന്നതാണ്. എന്നാൽ നഗരത്തെകുറിച്ചുള്ള എല്ലാ അടിസ്ഥാനവിവരങ്ങളും നഗരസഭയിൽ ലഭ്യമല്ല.

നഗരത്തിലെ ഗാർഹിക, ഗാർഹികേതര നിർമ്മിതികൾ, വാണിജ്യവ്യാപാര വ്യവസായ സ്ഥാപനങ്ങൾ, ബാങ്കുകൾ, ധനകാര്യസ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, കോച്ചിംഗ് സെന്ററുകൾ, മറ്റ് സ്ഥാപനങ്ങൾ, നഗരസഭാ പ്രദേശത്ത് തൊഴിൽ ചെയ്യുന്ന പ്രോഫഷണലുകൾ എന്നിവയെകുറിച്ച് അടിസ്ഥാന വിവരശേഖരമില്ല. ഇവയിൽ ഒന്നിന്റേയും ആകെ എണ്ണം പോലും നഗരസഭയിൽ ലഭ്യമല്ല. കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻ ഫീസ് എന്നിവ ചുമത്താവുന്നതാണ് ഈ മേഖലകൾ. ഈ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരശേഖര മില്ലാത്തതിനാൽ നികുതി ചുമത്തി ഈടാക്കുന്നതിൽ വലിയ ചോർച്ച സംഭവിക്കുന്നു.

നഗരസഭക്ക് നികുതിയും ഫീസുകളും ചുമത്താവുന്ന അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുകയും അത് ഓരോ സാമ്പത്തികവർഷവും പരിഷ്കരിക്കേണ്ടതും വരുമാന ചോർച്ച ഒഴിവാക്കുവാൻ ആവശ്യമാണ്.

ഇതുപോലെ തന്നെ പ്രധാനമാണ് സ്വന്തം ആസ്തികളുടെ വിവരശേഖരവും. നഗരസഭയുടെ ആസ്തികൾ വിവരിക്കുന്ന ആസ്തിരജിസ്റ്റർ ഇല്ല. ഇതിനാൽ ആസ്തികൾ അന്യാധീനപ്പെടാനുള്ള സാധ്യത കൂടുന്നു. നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടക്ക് കൊടുക്കുന്നതോ കൊടുക്കാവുന്നതോ ആയ കടമുറികളെക്കുറിച്ചും അടിസ്ഥാന വിവരങ്ങൾ ഇല്ല. വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയില്ലാത്തതിനാലാണ് വിവരങ്ങൾ ഇല്ലെന്ന ഓഡിറ്റ് നിഗമനം.

ഈ വിഷയത്തിലേക്ക് കൗൺസിലിന്റേയും ധനകാര്യ സ്ഥിരം സമിതിയുടേയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. അടിസ്ഥാനവിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനൊപ്പം പകർപ്പ് ഓഡിറ്റിനും ലഭ്യമാക്കേണ്ടതാണ്.

## 1-12 പതിമൂന്നാം പദ്ധതി അവലോകനം

2017-18-ൽ തുടങ്ങിയ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൂർത്തീകരണ വർഷമാണ് 2021-22 സാമ്പത്തിക വർഷം. 2021-22ഓഡിറ്റിന്റെ ഭാഗമായി നടത്തിയ നഗരസഭയുടെ പതിമൂന്നാം പദ്ധതിയുടെ അവലോകനം താഴെ ചേർക്കുന്നു.

പതിമൂന്നാം പദ്ധതിക്കാലത്ത് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, സുലേഖ പദ്ധതി ചെലവ് പത്രിക, ഓഡിറ്റിന് ലഭ്യമായ നഗരസഭ രേഖകൾ എന്നിവ അടിസ്ഥാനമാക്കിയാണ് അവലോകനം.

സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കുന്നതിലെ വീഴ്ചയാണ് ഈ അവലോകനം വെളിപ്പെടുത്തുന്ന പ്രധാന വസ്തുത. സർക്കാർ ഗ്രാന്റുകളിൽ വികസന ഫണ്ട്,റോഡ് സംരക്ഷണ ഗ്രാന്റ് എന്നീ ശീർഷകങ്ങളിൽ മാത്രം 11.08 കോടി (110808543 രൂപ) യാണ് നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്.

പതിമൂന്നാം പദ്ധതിയുടെ അവസാന രണ്ട് വർഷം കോവിഡ് 19 മഹാമാരിയുടെ പിടിയിലായിരുന്നു എന്നത് സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിന് കാരണമല്ല. കോവിഡില്ലാതിരുന്ന പതിമൂന്നാം പദ്ധതിയുടെ ആദ്യ

രണ്ട് വർഷങ്ങളിൽ മാത്രം റോഡ് സംരക്ഷണ ഗ്രാന്റ് 1.51 കോടി നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി.

കോവിഡ് പതിമൂന്നാം പദ്ധതി പ്രവർത്തനങ്ങളെ വലിയതോതിൽ പരിമിതപ്പെടുത്തി എന്നത് വസ്തുതയാണ്. എന്നാൽ പ്രോജക്ടുകളുടെ പെരുപ്പം, നിർവഹണ കലണ്ടർ പാലിക്കാത്തത്, പ്രായോഗികതയില്ലാത്ത പ്രോജക്ടുകൾ, ജനപങ്കാളിത്തകുറവ്, സ്റ്റാന്റിംഗ് കമ്മറ്റികളും പ്രവർത്തന ഗ്രൂപ്പുകളും പ്രോജക്ട് ആസൂത്രണനിർവഹണത്തിൽ ക്രിയാത്മകമായി ഇടപെടാത്തത് എന്നീ കാര്യങ്ങൾ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവയെ പ്രതികൂലമായി ബാധിച്ചു. പതിനാലാം പദ്ധതിയിൽ അവ ആവർത്തിക്കാതിരിക്കാൻ കൗൺസിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

1) പ്രോജക്ടുകളിൽ പകുതി മാത്രം നടപ്പാക്കുന്നു

ഓരോവർഷവും അംഗീകാരം നേടുന്ന പ്രോജക്ടുകളിൽ പകുതിയാണ് നഗരസഭ നടപ്പാക്കുന്നത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ 2017-18 മുതൽ 2021-22 വരെ അഞ്ച് വർഷം നഗരസഭ 2372 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി. എന്നാൽ 1226 പ്രോജക്ടുകളാണ് നടപ്പാക്കിയത്. ശതമാനം 51.69 വിവരങ്ങൾക്ക് പട്ടിക -1 കാണുക.

പട്ടിക -1 പതിമൂന്നാം പദ്ധതി -ആവിഷ്കരിച്ച, നടപ്പാക്കിയ പ്രോജക്ടുകൾ

(അടിസ്ഥാനം മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ)

| വർഷം | ആവിഷ്കരിച്ചത് | നടപ്പാക്കിയത് | ശതമാനം |
|---|---|---|---|
| 2017-18 | 495 | 251 | 50.71 |
| 2018-19 | 533 | 234 | 43.90 |
| 2019-20 | 503 | 220 | 43.74 |
| 2020-21 | 509 | 328 | 64.44 |
| 2021-22 | 332 | 193 | 58.13 |
| ആകെ | 2372 | 1226 | 51.69 |

(ഭാഗികമായി നടപ്പാക്കിയ പ്രോജക്ടുകൾ ഉൾപ്പെടെയാണ് പട്ടികയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം കണക്കാക്കിയിരിക്കുന്നത്. ഓരോ പദ്ധതി വർഷവും പൂർണമായി നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം വളരെ കുറവാണ്.ഖണ്ഡിക 1-5കാണുക.)

നടപ്പാക്കിയ പ്രോജക്ടുകളിൽ പലതും ഒന്നിലധികം വർഷങ്ങളിൽ തുടർപദ്ധതികളായാണ് നിർവഹിച്ചത്. ചില പ്രോജക്ടുകൾ മൂന്ന് വർഷം സ്പിൽ ഓവറാക്കി നടപ്പാക്കാതെ ഉപേക്ഷിച്ചു. എഗ്രിമെന്റ് രജിസ്റ്റർ അനുസരിച്ച് 13-ാം പദ്ധതിക്കാലത്ത് കരാർവെച്ച ചില പ്രോജക്ടുകൾ ഇനിയും പൂർത്തിയായിട്ടില്ല. വാർഷിക കണക്ക് അനുസരിച്ച് കരാറുകാരിൽ നിന്ന് പിടിച്ച റിട്ടൻഷൻ തുക ലക്ഷങ്ങൾ തിരിച്ച് കൊടുക്കാനുണ്ട്. അതിനാൽ ചില പ്രോജക്ടുകളെങ്കിലും പാർട്ട് ബില്ലിൽ അവസാനിപ്പിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു (ഖണ്ഡിക 1-54 കാണുക). ഇതു രണ്ടും വികസനം നിഷേധം മാത്രമല്ല സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ നഷ്ടപ്പെടുവാനും കാരണമാകുന്നു.

പുതിയ പ്രോജക്ടുകൾ ആ വർഷം തന്നെ നടപ്പാക്കുന്നത് വളരെ കുറവാണെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. പ്രോജക്ടുകൾക്ക് നിർവ്വഹണ കലണ്ടർ തയ്യാറാക്കുന്നില്ല. വാർഷിക പ്രോജക്ടുകൾ ആ വർഷം തന്നെ നടപ്പാക്കണമെന്നതിൽ ജാഗ്രതയില്ല. ഇതിനാൽ സർക്കാർ നല്കിയ വിവിധ ഗ്രാന്റുകളിൽ കോടികളാണ് നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. നടപ്പാക്കാനാകുന്ന പ്രോജക്ടുകൾ മാത്രം ആവിഷ്കരിക്കുന്നതിലും അവ തുടർപ്രോജക്ടുകളാകാതെ നടപ്പാക്കുന്നതിലുമാണ് നഗരസഭയുടെ ആസൂത്രണപ്രക്രിയ ചലിക്കേണ്ടത്.

അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ആദർശങ്ങളിൽ ഒന്നായ നഗരത്തെ ഒറ്റ ഏകകമായി കണ്ട് പ്രോജക്ടുകൾ ആവിഷ്കരിക്കാത്തതിനാലാണ് പ്രോജക്ടുകളുടെ എണ്ണം പെരുകുന്നത്. വികസനത്തിന്റെ പേരിൽ ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വിന്യസിക്കുന്നതും നഗരത്തിന്റെ പൊതുതാല്പര്യങ്ങൾ അവഗണിക്കുന്നതിനാലുമാണ് പ്രോജക്ടുകൾ പെരുകുന്നത്. കാര്യക്ഷമമായി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാനാകും വിധം 14ാം പദ്ധതിയിൽ നഗരസഭയുടെ വികസന സമീപനത്തിൽ മാറ്റം വരുത്തേണ്ടതാണ്.

2)വികസന ഫണ്ട് 6.79 കോടി ചെലവഴിക്കാതെ നഷ്ടപ്പെടുത്തി

പതിമൂന്നാം പദ്ധതിയിൽ വികസനഫണ്ട് മൂന്ന് ശീർഷകങ്ങളിൽ 67930389 രൂപയാണ് നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. ഗുണഭോക്താക്കൾ കുറവായ ടിഎസ് പി വിഹിതം ഒഴിവാക്കിയാൽ പോലും നഷ്ടം 65570189 രൂപയാണ്.

2017-18ൽ സർക്കാർ നല്കിയ വികസനഫണ്ട് പൂർണമായി നഗരസഭ ചെലവഴിച്ചു. തുടർന്നുള്ള വർഷങ്ങളിൽ ആ മികവ് ആവർത്തിക്കാനായില്ല.

സർക്കാർ ഗ്രാന്റുകളിൽ വ്യക്തിഗത പൊതു ആസ്തികൾ സൃഷ്ടിക്കേണ്ടതാണ് വികസനഫണ്ട്. അത് ചെലവഴിക്കാതെ നഷ്ടപ്പെടുത്തുമ്പോൾ നഗരസഭയുടെ ആസ്തിനിർമ്മാണവും കുറയുന്നു.

പട്ടിക -2 പതിമൂന്നാം പദ്ധതി- നഷ്ടപ്പെടുത്തിയ വികസന ഫണ്ട്

(അവലംബം- മുൻ ഓഡിറ്റ് റിപ്പോർട്ടുകൾ)

| വർഷം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് എസ് സിപി | വികസനഫണ്ട് ടിഎസ് പി | ആകെ |
|---|---|---|---|---|
| 2018-19 | 9837707 | 4766878 | 731000 | 15335585 |
| 2019-20 | 20713818 | 7416933 | 930000 | 29060751 |
| 2020-21 | 3090328 | 3470083 | 622000 | 7182411 |
| 2021-22 | 9712951 | 6561491 | 77200 | 16351642 |
| ആകെ | 43354804 | 22215385 | 2360200 | 67930389 |

3)റോഡ് സംരക്ഷണ ഗ്രാന്റ് 4.28 കോടി നഷ്ടപ്പെടുത്തി

നഗരത്തിലെ റോഡുകളുടെ അറ്റകുറ്റ പണിക്ക് സർക്കാർ നല്കിയ ഗ്രാന്റിൽ 42878154 രൂപ നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തി. പതിമൂന്നാം പദ്ധതി കാലത്ത് റോഡ് സംരക്ഷണത്തിന് സർക്കാർ നഗരസഭക്ക് 150740945 രൂപ നല്കി. ഇതിൽ 107862791 രൂപ നഗരസഭ 240 പ്രോജക്ടുകൾക്ക് ചെലവഴിച്ചു. ബാക്കി 42878154 രൂപയാണ് നഷ്ടപ്പെടുത്തിയത്. നഷ്ടപ്പെടുത്തിയ തുകയുടെ വർഷം തിരിച്ച് വിവരം താഴെ പട്ടികയിൽ.

പട്ടിക -3 റോഡ് സംരക്ഷണ ഗ്രാന്റ് -നഷ്ടപ്പെടുത്തിയ തുക

(അവലംബം -നഗരസഭയുടെ 17-18മുതൽ 21-22വരെ ഏസിആർ)

| വർഷം | ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് | നടപ്പാക്കിയ പ്രോജക്ടുകൾ |
|---|---|---|
| 2017-18 | 8416296 | 46 |
| 2018-19 | 6683463 | 43 |
| 2019-20 | 14683668 | 42 |
| 2020-21 | 153852 | 65 |
| 2021-22 | 12940875 | 44 |
| ആകെ | 42878154 | 240 |

4)പശ്ചാത്തല മേഖലയിൽ ആസ്തിനിർമ്മാണം കുറവ്

പശ്ചാത്തലമേഖലയിൽ നഗരസഭ ചെലവഴിക്കുന്ന കോടികൾ ആസ്തികളാകുന്നില്ല. പതിമൂന്നാം പദ്ധതിയിൽ നഗരസഭ 38.23 കോടി ഈ മേഖലയിൽ ചെലവഴിച്ചു. തനത് ഫണ്ട്, സർക്കാർ ഫണ്ടുകൾ എന്നിവയിൽ നിന്നാണ് ചെലവ്. എടുത്തുകാട്ടാവുന്നതും വരുമാന സേവനദായകവുമായ ആസ്തികൾ വളരെ കുറവാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

പട്ടിക -4 പതിമൂന്നാം പദ്ധതി :പശ്ചാത്തല മേഖല: വർഷം,ചെലവ്

(അവലംബം-സുലേഖ പദ്ധതി ചെലവ് പത്രിക-2017-18--2021-22)

| വർഷം | മുനി.എഞ്ചിനിയർ | അസി.എഞ്ചിനിയർ | ആകെ |
|---|---|---|---|
| 2017-18 | 25522213 | 42716159 | 68238372 |
| 2018-19 | 0 | 69819636 | 69819636 |
| 2019-20 | 0 | 49240356 | 49240356 |
| 2020-21 | 8156632 | 127532282 | 135688914 |
| 2021-22 | 17994380 | 49753904 | 67748284 |
| ആകെ | 51673225 | 339062337 | 390735562 |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണ(18/21-22,06/10/2022) ത്തിന് സെക്രട്ടറിയുടെ മറുപടിയിൽ ഷീ ലോഡ്ജ്, കാഞ്ഞിരവേലി പാലം, അംഗനവാടി നിർമ്മാണം(നം.36), പൊതു ശൗചാലയങ്ങൾ, ഗവ.ഗേൾസ് സ്കൂളിൽ ശാസ്ത്രലാബ് എന്നിവയാണ് നഗരസഭ പതിമൂന്നാം പദ്ധതിയിൽ സൃഷ്ടിച്ച ആസ്തികളിൽ പ്രധാനപ്പെട്ടവ. ഇതിൽ ഷീ ലോഡ്ജും പൊതുശൗചാലയങ്ങളും പണിതീരാത്തതിനാൽ ഉപയോഗയോഗ്യമായിട്ടില്ല. ഇതുൾപ്പെടെ 29520124 രൂപയുടെ ആസ്തികൾ സൃഷ്ടിച്ചതായി സെക്രട്ടറി മറുപടിയിൽ വിവരിച്ചിട്ടുണ്ട്.

പശ്ചാത്തലമേഖലയിൽ ചെലവഴിച്ച തുകയിൽ വലിയൊരുഭാഗം റോഡ്/മറ്റ് ആസ്തികളുടെ അറ്റകുറ്റപണികൾക്കാണ്. അത് അംഗീകരിക്കുമ്പോഴും പശ്ചാത്തലമേഖലയിൽ സേവനവരുമാനദായക ആസ്തികളുടെ നിർമ്മാണത്തിന് കൂടുതൽ പ്രാധാന്യം നല്കേണ്ടതാണ്.

## 1-13 ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണം - ബിൽഡിംഗ് പെർമിറ്റ് കാലാവധി അവസാനിച്ച നിർമ്മാണത്തിന്മേൽ യഥാസമയം തുടർ നടപടികൾ സ്വീകരിച്ചില്ല.

ഫയൽ നം : BP -135 / 21-22

നഗരസഭ വാർഡ് 17-ൽ, കുറ്റപ്പുഴ വില്ലേജ്, ബ്ളോക്ക് നം 8, റീ സർവ്വേ 713/12 ൽ അന്ന ജോൺസൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽപ്പെട്ട വസ്തുവിൽ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി Summit Digital Infrastructure Pvt Limited എന്ന സ്ഥാപനം അപേക്ഷ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ BP -135 / 21-22 Dt : 11-11-21 നമ്പർ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു നൽകിയിട്ടുമുണ്ട്. പെർമിറ്റ് കാലാവധി 10-11-2022 വരെ ആയിരുന്നുവെങ്കിലും, നികുതി നിർണ്ണയം നടത്തുകയോ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. ടവർ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 49/14.12.22), ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം 10-01-2023 ൽ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുള്ളതായും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്കു നോട്ടീസ് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്.

പെർമിറ്റ് കാലാവധി അവസാനിച്ച നിർമ്മാണ പ്രവൃത്തികളിൽ യഥാസമയം അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി വിലയിരുത്തുന്നു. പെർമിറ്റ് കാലാവധിയ്ക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത കെട്ടിടങ്ങൾ സംബന്ധിച്ച് കൃത്യമായ മോണിട്ടറിംഗ് നടത്തി തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയത്തിലേക്കു കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 ടെണ്ടർ ഫോറം: സ്റ്റോക്കില്ല,വില്പന സുതാര്യമല്ല

പണമൂല്യമുള്ള ടെണ്ടർ ഫോറത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. എഞ്ചിനിയറിംഗ് വിഭാഗമാണ് ടെണ്ടർ ഫോറം ഏറെയും വില്ക്കുന്നത്. അവിടെ സ്റ്റോക്ക് രജിസ്റ്ററില്ല.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അച്ചടിച്ച ടെണ്ടർ ഫോറമാണ് വിറ്റത്. ഇന്റന്റ് നല്കി ടെണ്ടർ ഫോറം അച്ചടിപ്പിച്ചത് സെക്രട്ടറിയാണ്. സെക്രട്ടറിയും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഫോറം ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ രജിസ്റ്റർ അത്യാവശ്യമാണ്. ടെണ്ടർ ഫോറവില്പനയിൽ സ്റ്റോക്ക് രജിസ്റ്ററിലൂടെയാണ് ആഭ്യന്തര

നിയന്ത്രണം ഉറപ്പാക്കേണ്ടത്.

സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ട് സെക്രട്ടറി, അസി.എക്സി.എഞ്ചിനിയർ /അസി.എഞ്ചിനിയർ എന്നിവർക്ക് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (11/2021-22 തീയതി 23/09/2022 ) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് ടെണ്ടർ ഫോറം വില്പന രജിസ്റ്റർ അസി.എഞ്ചിനിയർ ഹാജരാക്കി. നിശ്ചിത മാതൃകയിലുള്ള രജിസ്റ്റർ അല്ല ഹാജരാക്കിയിട്ടുള്ളത്.

മരാമത്ത് പ്രോജക്ടുകളുടെ അടങ്കൽ അനുസരിച്ചാണ് ടെണ്ടർ ഫോറത്തിന്റെ വില. വില്പന രജിസ്റ്ററിൽ പ്രോജക്ട് നമ്പർ/ അടങ്കൽ എന്നിവയില്ല. തീയതി, കരാറുകാരുടെ പേര്, അവർ വാങ്ങിയ ടെണ്ടർ ഫോറങ്ങളുടെ ആകെ എണ്ണം, ഫോറങ്ങളുടെ ആകെ വില, ജി.എസ്.ടി. രസീത് നമ്പർ എന്നിവയാണുള്ളത്. ഒരു കരാറുകാരൻ ഏത് പ്രോജക്ടിനാണ് ഫോറം വാങ്ങിയത്, അടങ്കൽ അടിസ്ഥാനമാക്കി കൃത്യമായ വില ഫോറത്തിന് ഈടാക്കിയിട്ടുണ്ടോ എന്നിവ വ്യക്തമല്ല. ഈ വിവരങ്ങളില്ലാത്തതിനാൽ വില്പനയിൽ സുതാര്യതയില്ല. വില്പന സുതാര്യമല്ലാത്തതിനാൽ കരാറുകാർ ഫോറം ദുരുപയോഗം ചെയ്യുവാനും ടെണ്ടർ നടപടികളിൽ ഇടപെടാനും സാധ്യതയുണ്ട്.

പ്രോജക്ട് അടിസ്ഥാനത്തിൽ ടെണ്ടർ ഫോറത്തിന്റെ വില്പന രജിസ്റ്ററിൽ വിശദീകരിക്കാത്തതിനാൽ ഫോറം വാങ്ങിയ കരാറുകാർ എല്ലാവരും ടെണ്ടറിൽ പങ്കെടുത്തിട്ടുണ്ടോ, ഫോറം വാങ്ങിയവർ തന്നെയാണോ ടെണ്ടറിൽ പങ്കെടുത്തത്, ടെണ്ടർ നടപടികളിൽ നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്ന തരത്തിൽ മത്സരം നടന്നിട്ടുണ്ടോ എന്നിവ വ്യക്തമല്ല. സുതാര്യതയില്ലാത്ത രജിസ്റ്റർ ടെണ്ടർ ഫോറം വില്പന രജിസ്റ്ററായി അംഗീകരിക്കാനാവില്ല.

നഗരസഭയുടെ 2021-22 ലെ റസീറ്റ് &പേമെന്റ് പത്രിക (ശീർഷകം 150110101)യിൽ ടെണ്ടർ ഫോറം വിറ്റ് വരവ് 161332രൂപയാണ്. ഈ ഇനത്തിലെ വരവിന്റ ആധികാരികത ബോദ്ധ്യപ്പെടാൻ സ്റ്റോക്ക് രജിസ്റ്റർ, വില്പനരജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഫോറവില്പനയിൽ ആഭ്യന്തര നിയന്ത്രണം കൊണ്ടുവരുന്നതിന് വിഷയത്തിലേക്ക് കൗൺസിൽ/ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 നഗരസഭാ ആസ്തികൾ വിട്ടുനൽകുന്നതുമൂലം തനത് വരുമാനത്തിൽ കുറവ്

തിരുമൂലപുരം കന്നുകാലി ചന്തയുടെ 2022-23 വർഷത്തേക്ക് ആർ6-1400/22/24.2.2022 നോട്ടീസ് പ്രകാരം നടത്തിയ ലേലത്തിന്റെ ലേലത്തുക 110500/- രൂപയായി നിശ്ചയിച്ചുകാണുന്നു. ലേലത്തിൽ വരവ് ലഭിച്ചത് 115000/- രൂപയാണ്. ഈ ഇനം 2019-20 വർഷം 325000/- രൂപയ്ക്കും 2020-21 ൽ 175000/- രൂപയ്ക്കും 2021-22 വർഷം 105000/- രൂപയ്ക്കുമാണ് ലേലം കൊണ്ടിട്ടുള്ളത്. കോവിഡ് പ്രതിസന്ധി നിലനിന്നിരുന്ന പ്രത്യേക സാഹചര്യത്തിലാണ് 2019-20, 2020-21 വർഷങ്ങളിൽ മുൻവർഷത്തേതിനെ അപേക്ഷിച്ച് കുറഞ്ഞതുകയ്ക്ക് ലേലം നൽകാനിടയായിട്ടുള്ളത്.

എന്നാൽ 2022-23 വർഷത്തേക്ക് നടത്തിയ ലേലത്തിന് ലേലത്തുക നിശ്ചയിച്ചിരിക്കുന്നത് 2019-20 വർഷത്തെ അടിസ്ഥാനമാക്കാതെ കോവിഡ് പ്രതിസന്ധി കാലയളവിലെ വരവ് തുകയെ അടിസ്ഥാനമാക്കിയാണ്എന്നു കാണുന്നു. ഇക്കാരണത്താൽ 2022-23 വർഷത്തേക്കുള്ള വരവിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. 24.2.2022-ലെ ലേലനോട്ടീസിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റിനങ്ങളുടെ ലേലത്തുക നിശ്ചയിച്ചിട്ടുള്ളത് 2019-20 വർഷത്തെ ഈ ഇനങ്ങളിലെ വരവിനെ അടിസ്ഥാനപ്പെടുത്തിയാണ്. മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-43/1.12.22) ലഭ്യമാക്കിയ മറുപടിയിൽ കന്നുകാലി ചന്ത പ്രവർത്തിച്ചിരുന്ന സ്ഥലം കോടതി സമുച്ചയനിർമ്മാണത്തിനായി വിട്ടുനൽകിയ സ്ഥലത്ത് കോടതി സമുച്ചയവും വാട്ടർടാങ്ക് നിർമ്മാണവും നടക്കുന്നതിനാൽ ചന്ത നടത്തുന്നതിന് സ്ഥലം ലഭ്യമല്ലാത്ത സാഹചര്യമാണുള്ളതെന്ന് ആർ.ഐ റിപ്പോർട്ട് ചെയ്യുതായും സ്ഥലപരിമിതിയുള്ളതിനാൽ ലേലം വലിയ തുകയ്ക്ക് ആരും ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലാണ് തുക കുറച്ച് നോട്ടീസിൽ രേഖപ്പെടുത്തിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയുടെ കൈവശത്തിലുള്ള ഭൂമി മറ്റാവശ്യങ്ങൾക്ക് വിട്ടു നൽകിയത് നഗരസഭയ്ക്ക് വർഷാവർഷം നഷ്ടം ഉണ്ടാകുന്നതിന് കാരണമായി എന്നത് നഗരസഭയുടെ മറുപടിയിൽ തന്നെ വ്യക്തമാണ്. കോടതി സമുച്ചയ നിർമ്മാണത്തിനായി നഗരസഭ വിട്ടു നൽകിയ ഭൂമി ഒഴികെയുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തി സംരക്ഷിച്ച് ചന്തയുടെ പ്രവർത്തനത്തിന് ഉപയുക്തമാക്കേണ്ടതും തനത് വരുമാനചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-15-1 2022-23 വർഷത്തേക്കുള്ള ലേലം കുറഞ്ഞ നിരക്കിൽ ഏല്പിച്ചുനൽകി

ചുവടെ ചേർക്കുന്ന ഇനങ്ങൾ 2022-23 വർഷത്തേക്ക് ലേലം ഉറപ്പിച്ച് നൽകിയിട്ടുള്ളത് വളരെ കുറഞ്ഞ തുകയ്ക്കാണ്. ടി ഇനങ്ങളിലൂടെ 2019-20 മുതലുള്ള വർഷങ്ങളിൽ വരവ് വന്ന തുകയുടെ വിവരങ്ങൾ ഇപ്രകാരമാണ്.

| ഇനം | ലേലത്തുക | | | |
|---|---|---|---|---|
| | 19-20 | 20-21 | 21-22 | 22-23 |
| 1.അറവുശാല | 414473 | 250000 | 250000 | 150000 |

| | | | | |
|---|---|---|---|---|
| 2.പ്രൈവറ്റ് ബസ്റ്റാന്റ് | 779000 | | 275000 | 290000 |

1) അറവുശാല വരവ് 2019-20 വർഷം 414473/- രൂപയാണ്. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ പ്രത്യേക സാഹചര്യത്തിൽ 2020-21, 2021-22 വർഷത്തിൽ ടി ഇനത്തിൽ നിന്നുള്ള വരവ് ഗണ്യമായി കുറഞ്ഞു. എന്നാൽ 2022-23 വർഷത്തേക്ക് ലേലത്തുക നിശ്ചയിച്ചത് 443000/- രൂപയാണ്. ഈ തുക അടിസ്ഥാനമാക്കിക്കൊണ്ട് ലേലവും പുനർലേലവും നടത്തിയെങ്കിലും ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ ഓഫറിൽ ടി ഇനം 150000/- രൂപയ്ക്ക് ശ്രീ. ദിനേഷ് ശശി, പെരുമ്പള്ളിക്കാട്ടുമലയിൽ, തുകലശ്ശേരി എന്ന വ്യക്തിയ്ക്ക് നൽകി. 2019-20, 2020-21, 2021-22 വർഷങ്ങളിൽ ഈ ഇനം ലേലംകൊണ്ടത് ശ്രീ.ശശി, പെരുമ്പള്ളിക്കാട്ടുമലയിൽ, തുകലശ്ശേരി എന്ന വ്യക്തിയാണ്. കോവിഡ് പ്രതിസന്ധിയുടെ പ്രത്യേക സാഹചര്യത്തിൽ പോലും 250000/- രൂപ വരവ് ലഭിച്ച മേൽ ഇനം നിശ്ചയിച്ച ലേലത്തുകയുടെ പകുതിയേക്കാൾ കുറഞ്ഞ നിരക്കിൽ (150000/-) ഓഫറിൽ നൽകിയതുമൂലം നഷ്ടം ഉണ്ടായിട്ടുള്ളതാണ്. ലേലത്തുകയിൽ ഭീമമായ കുറവ് വന്ന സാഹചര്യത്തിൽ നേരിട്ട് പിരിവ് നടത്തുന്നതുൾപ്പെടെയുള്ള സമാന്തര സംവിധാനം ഏർപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-43/1.12.22) അറവുശാലയിലെ മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കിക്കൊള്ളാം എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ലേല നടപടികൾ കൈക്കൊണ്ടതെന്നും മുൻകാലങ്ങളിൽ 2 ശുചീകരണ തൊഴിലാളികളുടെ സേവനം ഇതിനായി ഉപയോഗിക്കേണ്ടി വന്നു എന്നും വിശദീകരിച്ചിട്ടുണ്ട്.

2) പ്രൈവറ്റ് ബസ്റ്റാന്റ് ലേല വരവ് 2019-20 വർഷം 779000/- രൂപയാണ്. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ പ്രത്യേക സാഹചര്യത്തിൽ 2020-21, 2021-22 വർഷത്തിൽ ടി ഇനത്തിൽ നിന്നുള്ള വരവ് ഗണ്യമായി കുറഞ്ഞു. എന്നാൽ 2022-23 വർഷത്തേക്ക് ലേലത്തുക നിശ്ചയിച്ചത് 858900/- രൂപയാണ്. ഈ തുക അടിസ്ഥാനമാക്കിക്കൊണ്ട് ലേലവും പുനർലേലവും നടത്തിയെങ്കിലും ലേലംകൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ ഓഫറിൽ ടി ഇനം 290000/- രൂപയ്ക്ക് ശ്രീ. ജിജിതോമസ്, മുളവേലിൽ, മഞ്ഞാടി എന്ന വ്യക്തിയ്ക്ക് നൽകി. 2019-20, 2021-22 വർഷങ്ങളിൽ ഈ ഇനം ലേലംകൊണ്ടത് യഥാക്രമം ശ്രീ.വർഗ്ഗീസ്, മുളവേലിൽ, മഞ്ഞാടി. ശ്രീമതി. മേഘമേരിവർഗ്ഗീസ്, മുളവേലിൽ, മഞ്ഞാടിയാണ്. ലേലനോട്ടീസ് പ്രകാരം ബസ് ഒന്നിന് 20/- രൂപ നിരക്കിൽ ഈടാക്കാവുന്നതാണ്. ദിനംപ്രതി 150 ൽ കുറയാത്ത എണ്ണം ബസുകൾ പാർക്ക് ചെയ്യുന്ന സ്റ്റാന്റിൽ കുറഞ്ഞത് 3000 രൂപ ദിനംപ്രതി വരവ് ഉണ്ടാകുന്നു. മേൽ ഇനം നിശ്ചയിച്ച ലേലത്തുകയുടെ പകുതിയേക്കാൾ കുറഞ്ഞ നിരക്കിൽ (290000/-) ഓഫറിൽ നൽകിയതുമൂലം നഷ്ടം ഉണ്ടായിട്ടുള്ളതാണ്. ലേലത്തുകയിൽ ഭീമമായ കുറവ് വന്ന സാഹചര്യത്തിൽ മേൽ ഇനത്തിലെ വരവ് നഷ്ടം കുറയ്ക്കാൻ മറ്റ് സമാന്തര സംവിധാനം ഏർപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-43/1.12.22) ബസുകളുടെ എണ്ണം കുറവായതിനാലാണ് ഇപ്രകാരം നൽകിയതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ ബന്ധപ്പെട്ട ഫയലിൽ തന്നെ ഇക്കാലയളവിൽ 150-ൽപരം ബസുകൾ പാർക്ക് ചെയ്തുവരുന്നതായുള്ള രേഖപ്പെടുത്തലുള്ള സാഹചര്യത്തിൽ മേൽ മറുപടി അംഗീകരിക്കത്തക്കതല്ല. കോവിഡ് മൂലമുണ്ടായ പ്രത്യക സാഹചര്യം മാറുകയും ജനജീവിതം സാധാരണനിലയിലാവുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മേൽ ഇനത്തിൽ നിന്നും നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്ന് ഉണ്ടാകേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൻമേൽ ക്ഷണിക്കുന്നു.

## 1-16 ആശുപത്രി കിയോസ്കുകളുടെ യൂസർഫീ - വരവുകളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിപാലിക്കുന്നതു സംബന്ധിച്ച്

ഫയൽ നം : H4-3821/2009, H2–2657/2007

14-09-2004-ലെ ജി.ഒ.(എം.എസ് )273/04/ത.സ്വ.ഭ.വ പ്രകാരം, ജനന/മരണങ്ങൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യുന്നതിനു ആശുപത്രി കിയോസ്കുകൾ സ്ഥാപിക്കുന്നതിനു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ പ്രധാന ആശുപത്രികളിൽ കിയോസ്കുകൾ ആരംഭിച്ചിട്ടുള്ളതുമാണ്. സ്വകാര്യ ആശുപത്രികൾ സ്വന്തം നിലയിലും, താലൂക്ക് ആശുപത്രിയിൽ നഗരസഭ നേരിട്ടും കിയോസ്കുകൾ നടത്തി വരുന്നു. കിയോസ്കുകളുടെ നടത്തിപ്പിലേക്കായി യൂസർ ഫീ നിശ്ചയിക്കുന്നതിനും ഈടാക്കുന്നതിനുമുള്ള അധികാരം നഗരസഭയിൽ നിക്ഷിപ്തമാണ്. തിരുവല്ല താലൂക്ക് ആശുപത്രിയിൽ 2013 മുതൽ കിയോസ്കക് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. 22-03-2013-ലെ തീരുമാനം നമ്പർ 16 പ്രകാരം താലൂക്ക് ആശുപത്രി കിയോസ്കിന്റെ യൂസർ ഫീ ഇനത്തിൽ 30 രൂപ ഈടാക്കുന്നതിനു കൗൺസിൽ തീരുമാനിച്ചിരുന്നു. എന്നാൽ ഓഡിറ്റ് കാലയളവിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനു മാത്രമാണ് യൂസർ ഫീ ഈടാക്കി വന്നിരുന്നത്. മരണം രജിസ്റ്റർ ചെയ്യുന്നതിനു യൂസർ ഫീ ഈടാക്കിയിരുന്നില്ല. ജനനം രജിസ്റ്റർ ചെയ്യുന്നതിനുള്ള യൂസർ ഫീ ഈടാക്കുമ്പോൾ രശീത് നൽകിയിരുന്നില്ല. പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല മെഡിക്കൽ മിഷൻ, ബിലീവേഴ്സ് ചർച്ച് ഹോസ്പിറ്റൽ എന്നീ സ്വകാര്യ ആശുപത്രികളിലും കിയോസ്കുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും 2017 ഏപ്രിൽ മുതൽ 100 രൂപയാണ് യൂസർ ഫീ ഈടാക്കി വന്നിരുന്നത്. യൂസർ ഫീ ഇനത്തിൽ കാലാനുസൃതമായ വർദ്ധനവും വരുത്തിയിരുന്നില്ല. ഓരോ ആശുപത്രി മുഖേനയും രജിസ്റ്റർ ചെയ്യപ്പെടുന്ന ജനന-മരണങ്ങളുടെ എണ്ണം, യൂസർ ഫീ

ഇനത്തിൽ ലഭിച്ച തുക, രശീത് നം/തീയതി എന്നീ വിവരങ്ങൾ ലഭ്യമാകുന്ന രേഖകൾ നഗരസഭ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം നൽകുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം 1/16-08-22 ) ലഭ്യമാക്കിയ മറുപടിയിൽ, താലൂക്ക് ആശുപത്രിയിലെ ജനന -മരണ രജിസ്ട്രേഷനുകൾക്കു 30 രൂപ വീതം യൂസർ ഫീ ഈടാക്കുന്നതിനും, രശീത് പ്രിന്റ് ചെയ്യുന്നതിനും, സ്വകാര്യ ആശുപത്രി കിയോസ്കുകളുടെ യൂസർ ഫീ 100 രൂപയിൽ നിന്നും 200 രൂപയായി ഉയർത്തുന്നതിനും കൗൺസിൽ തീരുമാനം എടുത്തിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിവിധ ആശുപത്രികൾ മുഖേന രജിസ്റ്റർ ചെയ്യപ്പെടുന്ന ജനന- മരണങ്ങളുടെ എണ്ണം, യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക, രശീത് നം / തീയതി എന്നീ വിവരങ്ങൾ ലഭ്യമാകുന്ന രേഖകൾ/രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കിയതായി മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല. യൂസർ ഫീ ഇനത്തിൽ ലഭിച്ച തുകകൾ സംബന്ധിച്ച് വ്യക്തമായ ചിത്രം ലഭിക്കുന്നതിനു പ്രസ്തുത രേഖകൾ/രജിസ്റ്ററുകൾ ആവശ്യമായി വരുന്നതാണ്. യൂസർ ഫീ ഇനത്തിലുള്ള വരവുകൾ സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 YMCA ജംഗ്ഷനിൽ നഗരസഭ വക സ്ഥലത്ത് പേ & പാർക്ക് വ്യവസ്ഥയിൽ വാഹന പാർക്കിംഗ് - പാർക്കിംഗ് ഫീസ് പിരിവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

ഫയൽ നം : R6-14088/ 2022

തിരുവല്ല ടൗൺ - YMCA ജംഗ്ഷനിൽ വാർഡ് 13, 14 എന്നിവയിൽ ഉൾപ്പെട്ട നഗരസഭ വക സ്ഥലത്ത് 01-08-2022 മുതൽ പേ&പാർക്ക് വ്യവസ്ഥയിൽ വാഹന പാർക്കിംഗ് ആരംഭിച്ചിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും, പുതിയ വരുമാനം കണ്ടെത്തുന്നതിനും ഈ സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്. പേ & പാർക്ക് സംവിധാനം സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പാർക്കിംഗ് ഫീസ് നിശ്ചയിച്ചിട്ടുള്ളത് 1 മണിക്കൂർ, 1 ദിവസം എന്നീ ക്രമത്തിലാണ്. എന്നാൽ 1 മണിക്കൂറിൽ കൂടുതൽ വരുന്നതും 1 ദിവസത്തിൽ കുറവു വരുന്നതുമായ പാർക്കിംഗ് സമയത്തിന് ഈടാക്കേണ്ട നിരക്ക് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു.

2) പാർക്കിംഗ് ഫീസ് പിരിവ് പ്രസ്തുത വാർഡുകളുടെ ചുമതലയുള്ള JHI ൽ നിക്ഷിപ്തമാക്കിയും, ആയതിലേക്കായി രശീത് ബുക്ക് അനുവദിച്ചും 30-07-2022 ൽ ഉത്തരവായിട്ടുള്ളതാണ്. JHI കണ്ടിജന്റ് ജീവനക്കാരുടെ സഹായത്തോടെ ഓരോ ദിവസത്തേയും കളക്ഷൻ എടുക്കണമെന്ന് ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കണ്ടിജന്റ് ജീവനക്കാരുടെ ചുമതല എന്താണെന്ന് ഉത്തരവിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.

3) പാർക്കിംഗ് ഫീസ് നിരക്കുകൾ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടില്ല.

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.6/25-08-22) ലഭ്യമാക്കിയ മറുപടിയിൽ, നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും, അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഈ രീതിയിൽ ഫീസ് സ്ട്രക്ചർ നിശ്ചയിച്ചിട്ടുള്ളതെന്നും, വരും വർഷങ്ങളിൽ ഫീസ് പിരിവ് ലേലം ചെയ്യുന്നതിനു തീരുമാനിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. പാർക്കിംഗ് ഫീസ് നിരക്കുകൾ സംബന്ധിച്ച അവ്യക്തത പരിഹരിച്ച് നിരക്കുകൾ രേഖപ്പെടുത്തിയ ബോർഡ് സ്ഥാപിക്കേണ്ടതും, ഫീസ് പിരിവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിലുള്ള ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിക്കേണ്ടതുമാണ്. ജീവനക്കാരെ നിയോഗിച്ചുള്ള ഫീസ് പിരിവ് ക്രമേണ ഒഴിവാക്കി പാർക്കിംഗ് ഫീസ് പിരിവിനുള്ള അവകാശം ലേലം ചെയ്തു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 തൊഴിൽ നികുതി അപാകതകൾ

1.കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 2005 ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നികുതി പിരിവിന്റെ വിശദാംശങ്ങൾ ഉൾപ്പെടെ എല്ലാ വിവരങ്ങളും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ നിലവിൽ ഇല്ല.

2. 1996 ലെ കേരള മുനിസിപ്പാലിറ്റി നിയമം (245 മുതൽ 250 വരെ) അനുശാസിക്കുന്നത് പ്രകാരം മുനിസിപ്പൽ പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാധ്യസ്ഥനാണ്. മുനിസിപ്പാലിറ്റിയിൽ നിന്നും പരിശോധനയ്ക്കായി ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2021-22 വർഷത്തെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയതിന്റെ രേഖകൾ

ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ( 51/15.12.2022) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | അർദ്ധവർഷം |
|---|---|---|---|
| 1 | ടാക്കിയോൺ എന്റർപ്രൈസസ് | 1 | II |
| 2 | പ്രസിഡന്റ് അയന ചാരിറ്റബിൾ ട്രസ്റ്റ്,തിരുവല്ല | 4 | I&II |
| 3 | പോസ്റ്റ് മാസ്റ്റർ , ചുമത്ര പോസ്റ്റ് ഓഫീസ് | 4 | I&II |
| 4 | മാനേജർ , ഡോറാ മൈക്രോ ഫിനാൻസ്,ചുമത്ര | 4 | II |
| 5 | ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, സബ് സെന്റർ, തിരുവല്ല | 4 | II |
| 6 | ലി റിവേ എന്റർപ്രൈസസ്, കറ്റോട് | 11 | I |
| 7 | ചിക്കൂസ് ഫ്രൈഡ് ചിക്കൻ, മഞ്ഞാടി | 12 | I |
| 8 | മാനേജർ, എച്ച്.ഡി.എഫ്.സി ലൈഫ് ഇൻഷ്വറൻസ് | 13 | I&II |
| 9 | പോസ്റ്റ്മാസ്റ്റർ,കുറ്റപ്പുഴ പോസ്റ്റ് ഓഫീസ് | 13 | II |
| 10 | മാനേജർ ഹോട്ടൽ റെഡ് വുഡ്, റെയിൽവേ സ്റ്റേഷൻ റോഡ്, തിരുവല്ല | 13 | II |
| 11 | സിം ടെക് ഫാഷൻ, ദീപ ടവർ , തിരുവല്ല | 13 | I&II |
| 12 | മനമേൽ ഫ്യുവൽസ്, തിരുവല്ല | 13 | II |
| 13 | ബീഡ്സ് എൻ ബോർഡേഴ്സ് | 13 | I&II |
| 14 | പ്രൊഫഷണൽ കൊറിയർ, തിരുവല്ല | 14 | I&II |
| 15 | മാനേജർ, ഹാൻഡ്ക്സ് ഷോറൂം, മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സ് | 14 | I |
| 16 | പോസ്റ്റ് മാസ്റ്റർ, പുഷ്പഗിരി പോസ്റ്റ്ഓഫീസ്, തിരുവല്ല | 14 | I&II |
| 17 | എ.ഐ.എച്ച്.എം.എസ്, ഹോമിയോപതി, തിരുവല്ല | 14 | I&II |
| 18 | ഡെന്റൽ ക്ലിനിക്, എസ്.സി.എസ്. ജംഗ്ഷൻ, തിരുവല്ല | 14 | I |
| 19 | ഹോട്ടൽ ഈറ്റൻ പാർക്ക് , തിരുവല്ല | 18 | I&II |
| 20 | ന്യൂ ഹൊറിസോൺ മൊസൈക്സ്, തിരുവല്ല | 20 | II |
| 21 | സാറാ സൂപ്പർ മാർക്കറ്റ്, | 20 | II |
| 22 | ബ്ലാക്ക് ഫോർട്ട് കഫേ ആന്റ് ഗ്രിൽ റെസ്റ്റോറന്റ്, തിരുവല്ല | 20 | I&II |
| 23 | പ്രൈസ് ലെസ് ഫാർമസി , തുകലശേരി | 20 | II |
| 24 | മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുമൂലപുരം | 21 | I&II |
| 25 | ഡി.വൈ.എസ്.പി, സിബിസിഐഡി, ഡിവൈ.എസ്.പി ഓഫീസ്, തിരുവല്ല (ഫിനാൻഷ്യൽ ക്രൈം സെക്ഷൻ) | 23 | II |
| 26 | ടെക്സ് ബുക്ക് ഡിപ്പോ, തിരുവല്ല | 23 | I&II |
| 27 | ടെലികോം മാനേജർ, ബി.എസ്.എൻ.എൽ, തിരുവല്ല | 23 | I&II |
| 28 | മാവേലി സ്റ്റോർ, തിരുവല്ല | 33 | I |
| 29 | ഡെയിലി നീഡ്സ്, തിരുവല്ല | 39 | |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-19 ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

നഗരസഭ പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയിൽ നിന്നും സർക്കാർ കാലാകാലങ്ങളിൽ ഇളവ് നൽകിയ വിഭാഗത്തിന്റെയൊഴികെ തൊഴിലിലോ കലയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ്. നഗരസഭയിൽ പ്രവർത്തിക്കുന്ന ചുവടെ കൊടുക്കുന്ന ഡ്രൈവിംഗ് സ്കൂളുകളിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഡ്രൈവിംഗ് സ്കൂളിന്റെ പേര് |
|---|---|
| 1 | അഭിരാമി ഡ്രൈവിംഗ് സ്കൂൾ |
| 2 | സാനിയ ഡ്രൈവിംഗ് സ്കൂൾ |

| | |
|---|---|
| 3 | ഹരിശ്രീ ഡ്രൈവിംഗ് സ്കൂൾ |

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം-61/21-22/22.1.23)

## 1-20 റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കുന്നില്ല

താലൂക്ക് സിവിൽ സപ്ലൈസ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം നഗരസഭ പരിധിയിൽ ചുവടെ ചേർത്തിട്ടുള്ള 28 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ടി റേഷൻകട നടത്തിപ്പുകാരിൽ നിന്നും തൊഴിൽ നികുതി/ ലൈസൻസ് ഫീ എന്നിവ ഈടാക്കിയതായി കാണുന്നില്ല. റേഷൻ കടകളിലെ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തി വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22.08.2019 ലെ നം. സി.എസ്.എ 9-764/2009 നമ്പർ ഉത്തരവ്). നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | എ.ആർ.ഡി. നം. | റേഷൻ വ്യാപാരികളുടെ പേരും മേൽ വിലാസവും |
|---|---|---|
| 1 | 1313062 | വി.സി. ജയചന്ദ്രൻ, വെള്ളയം പള്ളിൽ ഹൗസ്, മുത്തൂർ |
| 2 | 1313064 | അരവിന്ദ് എസ്. പണിക്കർ, പാലിപ്ര പുത്തൻ വീട്, കുറ്റപ്പുഴ, തിരുവല്ല |
| 3 | 1313063 | സാബു.എം, ഇലിമണ്ണിൽ പീടികയിൽ, ചുമത്ര, തിരുവല്ല. |
| 4 | 1313065 | വർക്കി ചെറിയാൻ, കാഞ്ഞിരക്കാട്ട് ഹൗസ്, മഞ്ഞാടി, തിരുവല്ല |
| 5 | 1313066 | ലാലമ്മ ബാബു, കാഞ്ഞിരക്കാട്ട് ഹൗസ്, മഞ്ഞാടി, തിരുവല്ല |
| 6 | 1313067 | രജനി സാബു, കാന്തശ്ശേരിൽ, കറ്റോട്, തിരുവല്ല |
| 7 | 1313069 | ജോഷ്വ മാത്യു, മനക്കൽ ഹൗസ്, കറ്റോട്, തിരുവല്ല |
| 8 | 1313071 | റെൻസി ബീഗം, കിഴക്കേക്കുറ്റ് ഹൗസ്, കുറ്റപ്പുഴ, തിരുവല്ല. |
| 9 | 1313072 | ചാക്കോ മാത്യു, ആശാരിയത്ത് മഠത്തിൽ, തിരുമൂലപുരം, തിരുവല്ല |
| 10 | 1313073 | മോളിതോമസ്, മണ്ണിൽ ഹൗസ്, മഞ്ഞാടി, തിരുവല്ല |
| 11 | 1313074 | സാബു.എം, മോളിക്കൽ കോട്ടയിൽ, ചുമത്ര, തിരുവല്ല |
| 12 | 1313076 | സിദ്ധാർത്ഥൻ, കിലാനപറമ്പിൽ, കാവുംഭാഗം |
| 13 | 1313077 | ഗോപാലകൃഷ്ണൻ നായർ, മംഗലശ്ശേരിൽ, അഴിയിടത്തുചിറ |
| 14 | 1313079 | സൻചന, കൊല്ലകുന്നിൽ, ഉകലശ്ശേരി |
| 15 | 1313082 | മായാ ബായി, കിലാനപറമ്പിൽ, കാവുംഭാഗം |
| 16 | 1313083 | ശ്രീദേവി. എച്ച്. നായർ, ഹരീഷ് നിവാസ്, കാവുംഭാഗം |
| 17 | 1313084 | ബിന്ദുജയപ്രകാശ്, നാറാനത്ത്, കാവുംഭാഗം |
| 18 | 1313085 | കെ.കെ. സോമശേഖരൻ പിള്ള, ആരാധന മന്നംകരിചിറ, കാവുംഭാഗം |
| 19 | 1313086 | വി.സി. ജയചന്ദ്രൻ, വെള്ളയം പള്ളിൽ ഹൗസ്, മുത്തൂർ |
| 20 | 1313087 | ജോജി തോമസ്, പീടികയിൽ, അഴിയിടത്തുചിറ |
| 21 | 1313088 | ജൂലി ജൂബി, പീടികയിൽ, ഉകലശ്ശേരി |
| 22 | 1313089 | രാജിരാജൻ, ആനക്കുഴിയിൽ, ഉകലശ്ശേരി |
| 23 | 1313090 | കെ.വി.വർഗ്ഗീസ് , കാഞ്ഞിരക്കാട്ട് ഹൗസ്, മഞ്ഞാടി |
| 24 | 1313092 | എസ്.ഗണേഷ്, രാഗവില്ല, മതിൽഭാഗം |
| 25 | 1313093 | നിഷ ജോൺ, തോപ്പിൽകളത്തിൽ, കറ്റൂക്കര, തിരുവല്ല |

| | | |
|---|---|---|
| 26 | 1313094 | ശ്രീജിത്ത് .എം.ആർ, മുപ്പിരയിൽ, തുകലശ്ശേരി |
| 27 | 1313068 | സൻജന, കൊല്ലകുന്നിൽ, തുകലശ്ശേരി |
| 28 | 1313075 | എം.പി. സന്തോഷ്, മോളിക്കൽ കൊട്ടാലിൽ, ചുമത്ര |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.57/2021-22/24.12.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻകട നടത്തിപ്പുകാരുടെ പ്രതിമാസ മിനിമം വേതനം 18000/-രൂപയായി സർക്കാർ നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ തൊഴിൽ നികുതി/ ലൈസൻസ് ഫീ എന്നിവ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരമുള്ള തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കേണ്ടതും, മുനിസിപ്പാലിറ്റിയുടെ അനുമതി കൂടാതെ ഒരു സ്ഥാപനവും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ലായെന്നത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-21 വാടക കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സുകളിലെ കടമുറികൾ, ബസ് സ്റ്റാന്റിലെ മുറികൾ എന്നിവയിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ തുക പിരിഞ്ഞുകിട്ടാനുണ്ട്. 2021-22 വർഷം കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കട മുറി നം | വാടകക്കാരന്റെ പേരും വിലാസവും | കടമുറിയുടെ വിവരം | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 18(1) | അലക്സ് ജോസഫ് പറമ്പത്ത് ഹൗസ് കിഴക്കുംമുറിയിൽ | തിരുമൂലപുരം ഷോപ്പിംഗ് കോംപ്ളക്സ് | 3/2021 മുതൽ4/2022 വരെ | 2112x12=25344 |
| 2. | 18(2) | അലക്സ് ജോസഫ് പറമ്പത്ത് ഹൗസ് കിഴക്കുംമുറിയിൽ | തിരുമൂലപുരം ഷോപ്പിംഗ് കോംപ്ളക്സ് | 3/2021 മുതൽ4/2022 വരെ | 2112x12=25344 |
| 3. | 14/350(6) | അനന്തുഗോപൻ ശ്രീ ഗോവിന്ദം കിഴക്കുംമുറികാവുംഭാഗം | തിരുമൂലപുരം ഗോഡൗൺ | 3/2021 മുതൽ 4/2022 വരെ | 1746x12=20952 |
| 4. | 14/370(1) | സന്തോഷ് കുന്നംപറമ്പിൽ സെക്രട്ടറി പ്രസ്സെന്റർ | പ്രൈവറ്റ് ബസ്സ്റ്റാന്റ് | 3/2021 മുതൽ 4/2022 വരെ | 670x12=8040 |
| 5. | 14/858(4) | ചന്ദ്രലാൽ മാനേജിംഗ് ഡയറക്ടർ ശ്രീ വല്ലഭ ഡിസൈനേഴ്സ് | കുട്ടികളുടെ പാർക്ക് | 3/2021 മുതൽ 4/2022 വരെ | 4200x12=50400 |
| 6. | 366/3 | ശ്രീകാന്ത് ഇടത്തണ്ണിൽ കാവുംഭാഗം | സുവർണ്ണജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് ഫസ്റ്റ് ഫ്ലോർ | 3/2021 മുതൽ 4/2022 വരെ | 6391x12=76692 |
| 7. | 366/6 | സിജി തോമസ് തൈപ്പറമ്പിൽ കുറ്റപ്പുഴ | സുവർണ്ണജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് ഫസ്റ്റ് ഫ്ലോർ | 3/2021 മുതൽ 4/2022 വരെ | 6391x12=76692 |
| 8. | 366/11 | വി.പി.രഘു വരുപ്പുഴ വളഞ്ഞവട്ടം | സുവർണ്ണജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് ഫസ്റ്റ് ഫ്ലോർ | 3/2021 മുതൽ 4/2022 വരെ | 6946x12=83352 |
| 9. | 14/856 | സൂസൻ ജിജി | വനിതഷോപ്പിംഗ് കോംപ്ലക്സ് | 3/2021 മുതൽ4/2022 വരെ | 7826x12=93912 |

| | | | | | |
|---|---|---|---|---|---|
| 10. | 14/858(2) | ആലീസ് രാജു കൈനിക്കര മുത്തൂർ.പി.ഒ | വനിതഷോപ്പിംഗ് കോംപ്ലക്സ് | 11/2021 മതൽ 4/2022 വരെ | 7826x5=39130 |
| 11. | 33/290 | ജയകുമാർ ഷേണായി പൂവക്കാട്ട് ജയവിഹാർ കാവുംഭാഗം | രാമപുരം ഷെഡ്ഡിന് എതിർവശം | 3/2021 മുതൽ4/2022 വരെ | 1683x12=20196 |
| 12 | 33/455 | അഷ്റഫ് .റ്റി.എ താഴത്തെവീട് കുറ്റപ്പുവ. പി.ഒ | രാമപുരം ഷോപ്പ് പുതിയകെട്ടിടം | 3/2021 മുതൽ4/2022 വരെ | 6181x12=74172 |
| | | ആകെ | | 594226 | |

2021-22ൽ നഗരസഭയ്ക്ക് 594226/-രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. കുടിശിക സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-35/2021-22 തീയതി 16.11.2022) ലഭ്യമാക്കിയ മറുപടിയിൽ കുടിശികകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക തുക പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 ലേലതുക പൂർണ്ണമായി ഒടുക്കവരുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷത്തേക്ക് നഗരസഭയുടെ ഉടമസ്ഥതയിലുള്ള മാട്ടിറച്ചി സ്റ്റാൾ, മഞ്ഞാടി പബ്ലിക് മാർക്കറ്റിലെ ഫീസ് പിരിവ്, പ്രൈവറ്റ് ബസ്സ്റ്റാന്റ് ഫീസ് പിരിവ് തുടങ്ങിയവയുടെ കുത്തകപ്പാട്ടം ലേലം നടത്തിയിട്ടുള്ളതാണ്. എന്നാൽ കുത്തകപ്പാട്ട രജിസ്റ്റർ, ലേല ഫയൽ എന്നിവ പരിശോധിച്ചതിൽ ലേലത്തുക പൂർണ്ണമായി ഒടുക്ക് വരുത്തിയിട്ടില്ല എന്ന് കണ്ടെത്തി. ലേലത്തിൽ പങ്കെടുത്ത് കുത്തകപ്പാട്ടം നടത്തിപ്പ് ചുമതല ഏറ്റെടുത്തിരുന്ന കരാറുകാർ ഒടുക്കേണ്ടിയിരുന്ന ലേലതുകയുടെ മൂന്നിൽ രണ്ടിലേറെ ഭാഗം കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ഇനവിവരം | കരാർഏറ്റെടുത്ത വ്യക്തിയുടെ പേരും വിലാസവും | ലേലത്തുക | ഇ.എം.ഡി | ആകെ അടച്ചതുക | ഇ.എം.ഡി കഴിച്ച് അടയ്ക്കാൻബാക്കി നിൽക്കുന്നതുക |
|---|---|---|---|---|---|---|
| 1 | ആട്ടിറച്ചി /മാട്ടിറച്ചി സ്റ്റാൾ | റെജി ജോസഫ്, താനവേലിൽ , തിരുവല്ല | 205000 | | 102500 | 102500+ജി.എസ്.ടി, പിഴപ്പലിശ |
| 2 | മഞ്ഞാടി പബ്ലിക് മാർക്കറ്റ് ഫീസ് പിരിവ് | ഡെറിൻ.റ്റി.വില്യം | 46000 | | 25350 | 20650+ജി.എസ്.ടി, പിഴപ്പലിശ |
| 3. | പ്രൈവറ്റ് ബസ് സ്റ്റാന്റ് ഫീസ് | മേഘ മേരി വർഗ്ഗീസ് | 275000 | | 126034 | 148966+ജി.എസ്.ടി, പിഴപ്പലിശ |

| | | | | | | |
|---|---|---|---|---|---|---|
| | പിരിവ് | | | | | |

ലേല വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തെ കുത്തകപ്പാട്ട തുകയുടെ ആദ്യ ഗഡു ഒടുക്കുവരുത്തിയ ശേഷം ബാക്കി തുക മൂന്ന് തുല്യഗഡുക്കളായി ഒരു ഗഡു 2021 മേയ് 31 നകവും മറ്റൊരുഗഡു 2021 ജൂലൈ 31 നകവും ബാക്കി സംഖ്യ സെപ്റ്റംബർ 30-ാം തീയതിയ്ക്കകവും അടയ്ക്കേണ്ടതായിരുന്നു. എന്നാൽ കുത്തകപ്പാട്ടതുക ഈടാക്കുവാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ആയതിനാൽ പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന കുത്തകതുക വരവ് നഷ്ടമായി ഓഡിറ്റിൽ കണക്കാക്കുന്നു. ഈ തുക പലിശ സഹിതം കുത്തകപ്പാട്ടകാരിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട ജീവനക്കാരുടെ ബാദ്ധ്യതയായി കണക്കാക്കി നഷ്ടതുക ഭരണതല നടപടികളിലൂടെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 സ്റ്റേഡിയം വാടക – തുക ഒടുക്കുവാൻ അവശേഷിക്കുന്നു.

ഫയൽ നം. R6-5814/202

നഗരസഭ വക മുനിസിപ്പൽ സ്റ്റേഡിയം ഗ്രൗണ്ടിൽ മേജർ രവീസ് ട്രെയിനിംഗ് അക്കാദമി അനധികൃതമായി കുട്ടികൾക്ക് പ്രീറിക്രൂട്ട്മെന്റ് ട്രെയിനിംഗ് നടത്തുന്നതായി ഫയലിൽ സൂചിപ്പിച്ചിട്ടുണ്ട്. വാടക സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 14.03.2021 മുതൽ നഗരസഭയുടെ അനുമതിയില്ലാതെയാണ് സ്റ്റേഡിയം ഉപയോഗിച്ചിട്ടുള്ളത്. നഗരസഭ കൗൺസിലിന്റെ 13.09.2021-ലെ 15-ാം നമ്പർ തീരുമാനപ്രകാരം, മാനേജർ മേജർ രവീസ് ട്രെയിനിംഗ് അക്കാദമി തിരുവല്ലയുടെ അപേക്ഷ പരിഗണിച്ച് കായിക പരിശീലനം നടത്തുന്നതിന് വ്യാഴം, ശനി, ഞായർ എന്നീ ദിവസങ്ങളിൽ രാവിലെ 7.30 മുതൽ 9.30 വരെ സ്റ്റേഡിയത്തിന്റെ ട്രാക്കിന്റെ ഉൾവശം ഒഴികെയുള്ള ഭാഗം പ്രതിദിനം 500/- രൂപ നിരക്കിൽ വാടക ഈടാക്കി അനുവദിക്കുന്നതിനും അനുമതി ഇല്ലാതെ ഉപയോഗിച്ച ദിവസങ്ങളിലെ പ്രതിദിന വാടക 50% പിഴയോടുകൂടി ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ നഗരസഭയുടെ അനുമതിയില്ലാതെ സ്റ്റേഡിയം ഉപയോഗിച്ചുവന്ന 14.03.2021 മുതൽ ആഴ്ചയിൽ 4 ദിവസത്തേക്ക് വാടകയായി 2000/- രൂപയും ആയതിന്റെ 50% പിഴയും ഈടാക്കേണ്ടതാണ്.

നഗരസഭ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം വാടകയ്ക്ക് നൽകുന്നതിന് നിലവിലുള്ള ബൈലാ പ്രകാരം സ്റ്റേഡിയം വാടകയ്ക്ക് നൽകുമ്പോൾ അപേക്ഷ അംഗീകരിച്ച തീയതി മുതൽ തന്നെ ലഭിക്കേണ്ട മുഴുവൻ വാടകയും അപേക്ഷകനിൽ നിന്ന് ഈടാക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ ലംഘിച്ചതായി കാണുന്നു. ഇപ്രകാരം ഉള്ള വീഴ്ച മൂലം വാടകയിനത്തിൽ യഥാസമയം ലഭിക്കേണ്ട തുക നഗരസഭയ്ക്ക് ലഭിക്കാതെ വരുന്നു. തുക ഒടുക്കിയതിന്റെ രേഖകൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണം നം.66/17.01.2022 ന് ലഭ്യമാക്കിയ മറുപടിയിൽ തുക ഒന്നും അടവാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമല്ലാത്തതിനാൽ അനധികൃതമായി സ്റ്റേഡിയം എത്ര കാലയളവിൽ ഉപയോഗിച്ചുവെന്ന് വ്യക്തമല്ല. സ്റ്റേഡിയം അനധികൃതമായി ഉപയോഗിച്ച ദിവസങ്ങൾ പരിശോധിച്ച് വാടക തുക കണക്കാക്കി പിഴ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ആംബുലൻസ് വാടക നഗരസഭയിൽ യഥാസമയം ഒടുക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാടക ഇനത്തിൽ ഈടാക്കിയ തുക നഗരസഭയിൽ ഒടുക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ആംബുലൻസിന്റെ ലോഗ്ബുക്കിലെ രേഖപ്പെടുത്തലുകളും നഗരസഭയിൽ വാടക ഒടുക്കിയതിന്റെ രസീതും പരിശോധിച്ചതിൽ നിന്നും കാലതാമസം വ്യക്തമാണ്. നഗരസഭ കൗൺസിലിന്റെ 31/12/2021-ലെ 25-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബൈലോയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള വാടക നിരക്കിൽ 15.01.2022 മുതൽ പൊതുജനങ്ങൾക്ക് കെ.എൽ.27.കെ.6155 നമ്പർ ആംബുലൻസിന്റെ സേവനം ലഭ്യമാണ്.

| തീയതി | വാടക ഇനത്തിലെ തുക | നഗരസഭയിൽ ഒടുക്കിയ തുക/തീയതി |
|---|---|---|
| 15.01.2022 | 300 | 4380 /05-02-2022 |
| 18.01.2022 | 1980 | |
| 25.01.2022 | 1730 | |
| 26.01.2022 | 370 | |

| | | |
|---|---|---|
| ആകെ | 4380 | |
| 01.02.2022 | 1550 | 13550/08.06.2022 |
| 02.02.2022 | 750 | |
| 03.02.2022 | 500 | |
| 04.02.2022 | 1800 | |
| 23.02.2022 | 1000 | |
| 27.02.2022 | 500 | |
| 07.03.2022 | 500 | |
| 07.03.2022 | 1850 | |
| 07.03.2022 | 500 | |
| 28.03.2022 | 1500 | |
| 07.04.2022 | 1800 | |
| 26.04.2022 | 250 | |
| 27.05.2022 | 1550 | |
| ആകെ | 14050 | |
| 06.06.2022 | 250 | 13040/07.01.2023 |
| 06.06.2022 | 500 | |
| 07.06.2022 | 1550 | |
| 10.06.2022 | 500 | |
| 11.06.2022 | 500 | |
| 25.06.2022 | 3000 | |
| 29.06.2022 | 500 | |
| 09.07.2022 | 250 | |
| 10.07.2022 | 250 | |
| 04.08.2022 | 500 | |
| 09.08.2022 | 860 | |
| 20.08.2022 | 1580 | |
| 30.09.2022 | 500 | |
| 09.10.2022 | 1800 | |
| ആകെ | 12540 | |
| 16.10.2022 | 1800 | 5760/07.01.2023 |
| 09.11.2022 | 620 | |
| 18.11.2022 | 500 | |
| 20.12.2022 | 1800 | |
| 27.12.2022 | 1040 | |
| ആകെ | 5760 | |

വാടകയിനത്തിലെ തുക അതത് ദിവസമോ തൊട്ടടുത്ത ദിവസമോ അടവാക്കേണ്ടിയിരുന്നു. തുക അടവാക്കാൻ താൽക്കാലിക ജീവനക്കാരനായ ഡ്രൈവർ മാസങ്ങളോളം കാലതാമസം വരുത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട സെക്ഷനും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-67/2021-22 തീയതി 23.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ തുക കൈവശം വച്ചത് താൽക്കാലിക പണാപഹരണമായി കണക്കാക്കി ഉത്തരവാദിയായ ജീവനക്കാരനെതിരെ യാതൊരു അച്ചടക്ക നടപടിയും നഗരസഭ എടുത്തിട്ടില്ല. അപാകതയ്ക്ക് മതിയായ വിശദീകരണവും ഭാവിയിൽ ഇത്തരം സംഗതികൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

കൂടാതെ മേൽ പട്ടിക പരിശോധിക്കുമ്പോൾ ആംബുലൻസിന്റെ വാടകയിനത്തിൽ ലഭിക്കുന്ന തുക വളരെ

കുറവാണെന്നു കാണാം. നിലവിൽ നഗരസഭാ പരിസരത്തായാണ് ആംബുലൻസ് പാർക്ക് ചെയ്യുന്നത്. മിതമായ നിരക്കിൽ ആംബുലൻസ് സേവനം കൂടുതൽ രോഗികൾക്ക് ലഭ്യമാകുന്ന തരത്തിൽ വാടക സംബന്ധിച്ച് നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും ആംബുലൻസ് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുകയും ചെയ്താൽ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കും. വാടക വരവ് സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തുന്നതും ഉചിതമായിരിക്കും. ഈ വിഷയത്തിലേക്ക് കൗൺസിലിന്റെ പ്രത്യക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ബി.എസ്.എൽ. എൽ- കെട്ടിടങ്ങളുടെ വസ്തു നികുതി വർഷങ്ങളായി കുടിശിക

സഞ്ചയ ഓൺലൈൻ ടാക്സ് പേയ്മെന്റ് വെബ്സൈറ്റിലെ വിവരങ്ങൾ പരിശോധിച്ചതിൽ പ്രകാരം ബി.എസ്.എൻ.എൽ-ന്റെ ഉടമസ്ഥതയിലുള്ള താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി വർഷങ്ങളായി കുടിശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥത | നികുതി കുടിശിക കാലയളവ് | ആകെ ഡിമാന്റ് തുക | പിഴപലിശ | ആകെ തുക |
|---|---|---|---|---|---|---|
| 1 | 23/54 | ജനറൽ മാനേജർ | 2014-15 മുതൽ 2022-23 വരെ | 2551723 | 991030 | 3542753 |
| 2 | 23/81 | ടെലകോം ഡിസ്ട്രിക്ട് എഞ്ചിനീയർ | 2016-17 മുതൽ 2022-23 വരെ | 253575 | 81900 | 335475 |
| 3 | 23/85 | ഡിവിഷണൽ എഞ്ചിനീയർ | 2016-17 മുതൽ 2022-23 വരെ | 211316 | 68250 | 279566 |
| 4 | 23/86 | സെൻട്രൽ ടെലഗ്രാഫ് ഓഫീസ് | 2016-17 മുതൽ 2022-23 വരെ | 79695 | 25740 | 105435 |
| | | ആകെ | | 3096309 | 1166920 | 4263229 |

നികുതി ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.69/2021-22 തീയതി 25.01.2023) ലഭ്യമാക്കിയ മറുപടിയിൽ 20.01.2023-ൽ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. കുടിശിക സഹിതം നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-26 കണക്ക് കൃത്യമല്ല,കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ളത് കോടികൾ

കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് നഗരസഭക്ക് കിട്ടാനുള്ളത് കോടികൾ. കണക്കുകൾ കൃത്യമല്ലാത്തതിനാൽ കിട്ടേണ്ട തുകയ്ക്ക് വ്യക്തതയില്ല. ബാലൻസ്ഷീറ്റ് അനുസരിച്ച് 14.55കോടി ഈ ഇനത്തിൽ കിട്ടാൻ ശേഷിക്കുന്നു. കൗൺസിൽ തീരുമാനമനുസരിച്ച് 10.69 കോടിയും. രണ്ട് കണക്കുകൾ തമ്മിൽ 38.64 ലക്ഷത്തിന്റെ വ്യതാസമുണ്ടെങ്കിലും കിട്ടാനുള്ളത് ഭീമമായ തുകയാണ്.

വിരമിച്ച ജീവനക്കാർക്ക് നഗരസഭ തനത് ഫണ്ടിൽ നിന്ന് കൊടുത്ത പെൻഷനാണ് കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്ന് കിട്ടാനുള്ള കോടികൾ. നഗരകാര്യ ഡയറക്ടറാണ് കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് തുക നല്കുന്നത്. ജീവനക്കാരുടെ ശബളത്തിന്റെ 15% മാസ വരിസംഖ്യ ഈടാക്കിയാണ് കേന്ദ്രപെൻഷൻ ഫണ്ട് നിലനിർത്തിയിരിക്കുന്നത്.

2022മാർച്ച് 31-ലെ നഗരസഭയുടെ ബാലൻസ് ഷീറ്റ് അനുസരിച്ച് കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും കിട്ടാനുള്ളത് 145508137 രൂപയായിരുന്നു. എന്നാൽ 19.05.2022 ലെ കൗൺസിൽ അംഗീകരിച്ച തീരുമാനത്തിൽ കിട്ടാനുള്ളത് 106871971 രൂപയാണ്. വ്യത്യാസം 38636166രൂപ. വ്യത്യാസത്തിന് വിശദീകരണം തേടിയ ഓഡിറ്റ് അന്വേഷണത്തിന് (13/21-22/ 29.09.2022) 2022-23 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുമ്പോൾ വ്യത്യാസം പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കുമെന്നാണ് സെക്രട്ടറി മറുപടി നല്കിയത്.

2022മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് കൗൺസിൽ അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച ശേഷം കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്ന് തുക ലഭിച്ചിട്ടില്ല. ഏറ്റവും ഒടുവിൽ കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും നഗരസഭക്ക് അലോട്ട്മെന്റ്

ലഭിച്ചത് 25.11.2021-നായിരുന്നു. അന്ന് ലഭിച്ചത് 17018843രൂപ. ഈ അലോട്ട്മെന്റുകൂടി വരവ് വെച്ചശേഷമാണ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയത്. അതിന് ശേഷം അലോട്ട്മെന്റ് ലഭിച്ചിട്ടില്ലാത്തതിനാൽ 38636166 രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. വ്യത്യാസം വിശദീകരിക്കേണ്ടതും തനത്ഫണ്ട് നഷ്ടപ്പെട്ടിട്ടില്ലെന്ന് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. ഗൗരവമായ പരിശോധനക്ക് ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

വിരമിച്ച നഗരസഭ ജീവനക്കാരുടെ പെൻഷനും കുടുംബപെൻഷനും നൽകേണ്ടത് കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നാണെന്ന് 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ പെൻഷന് നഗരസഭയുടെ തനത്ഫണ്ട് വകമാറ്റുന്നത് ചട്ടലംഘനമാണ്. കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും സമയത്ത് അലോട്ട്മെന്റ് ലഭിക്കുന്നില്ല. പെൻഷൻ മുടങ്ങരുതെന്ന സദുദ്ദേശത്താലാണ് തനത് ഫണ്ടിൽ നിന്നും പെൻഷൻ വിതരണം ചെയ്യുന്നത്. പെൻഷൻ ഇടപാടുകളുടെ കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്ത് കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് വാങ്ങി ക്രമീകരിക്കേണ്ടത് നഗരസഭയുടെ ഉത്തരവാദിത്തമാണ്. തനത്ഫണ്ട് നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പാക്കാൻ അത്തരം ആഭ്യന്തരനിയന്ത്രണം ആവശ്യമാണ്. അത് ഉണ്ടായില്ലെന്ന് കണക്കുകളിലെ വ്യത്യാസം തെളിയിക്കുന്നു.

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്)ചട്ടങ്ങളിലെ ചട്ടം 10 ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ സേവിംഗ്സ് അക്കൗണ്ട് തുടങ്ങാൻ നഗരസഭയോട് നിർദേശിക്കുന്നുണ്ട്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കുന്ന തുക ഇതിൽ ഒടുക്കണം. അതിൽ നിന്ന് പെൻഷൻ വിതരണം ചെയ്യണം.

നഗരസഭക്ക് മുനിസിപ്പൽ പെൻഷൻഫണ്ട് അക്കൗണ്ടില്ല. കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്ന് കിട്ടുന്ന തുക തനത് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. തനത് ഫണ്ടിൽ നിന്നും നല്കുന്ന പെൻഷനും കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റുകളും മുൻസിപ്പൽ പെൻഷൻ ഫണ്ട് വഴിയായാൽ കണക്കുകൾ കൃത്യമാകും. ഖണ്ഡികയുടെ തുടക്കത്തിൽ വ്യക്തമാക്കിയ കണക്കിലെ വ്യത്യാസം ഉണ്ടാകില്ല.

തനത് ഫണ്ടിൽ നിന്ന് നഗരസഭ വിതരണം ചെയ്യുന്ന പെൻഷൻ ആദ്യം മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതും കേന്ദ്രപെൻഷൻ ഫണ്ടിൽ നിന്ന് കിട്ടുന്ന തുക അവിടെ നിക്ഷേപിച്ച് തനത് ഫണ്ടിലേക്ക് ക്രമീകരിക്കുന്നതും പെൻഷൻ ഇടപാടുകളിൽ ശരിയായ ആഭ്യന്തര നിയന്ത്രണം കൊണ്ടുവരും. വിഷയം ധനകാര്യ സ്ഥിരം സമിതിയുടെ പരിഗണനക്ക് സമർപ്പിക്കുന്നു.

## 1-27 ശബരിമല ഗ്രാന്റ് ചെലവഴിക്കുന്നില്ല,45.5ലക്ഷം തനത് നിക്ഷേപമായി

ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യം ഒരുക്കുവാൻ സർക്കാർ നല്കുന്ന ഗ്രാന്റ് നഗരസഭ ചെലവഴിക്കുന്നില്ല. ബാലൻസ് ഷീറ്റ് അനുസരിച്ച് മുൻവർഷം ലഭിച്ചതുൾപ്പെടെ ഗ്രാന്റിൽ 4549600 രൂപ ചെലവഴിക്കാൻ ബാക്കി നില്ക്കുന്നു. തുക നഗരസഭയുടെ തനത് ഫണ്ടിൽ നിക്ഷേപമായി കിടക്കുന്നു. 2021-22ൽ 10 ലക്ഷം രൂപയാണ് സർക്കാർ ഗ്രാന്റ് നല്കിയത്.

ശബരിമല തീർത്ഥാടകരുടെ ഇടത്താവളമായി തിരുവല്ലയെ പരിഗണിച്ചാണ് സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി സർക്കാർ നഗരസഭക്ക് എല്ലാ തീർത്ഥാടന വർഷങ്ങളിലും ഗ്രാന്റ് നല്കുന്നത്. ബഡ്ജറ്റ് വിഹിതമായതിനാൽ അനുവദിക്കുന്ന വർഷം തന്നെ ചെലവഴിക്കേണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ശുചീകരണത്തിനും ഗ്രാന്റ് ചെലവിടാൻ അനുവാദമുണ്ട്.

ഗ്രാന്റിന്റെ വിനിയോഗസാക്ഷ്യപത്രം സർക്കാരിന് നല്കണമെന്നും വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കണമെന്നും ഗ്രാന്റ് അനുവാദ ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ഗ്രാന്റിന്റെ കണക്കുകൾ പ്രത്യേകം തയ്യാറാക്കി നഗരസഭ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വാർഷകകണക്കിലെ പൊതുവിവരണം മാത്രമാണ് ഓഡിറ്റിന് ലഭ്യമാകുന്നത്. ഇതിൽ നിന്നും സർക്കാർ നിർദേശപ്രകാരമാണോ ഗ്രാന്റ് ചെലവഴിക്കുന്നതെന്ന് വ്യക്തമല്ല. വിനിയോഗ സാക്ഷ്യപത്രം സർക്കാരിന് സമർപ്പിക്കാറുണ്ടോ എന്നും വ്യക്തമല്ല.

വിനിയോഗ സാക്ഷ്യപത്രങ്ങളും വരവ്-ചെലവ് കണക്കുകളും ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണ (75/21-22,28/02/2023) ത്തിന് മറുപടി ലഭിച്ചില്ല.

വാർഷികമായി ചെലവഴിക്കേണ്ട ഗ്രാന്റ് ചെലവഴിക്കാതെ തനത് നിക്ഷേപമാക്കി നിലനിർത്തുന്നതിനാൽ ഗ്രാന്റിന്റെ ഉദ്ദേശലക്ഷ്യങ്ങൾ നിറവേറാതെ പോകുന്നു. അതിനാൽ നഗരസഭക്ക് ഈ ഗ്രാന്റ് ആവശ്യമുണ്ടോ എന്നത് പരിശോധിക്കുവാൻ ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

1-28 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുക പദ്ധതി കാലാവധി പൂർത്തിയായിട്ടും അക്കൗണ്ട് ചെയ്യാതെ നിഷ്ക്രിയമായി കിടക്കുന്നു,ആധികാരികമല്ലാത്ത ഇടപാടുകൾ നടത്തി- അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടെയും ചെയർപേഴ്സണിന്റേയും പേരിൽ കേന്ദ്രപദ്ധതികൾക്കായി ആരംഭിച്ച പല അക്കൗണ്ടുകളിലും പദ്ധതി അവസാനിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും നീക്കിയിരിപ്പായി തുക ശേഷിക്കുന്നതായും മേൽ നീക്കിയിരിപ്പ് തുകകൾ അതാത് അക്കൗണ്ടിൽ തിരിച്ചടച്ച് അക്കൗണ്ട് ക്ലോസ് ചെയ്യാനും മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നുവെങ്കിലും മേൽ നിർദ്ദേശം പാലിക്കാത്തതിനാൽ ഇടപാടുകളില്ലാതെ മേൽ അക്കൗണ്ടുകൾ നിഷ്ക്രിയമായി ശേഷിക്കുന്നു. നിലവിൽ ഇടപാടുകൾ നടത്താത്തതിനാൽ ഈ അക്കൗണ്ടുകളുടെ വിവരം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കുകയോ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ മേൽ അക്കൗണ്ടുകൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. അവയിൽ ചില അക്കൗണ്ടുകളിൽ നിന്നും ഇടപാടുകളില്ലാത്തതിനാൽ ബാങ്ക് തന്നെ ബാലൻസ് തുക തിരിച്ചെടുത്തതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1). NSDP, വാംബെ സ്കീമുകൾ നിർത്തലാക്കി വർഷങ്ങൾ കഴിഞ്ഞിട്ടും അക്കൗണ്ട് ക്ലോസ് ചെയ്യാതെ തുടരുന്നു. നീക്കിയിരിപ്പ് നഷ്ടപ്പെടുന്ന അവസ്ഥ.

| അക്കൗണ്ടിന്റെ വിവരം | അക്കൗണ്ട് നം | 31.10.22ലെ നീക്കിയിരിപ്പ് | റിമാർക്ക്സ് |
|---|---|---|---|
| NSDP (കാനറാബാങ്ക്) | 1982101012499 | 594 | പദ്ധതി 2005-06 കാലഘട്ടത്തിൽ അവസാനിപ്പിച്ചിട്ടുള്ളതാണ്. 15.11.2017ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുക 381258/- രൂപ RBI DEAF അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തുകാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതും ഫണ്ടിനുണ്ടായ നഷ്ടം നികത്താൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. |
| വാംബെ (സിൻഡിക്കേറ്റ് ബാങ്ക്-കാനറാബാങ്ക്) | 41032010044078 | 219643.31 | 1)പദ്ധതികാലയളവ് വർഷങ്ങൾക്ക് മുൻപ് അവസാനിച്ചിട്ടും 2015-16 മുതൽ 2017-18 കാലയളവിനിടയിൽ 30000/- രൂപ മേൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ചതായി കാണുന്നു. ഇതിൽ 15000/- രൂപ പണമായാണ് പിൻവലിച്ചിട്ടുള്ളത്. ഏത് ആവശ്യത്തിലേക്കാണ് തുക പിൻവലിച്ചതെന്ന് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. നിലവിൽ 219643.31 രൂപ അക്കൗണ്ടിൽ ശേഷിക്കുന്നു. |

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-44/221-22/1.12.22 ) ന് NSDP അക്കൗണ്ട് പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വാംബെ അക്കൗണ്ടിലെ ഇടപാടുകൾ ബോദ്ധ്യപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയവ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

2)ഓറിയന്റൽ ബാങ്ക് ഓഫ് കോമേഴ്സിൽ മെമ്പർസെക്രട്ടറിയുടേയും ചെയർപേഴ്സണിന്റേയും പേരിലുള്ള അക്കൗണ്ട് നം.05762041000696 ൽ നീക്കിയിരിപ്പുണ്ടായിരുന്ന 436740/- രൂപ Cash Withdrawal At Branch ആയി പിൻവലിച്ചിട്ടുണ്ട്. ഏതാവശ്യത്തിനാണ് തുക പിൻവലിച്ചതെന്ന് വ്യക്തമല്ല. നിലവിൽ ടി അക്കൗണ്ടിൽ 1736/- രൂപ ശേഷിക്കുന്നു. മേൽ അക്കൗണ്ടിൽനിന്നും പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന യുടെ പ്രീമിയം പുതുക്കുന്നതിനായി 2015 മുതൽ പ്രതിവർഷം 12/- രൂപ നിരക്കിലും 25.6.2022 -ൽ 20/- രൂപയും കുറവുവരുത്തിക്കാണുന്നു. മേൽ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ നഗരസഭയുടെ ഔദ്യോഗികാവശ്യത്തിനായി നിലനിൽക്കുന്ന ബാങ്ക് അക്കൗണ്ട് ഉൾപ്പെടില്ല. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-44/221-22/1.12.22 ) 436740/- രൂപ SJSRY സ്റ്റേറ്റ്മിഷനിൽ ഒടുക്കുന്നതിനായി പിൻവലിച്ചതാണെന്നും സ്റ്റേറ്റ്മിഷനിൽ ഒടുക്കിയ രേഖകൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് മിഷന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചു. മേൽ അക്കൗണ്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൻമേൽ തുടർനടപടി അടിയന്തിരമായി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. നഗരസഭയ്ക്ക് മേൽ ഇടപാടുകൾ മുഖേന നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം മേലന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-29 ഖരമാലിന്യ നിർമ്മാർജ്ജനം-റൂൾ നടപ്പാക്കാത്തതിനാൽ നഗരസഭയ്ക്ക് 9 ലക്ഷം രൂപ പിഴയിനത്തിൽ ബാദ്ധ്യത

ഫയൽ നം-H6-11095/21

നഗരസഭയിലെ മാലിന്യസംസ്കരണപ്രവർത്തനങ്ങൾ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ 2016 നടപ്പാക്കാത്തതിന്റ പേരിൽ 1.4.20 മുതൽ 21.12.20വരെ Environment Compensation എന്ന നിലയിൽ പ്രതിമാസം 1ലക്ഷം എന്ന നിരക്കിൽ 9 ലക്ഷം രൂപ പിഴ ഇനത്തിൽ ഒടുക്കുവരുത്തുവാൻ നിർദ്ദേശിച്ചുകൊണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡിന്റെ ചെയർമാൻ 12.7.21 ലെ PCB/HO/Rules/SWM.PTA/18 നം ആയി ഷോകോസ് നോട്ടീസ് നൽകി. 39 വാർഡുകളിലായി 41604 ജനസംഖ്യയുള്ള നഗരസഭയിൽ 19150 വീടുകളും 3873 വ്യാപാരസ്ഥാപനങ്ങളുമാണുള്ളത്. ഇതിൽ താമസിക്കുന്ന വീടുകൾ 16100 ആണ് കൂടാതെ 605 ഓഫീസുകളും 13 ഫ്ലാറ്റുകളും 5 ബാർ ഹോട്ടലുകളും(1 ഫൈവ്സ്റ്റാർ ഹോട്ടലുമുൾപ്പെടെ 22 ഹോട്ടലുകളും പ്രവർത്തിക്കുന്നു. ഇവയിൽ നിന്ന് 11.563 ടൺ മാലിന്യം സംസ്കരിക്കേണ്ടതായിവരുന്നു എന്നതാണ് ഫയൽ പ്രകാരമുള്ള കണക്കുകൾ. 28.2.2019 മുതൽ ഹരിതകർമ്മ സേനയുടെ സഹായത്താൽ 100 ശതമാനം വാതിൽപ്പടി സേവനം ലഭ്യമാക്കുന്നുണ്ടെന്നും അതുവഴി ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്നും ആയത് നേരിട്ട് പരിശോധന നടത്തി ബോദ്ധ്യപ്പെടണമെന്നും 5.4.22 ലെ -H6-11095/21പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് 22.8.22 ൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്തിയതിൽ 12 ഉന്മൂർമൊഴികൾ പ്രവർത്തനരഹിതമാണെന്ന് റിപ്പോർട്ട് ചെയ്തു (19.9.22 ലെ PCB/PTA/MSW/1/01).നഗരസഭ സ്വീകരിച്ചിട്ടുള്ള മാലിന്യ നിർമ്മാർജ്ജനപ്രവർത്തനങ്ങളിലെ പാളിച്ചകൾ മൂലമാണ് 9 ലക്ഷം രൂപ ബാദ്ധ്യതയായിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയത്തിൻ മേലുള്ള തുടർനടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-30 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണപ്പെട്ടവരെ യഥാസമയം ഒഴിവാക്കുന്നതിൽ വീഴ്ച

സാമൂഹ്യ സുരക്ഷാപെൻഷൻ പോർട്ടലിലെ വിവരങ്ങൾ, നഗരസഭയിൽ നിന്നും വാർദ്ധക്യകാല പെൻഷൻ വാങ്ങുന്നവരുടെ ആക്ടീവ് പെൻഷനേഴ്സ് ലിസ്റ്റ്, നഗരസഭയിലെ 2021-22 വർഷത്തെ മരണറിപ്പോർട്ട് എന്നിവ പരിശോധിച്ചതിൻ പ്രകാരം പല ഗുണഭോക്താക്കളും മരണപ്പെട്ടതിൻ ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക ക്രഡിറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെൻഷൻ യഥാസമയം റദ്ദ് ചെയ്യാത്തത് മൂലം സർക്കാർ ഫണ്ടിൽ നിന്നും 7 ലക്ഷത്തിലധികം രൂപ അനർഹമായി നൽകിയിട്ടുണ്ട്. മരണപ്പെട്ട വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പെൻഷനർ ഐ.ഡി. | പേര് മേൽവിലാസം | മരണം നടന്ന തീയതി | ടി തീയതിയ്ക്ക് ശേഷം ബാങ്ക് അക്കൗണ്ടിൽ പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടുള്ള കാലയളവ് | തുക |
|---|---|---|---|---|---|
| 1 | 101790201197 | ബാബു പി.വി, 22/147, പടിഞ്ഞാറേപീടികയിൽ, തുകലശ്ശേരി | 02.04.2021 | 05/2021 – 11/2022 (19X1600) | 30400 |
| 2 | 101790200050 | ജാനകി, 16/319, തേവരുമലയിൽ, തിരുമൂലപുരം | 21.03.2021 | 04/2021–09/2021 (5X1600) | 8000 |
| 3 | 101790202352 | പി. ഗോപാലകൃഷ്ണൻ, 32/186, മുക്കാട്ട് വടക്കേതിൽ, കാവുംഭാഗം.പി.ഒ. | 08.05.2021 | 06/2021 – 11/2022 (18X1600) | 28800 |
| 4 | 101790203565 | ഖാലിദ്കുഞ്ഞ് മുസല്യാർ, 2/294, ചുമത്ര താഴ്ചയിൽ, ചുമത്ര | 10.05.2021 | 06/2021 – 11/2022 (18X1600) | 28800 |
| 5 | 101790201525 | ദാമോധരൻ, 31/256, ആര്യാട്ടുഉണ്ടിയിൽ, മന്നൻകരചിറ | 09.05.2021 | 06/2021 – 11/2022 (18X1600) | 28800 |
| 6 | 101790201736 | അമ്മിണിഅമ്മ, 30/243, വേണാട് വീട് അഴിയിടത്തുചിറ | 08.05.2021 | 06/2021 – 11/2022 (18X1600) | 28800 |
| 7 | 101790200573 | ശാമുവേൽ തോമസ്, 4/97, തകിടിയിൽ, കുറ്റപ്പുഴ പി.ഒ. | 15.06.2021 | 07/2021 – 11/2022 (17X1600) | 27200 |
| 8 | 101790201509 | ദാസ് എ.എൺ, 3/420, ഗ്രേസ് വിലാസ്, കുറ്റപ്പുഴ | 16.06.2021 | 07/2021 – 11/2022 (17X1600) | 27200 |
| 9 | 101790202124 | രാമചന്ദ്രൻ. കെ.വി, 2/193, ബിന്ദുഭവൻ, ചുമത്ര | 30.06.2021 | 07/2021 – 11/2022 (17X1600) | 27200 |

| | | | | | |
|---|---|---|---|---|---|
| 10 | 101790202574 | മോഹൻദാസ്, 25/52, കോയിക്കൽ ഹൗസ്, തുകലശ്ശേരി | 23.04.2021 | 05/2021 – 11/2022 (19X1600) | 30400 |
| 11 | 101790201659 | സാറാമ്മ തോമസ്, 2/118, പരുത്തിമൂട്ടിൽ, ചുമത്ര.പി.ഒ. | 07.07.2021 | 08/2021 – 11/2022 (16X1600) | 25600 |
| 12 | 101790203575 | കുഞ്ഞുമോൻകുട്ടി, പേഴൂർ, തുകലശ്ശേറി | 03.08.2021 | 09/2021 – 11/2022 (15X1600) | 24000 |
| 13 | 101790203042 | വിജയ ജി നായർ, 10/40, കുടത്തിങ്കൽ, ആമല്ലൂർ | 15.06.2021 | 07/2021 – 11/2022 (17X1600) | 27200 |
| 14 | 101790203572 | ജഗന്നാഥൻ കെ.ഐ. 28/507, കീച്ചേരിൽ, കാവുംഭാഗം | 29.07.2021 | 08/2021 – 11/2022 (16X1600) | 25600 |
| 15 | 101790203606 | ഏലിയാമ്മ, 26/153, തലയണക്കാട്ട് പുത്തൻപുരയിൽ, കാവുംഭാഗം | 08.08.2021 | 09/2021 – 08/2022 (12X1600) | 19200 |
| 16 | 101790200763 | റ്റി.കെ. ചെല്ലപ്പൻ, 28/361, കാട്ടൂക്കര, തിരുവല്ല | 03.08.2021 | 09/2021 – 11/2022 (15X1600) | 24000 |
| 17 | 101790202916 | കുഞ്ഞുമോൾ തങ്കപ്പൻ, 1/256, ചാലാക്കേരിയിൽ, മുത്തൂർ | 24.08.2021 | 09/2021 – 11/2022 (15X1600) | 24000 |
| 18 | 101790201725 | കുഞ്ഞമ്മ മാത്യൂ, 28/54, ചിറ്റേട്ട് വീട്, പാലിയേക്കര വടക്ക് | 31.08.2021 | 09/2021 – 11/2022 (15X1600) | 24000 |
| 19 | 101790201697 | കമലമ്മ സി.കെ, 32/93, ചൂരക്കുന്നത്ത് വീച്, പാലിയേക്കര വടക്ക് | 29.09.2021 | 10/2021 – 11/2022 (14X1600) | 22400 |
| 20 | 101790200632 | പൊന്നമ്മ എം.ജി, 31/169, സന്തോഷ് ഭവൻ, മന്നൻകരചിറ, തിരുവല്ല | 09.10.2021 | 11/2021 – 11/2022 (13X1600) | 20800 |
| 21 | 101790202947 | അന്നമ്മ മത്തായി, 6/220, പുറമത്ത് ഹൗസ്, കുറ്റപ്പുഴ | 08.10.2021 | 11/2021 – 08/2022 (10X1600) | 16000 |
| 22 | 101790201052 | പുരുഷോത്തമൻ പി.കെ, 26/304, കുന്നിക്കോട്ട്, കാവുംഭാഗം | 21.08.2021 | 09/2021 – 11/2022 (14X1600) | 22400 |
| 23 | 101790201063 | വി.സി. മത്തായി, 1/163, ഇടത്തിട്ടയിൽ മേരി ഭവൻ, മുത്തൂർ പി.ഒ. | 09.10.2021 | 10/2021 – 11/2022 (14X1600) | 22400 |
| 24 | 101790202757 | എസ് നാഗരത്തമ്മാൾ, 31/16, ശ്രീഭവൻ, മന്നൻകരച്ചിറ | 08.10.2021 | 11/2021 – 11/2022 (13X1600) | 20800 |
| 25 | 101790202256 | വാസുദേവൻപിള്ള എൻ, 25/73, ഓടയ്ക്കൽ, മതിൽഭാഗം | 28.10.2021 | 11/2021 – 11/2022 (13X1600) | 20800 |
| 26 | 101790201844 | പി.കെ. പാപ്പൻ, 35/474, ഒടിപ്പാടത്തുവലിയകളത്തിൽ, കാട്ടൂക്കര | 17.10.2021 | 11/2021 – 11/2022 (13X1600) | 20800 |
| 27 | 101790200086 | ഈശ്വരിയമ്മ, ചുട്ടിയിൽ കിഴക്കേതിൽ, കാവുംഭാഗം | 30.11.2021 | 12/2021 – 11/2022 (12X1600) | 19200 |
| 28 | 101790202879 | രാധമ്മ സി, 25/45, കിഴക്കേടത്ത്, മതിൽഭാഗം | 17.03.2021 | 04/2021 – 11/2022 (19X1600) | 30400 |
| 29 | 101790202789 | തോമസ് ഇ.റ്റി, 13/693, ഇരട്ടപ്ലാമൂട്ടിൽ, തീപ്പനി | 31.12.2021 | 01/2022-11/2022 (11X1600) | 17600 |
| 30 | 101790200815 | തങ്കമ്മ ജി, 35/258, മറ്റത്തായിൽ, | 23.01.2022 | 02/2022 – 11/2022 | 16000 |

| | | | | | |
|---|---|---|---|---|---|
| | | കാട്ടൂക്കര | | (10X1600) | |
| 31 | 101790200702 | കെ.എം. കുര്യൻ, കിഴക്കേതിൽ, മഞ്ഞാടി | 10.12.2021 | 01/2022-11/2022 (11X1600) | 17600 |
| 32 | 101790200180 | തങ്കമ്മ എം, 25/99, മഠത്തുംപറമ്പിൽ വീട്, അഴിയിടത്തുചിറ | 07.02.2022 | 03/2022-11/2022 (9*1600) | 14400 |
| | | | | ആകെ | 740800 |

2021-22 വർഷത്തെ മരണറിപ്പോർട്ടിന്റെയും വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താക്കളുടെ വിവരത്തിന്റെയും അടിസ്ഥാനത്തിലുള്ള തുകയാണ് മുകളിൽ ചേർത്തിരിക്കുന്നത്. മറ്റ് ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ വിവരവും മരണറിപ്പോർട്ടുകളും പരിശോധിച്ച് ഇത്തരം സംഗതികൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. 23.09.2020ലെ സ.ഉ. (എം.എസ്.) നം 97/2020/ ധന ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മരണപ്പെടുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൗൺസിലിന്റെയും ക്ഷേമകാര്യ സ്ഥിരം സമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

ഓഡിറ്റ് ഇംപാക്ട്

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-72/2021-22 തീയതി 01.02.2023) ലഭ്യമാക്കിയ മറുപടിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി പെൻഷനുകൾ റദ്ദു ചെയ്തിട്ടുള്ളതും അനർഹമായി അനുവദിച്ച തുകകൾ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനായി 08.02.2023-ൽ ജി5-22515/16 നമ്പരായി കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ക്രമ നം-1-ലെ 30400 രൂപ തിരികെ ഒടുക്കിയിട്ടുള്ളതും ബാക്കി തുക തിരികെ ഒടുക്കി വിവരം ലഭ്യമാക്കുമെന്നും അറിയിച്ചിട്ടുണ്ട്.

## 1-31 നിർത്തലാക്കിയ സിഎഫ്എൽറ്റിസി ലേലം ചെയ്ത് മുതൽകൂട്ടിയില്ല

കോവിഡ് 19 പ്രതിരോധത്തിന് നഗരസഭ നിർമ്മിച്ച കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ (സി.എഫ്.എൽ.റ്റി.സി) ഉപയോഗശേഷം ലേലം ചെയ്ത് തനത് ഫണ്ടിൽ മുതൽ കൂട്ടിയില്ല.

സർക്കാർ നിർദ്ദേശത്തെ തുടർന്ന് 2021 മേയിലാണ് തിരുവല്ല മാർത്തോമ കോളേജ് ഹോസ്റ്റൽ സിഎഫ്എൽറ്റിസിയാക്കിയത്. തനത് ഫണ്ടിൽ നിന്നും ഇതിന് നികുതികൾ ഉൾപ്പടെ 274617രൂപ ചെലവഴിച്ചു (ഫയൽനം.ഇ1/911/2021/സിഎഫ്എൽറ്റിസി).

അടിയന്തര സാഹചര്യം പരിഗണിച്ച് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിൽ സർക്കാർ ഇളവ് നല്കിയിരുന്നു. അതിനാൽ പ്രോജക്ടില്ലാതെ അസി.എഞ്ചിനിയർ എസ്റ്റിമേറ്റ് തയ്യാറാക്കി ക്വട്ടേഷനിലൂടെ പണി നടത്തുകയായിരുന്നു. എസ്റ്റിമേറ്റ് നിരക്കിൽ പണി നടത്തിയ കരാറുകാരൻ നന്ദകുമാർവർമ്മക്ക് 264809 രൂപ നല്കി (വൗച്ചർ 100-4/22,ചെക്ക് 601004/21.04.22).

എം.ബുക്ക് 01/2021-22 അനുസരിച്ച് 400കിലോയിൽ അധികം സ്റ്റീൽ ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ പിവിസി, തീഅണയ്ക്കുന്ന ഉപകരണം 6 എണ്ണം (ഒന്നിന് വില 3294രൂപ) എന്നിവ ഉപയോഗിച്ചിട്ടുണ്ട്. തീ അണയ്ക്കുന്ന ഉപകരണത്തിന് മാത്രം ആകെ 21594രൂപ ചെലവുണ്ട്. 12/5/2021ലാണ് ഇത് വാങ്ങിയത് .ഏതാനും ആഴ്ചകൾ മാത്രമാണ് സിഎഫ്എൽടിസി പ്രവർത്തിച്ചത്. അതിനാൽ ഇതിന് പുനരുപയോഗമൂല്യം പുതിയതിന് തുല്യമുണ്ട്. സിഎഫ് എൽറ്റിസി നിർത്തലാക്കിയ ശേഷം ഇവ എന്തു ചെയ്തു എന്ന് ഫയലിൽ വ്യക്തമാക്കിയിട്ടില്ല.

സ്റ്റീലിന് സ്ക്രാപ് മൂല്യം പരിഗണിച്ചാലും വിലയുള്ളതാണ്. സിഎഫ്എൽറ്റിസി നിർത്തലാക്കിയപ്പോൾ അത് നിർമ്മിച്ച വസ്തുക്കൾ അണുനശീകരണം നടത്തി പൊളിച്ച് മൂല്യനിർണയം നടത്തി നിയമപ്രകാരം നടപടികൾ സ്വീകരിച്ച് ലേലം ചെയ്ത് കയ്യൊഴിഞ്ഞ് നഗരസഭ ഫണ്ടിൽ മുതൽ കൂട്ടേണ്ടതായിരുന്നു. പൊതുപണം പാഴാകാതെ പോകാൻ അത്തരം ജാഗ്രത ആവശ്യമായിരുന്നു. നഗരസഭ ആ നടപടി സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (70/21-22, 27/01/2023) നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ മറുപടി നല്കിയില്ല. ആകയാൽ തീഅണയ്ക്കുന്ന ഉപകരണത്തിന്റെ നിലവിലെ സ്ഥിതിവിവരം ബോദ്ധ്യപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം ടി ഉപകരണങ്ങൾ അന്യാധീനപ്പെട്ടു എന്ന കണക്കാക്കി ആയതിന്റെ മൂല്യം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

നഗരസഭ കൗൺസിൽ ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിച്ച് നഗരസഭാ ഫണ്ട് പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-32 ജനകീയ ഹോട്ടൽ -കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഭക്ഷണം

## വിതരണം-അപാകതകൾ

(ഫയൽ നം H6/8738/21,H6/8737/21)

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൺ മുഖേന ദുർബല ജനവിഭാഗങ്ങളിൽ നിന്നുള്ളവർക്ക് ഭക്ഷണവിതരണം നടത്താൻ സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ ഈസ്റ്റ് സി.ഡി.എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈസ്റ്റ് സി.ഡി.എസ് ജനകീയ ഹോട്ടൽ മുഖേനയും വെസ്റ്റ് സിഡിഎസിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃപാഞ്ജന ജനകീയ ഹോട്ടൽ മുഖേനയും ഭക്ഷണം വിതരണം നടത്തിയിട്ടുണ്ട്. പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, രാത്രിഭക്ഷണം ഇവ യഥാക്രമം 57/-, 25/-, 58/- രൂപ നിരക്കിൽ ആകെ 140/- രൂപയാണ് ഒരാൾക്ക് മൂന്നനേരത്തെ ഭക്ഷണത്തിനുള്ള നിരക്ക് നിശ്ചയിച്ചിരുന്നത്. ജനകീയ ഹോട്ടൽ/കമ്മ്യൂണിറ്റി കിച്ചൺ നടത്തിപ്പുമായി ബന്ധപ്പെട്ട് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. സ.ഉ(സധാ)713/20/ത.സ്വ.ഭ.വ/26.3.20,

സ.ഉ(സാധാ)733/20/ത.സ്വ.ഭ.വ/3.4.20,

സ.ഉ(സാധാ)986/2021/ത.സ്വ.ഭ.വ/11.5.21

മേൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയൽ പരിശോധനയിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1)ഭക്ഷണവിതരണം-അർഹരായവരുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല, രേഖകളിൽ പൊരുത്തക്കേടുകൾ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം വ്യക്തമാക്കിയിട്ടുള്ള ദുർബല ജനവിഭാഗങ്ങളിൽ നിന്നും അർഹരായവരുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തദ്ദേശസ്ഥാപനം സൂക്ഷിക്കണമെന്നും അത് ആഴ്ചതോറും പുതുക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ അർഹതപ്പെട്ടവരിൽ പണം കൊടുത്തു ഭക്ഷണം വാങ്ങുന്ന നിവൃത്തിയില്ലാത്തവർക്ക് സൗജന്യമായി ഭക്ഷണം ലഭ്യമാക്കുന്നതിലേക്ക് ചെലവുചെയ്യുന്ന തുക തദ്ദേശസ്ഥാപനം വഹിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽ നിർദ്ദേശപ്രകാരം സ്ഥാപനതലത്തിൽ സൂക്ഷിക്കേണ്ട വാർഡ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കിയിട്ടില്ല. വാർഡ് കൗൺസിലർമാർ നൽകിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഭക്ഷണം വിതരണം സൗജന്യമായി നൽകുകയാണ് ചെയ്തിട്ടുള്ളത്. സ്പോൺസർഷിപ്പിലൂടെ സ്വരൂപിച്ചിട്ടുള്ള സാധനസാമഗ്രികൾ, പച്ചക്കറി, പലവ്യഞ്ജനം, പണം ഇവയുടെ കണക്കുകൾ ലഭ്യമല്ല. ലഭ്യമാക്കിയ വിവരങ്ങൾ പരിശോധിച്ചതിൽ പല വാർഡുകളിൽ നിന്നും വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്ന കാണുന്നു. അർഹതപ്പെട്ട ഗുണഭോക്താക്കളുടെ പേര്, മേൽവിലാസം ഇവ ലഭ്യമാക്കാതെ ഭക്ഷണം വിതരണം ചെയ്തവരുടെ എണ്ണം മാത്രം രേഖപ്പെടുത്തിയാണ് പല വാർഡുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്. (വാർഡ്-3,4,6,38,39,7,37,17,18,20, 22,24,29,16,21,22,34, 35,12,13,19)

മാത്രമല്ല ഒരേ ദിവസം ഒരേ വാർഡുകളിൽ നിന്ന് വ്യത്യസ്ത കണക്കുകളും ലഭ്യമാക്കികാണുന്നു. (ഉദാ-വാർഡ് 2 22.5.2021 മുതൽ 11.6.21 വരെയുള്ള തീയതികളിലും 21.5.21 മുതൽ 31.5.21 വരേയുള്ള തീയതികളിലും ഭക്ഷണം നൽകിയവരുടെ രണ്ട് വ്യത്യസ്ത ലിസ്റ്റുകൾ 31.5.21 ൽ ലഭ്യമാക്കി. കണക്കുകൾ വ്യത്യസ്തം ). മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനതലത്തിൽ രേഖപ്പെടുത്തലുകൾ വരുത്തി ആധികാരികമാക്കിയ രജിസ്റ്റർ, സ്പോൺസർഷിപ്പ് മുഖേന ലഭിച്ച പണം, മറ്റ് സാധനങ്ങൾ ഇവയുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-32-1 വിതരണം ചെയ്യാത്ത ഭക്ഷണത്തിന് വില നൽകി-അധിക ചെലവ് 38723/-രൂപ

സർക്കാർ നിർദ്ദേശം പാലിച്ച് സ്ഥാപനതലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട അർഹതപ്പെട്ടവരുടെ ലിസ്റ്റ്, അവരിൽ പണം നൽകി ഭക്ഷണം വാങ്ങിയവരുടെ വിവരം തുടങ്ങിയ വ്യക്തമായ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഡുകളിൽ ഭക്ഷണവിതരണം നടത്തിയവരുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ജനകീയഹോട്ടൽ മുഖേനയുള്ള ഭക്ഷണവിതരണത്തിന്റെ ഏകോപന ചുമതല ജെ.എച്ച്.ഐ മാർക്ക് നൽകിയിട്ടുള്ളതാണ്. (യഥാക്രമം ഈസ്റ്റ് സി.ഡിഎസിന്റേത് ശ്രീ. മനോജ് ഇ.കെ., വെസ്റ്റ് സി.ഡി.എസിന്റേത് ശ്രീമതി കാവ്യകല എ.പി.). കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കാനും ബില്ലുകൾ ബന്ധപ്പെട്ട എച്ച്.ഐ.-മാർ മുഖേന ഹെൽത്ത് സൂപ്പർവൈസർക്ക് സമർപ്പിക്കണമെന്നും നഗരസഭാ സെക്രട്ടറിയുടെ എച്ച്5/8738/21/11.5.21 നം ഉത്തരവിൽ ജെ.എച്ച്.ഐ-മാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഈസ്റ്റ് സി.ഡി.എസിന്റെ 20.5.21 മുതൽ 16.6.21 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വെസ്റ്റ് സിഡിഎസിന്റെ ചുമതലയിലുള്ള ജനകീയഹോട്ടലിന്റെ ഭക്ഷണവിതരണരജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ചുമതലയുള്ള ഉദ്യാഗസ്ഥർ ആരും ആധികാരികമാക്കിയിട്ടില്ല.) മേൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഡ്കൗൺസിലർമാർ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല വാർഡുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ അപൂർണ്ണമാണ്. അർഹതപ്പെട്ടവരുടെ പേര്, മേൽവിലാസം ഇവ ലഭ്യമാക്കാതെ എണ്ണം മാത്രം രേഖപ്പെടുത്തിയും ഒരേ ദിവസങ്ങളിൽ വ്യത്യസ്ഥ കണക്കുകൾ നൽകിയും കാണുന്നു. എന്നിരുന്നാലും വാർഡ് കൗൺസിലർമാർ നൽകിയ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണവിതരണത്തിന്

നൽകിയ പ്രതിഫലത്തുകയുടെ ആധികാരികത പരിശോധിച്ചതിൽ ജനകീയ ഹോട്ടലുകൾക്ക് അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക അതാത് സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും അല്ലാത്തപക്ഷം അധികത്തുക നൽകിയതിന് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

വെസ്റ്റ് സി. ഡി.എസ് (കൃപാഞ്ജനാ ജനകീയ ഹോട്ടൽ)

1)11.5.2021 മുതൽ 20.5.2021 വരെ വെസ്റ്റ് സി.ഡി.എസിന്റെ ഉടമസ്ഥതയിലുള്ള കൃപാഞ്ജന ജനകീയ ഹോട്ടലിൽ നിന്ന് രജിസ്റ്റർ പ്രകാരം മൂന്ന നേരങ്ങളിലുമായി ഭക്ഷണം കഴിച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| രാവിലെ | ഉച്ചയ്ക്ക് | രാത്രി |
|---|---|---|
| 2156 | 2418 | 2340 |

കരാർ നിരക്ക് പ്രകാരം പ്രഭാത ഭക്ഷണത്തിന് 57/- രൂപയും ഉച്ച ഭക്ഷണത്തിന് 25/- രൂപയും രാത്രി ഭക്ഷണത്തിന് 58/- രൂപനിരക്കിലും ആകെ 319062/- നൽകേണ്ടതിന് പകരം 324050/- രൂപ നൽകി. ( Cheque No-587206/26.5.21--324050/-) അധികം നൽകിയത് 4988/- രൂപ.

2) രജിസ്റ്ററും വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ടും തമ്മിൽ വ്യത്യാസം-കൗൺസിലർമാർ വിതരണം നടത്തിയെന്ന് റിപ്പോർട്ട് ചെയ്ത എണ്ണത്തിനുപരിയായി ഭക്ഷണവില നൽകി

A)വെസ്റ്റ് സി. ഡി.എസ് (കൃപാഞ്ജനാ ജനകീയ ഹോട്ടൽ)

| തീയതി | വാർഡ് നം | രജിസ്റ്റർ പ്രകാരം എണ്ണം | | | വാർഡ് കൗൺസിലറുടെ റിപ്പോർട്ട് പ്രകാരം എണ്ണം | | | അധികമായി കണക്കാക്കിയ എണ്ണം | | | അധികമായി കണക്കാക്കിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | | |
| 12.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | 324050/- (11/5/21 മുതൽ 20/5/21 വരെ) | Cheque No-587206/26.5.21– |
| 12.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 13.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 13.5.21 | 6 | 18 | 20 | 20 | 18 | 18 | 18 | 0 | 2 | 2 | | |
| 14.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 15.5.21 | 1 | 30 | 30 | 30 | 13 | 13 | 13 | 17 | 17 | 17 | | |
| 16.5.21 | 1 | 20 | 20 | 20 | 13 | 13 | 13 | 7 | 7 | 7 | | |
| 17.5.21 | 1 | 20 | 20 | 20 | 11 | 11 | 11 | 7 | 7 | 7 | | |
| 17.5.21 | 38 | 22 | 22 | 22 | 21 | 21 | 21 | 1 | 1 | 1 | | |
| 18.5.21 | 1 | 17 | 17 | 17 | 14 | 14 | 14 | 3 | 3 | 3 | | |
| 19.5.21 | 1 | 15 | 15 | 15 | 14 | 14 | 14 | 1 | 1 | 1 | | |
| 20.5.21 | 1 | 15 | 15 | 15 | 14 | 14 | 14 | 1 | 1 | 1 | | |
| | | | | | | | | 57 | 59 | 59 | 57x57+59x25+59x58=8146 | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 21.5.21 | 37 | 32 | 32 | 32 | 20 | 20 | 20 | 12 | 12 | 12 | | |
| | 8 | 24 | 24 | 24 | 24 | 24 | 20 | 0 | 0 | 4 | | |
| 22.5.21 | 37 | 32 | 32 | 32 | 20 | 20 | 20 | 12 | 12 | 12 | | |
| 23.5.21 | 2 | 28 | 28 | 28 | 23 | 23 | 23 | 5 | 5 | 5 | | |
| | 8 | 21 | 21 | 18 | 21 | 21 | 16 | 0 | 0 | 2 | | |
| | 39 | 22 | 22 | 22 | 21 | 21 | 21 | 1 | 1 | 1 | | |
| 24.5.21 | 2 | 28 | 28 | 28 | 17 | 17 | 17 | 11 | 11 | 11 | | |
| 25.5.21 | 2 | 30 | 30 | 30 | 17 | 17 | 17 | 13 | 13 | 13 | | |
| | 6 | 32 | 32 | 32 | 25 | 25 | 25 | 7 | 7 | 7 | 402835/-<br>(21/5/21 മുതൽ 31/5/21 വരെ) | Cheque No-<br>762854/23.6.21 |
| 26.5.21 | 2 | 30 | 30 | 30 | 22 | 22 | 22 | 8 | 8 | 8 | | |
| 27.5.22 | 2 | 35 | 35 | 35 | 27 | 27 | 27 | 8 | 8 | 8 | | |
| | 3 | 35 | 35 | 35 | 30 | 30 | 30 | 5 | 5 | 5 | | |
| 28.5.21 | 2 | 35 | 35 | 35 | 29 | 29 | 29 | 6 | 6 | 6 | | |
| 29.5.21 | 2 | 40 | 40 | 40 | 33 | 33 | 33 | 7 | 7 | 7 | | |
| 30.5.21 | 2 | 40 | 40 | 40 | 33 | 33 | 33 | 7 | 7 | 7 | | |
| 31.5.21 | 2 | 40 | 40 | 40 | 35 | 35 | 35 | 5 | 5 | 5 | | |
| | 8 | 21 | 21 | 14 | 11 | 11 | 11 | 10 | 10 | 3 | | |
| | 38 | 53 | 53 | 53 | 51 | 51 | 51 | 2 | 2 | 2 | | |
| | | | | | | | | 119 | 119 | 118 | 119x57+119x25+118x58=16577/- | |
| 2.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| 3.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| | 38 | 78 | 79 | 79 | 78 | 79 | 78 | 0 | 0 | 1 | | |
| 4.6.21 | 36 | 0 | 13 | 14 | 0 | 13 | 13 | 0 | 0 | 1 | | |
| 5.6.21 | 36 | 0 | 13 | 14 | 0 | 13 | 13 | 0 | 0 | 1 | 335425/-<br>(1/6/21 മുതൽ 16/6/21 വരെ) | Cheque No-<br>899018/18.8.21- |
| 6.6.21 | 36 | 0 | 13 | 14 | 0 | 13 | 13 | 0 | 0 | 1 | | |
| 7.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| 8.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| 9.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| 10.6.21 | 36 | 0 | 14 | 0 | 0 | 13 | 0 | 0 | 1 | 0 | | |
| | | | | | | | | 0 | 6 | 4 | 6x25+4x58=382/- | |
| ആകെ | | | | | | | | | | | 25105/- | |

1, 2 ഇവ പ്രകാരം കൃപാഞ്ജന കുടുംബശ്രീയ്ക്ക് ആധികം നൽകിയ തുക (4988+8146+16577+382)=30093/-രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

B)ഈസ്റ്റ് സി. ഡി.എസ്.ജനകീയ ഹോട്ടൽ

| തീയതി | വാർഡ് നം | രജിസ്റ്റർ പ്രകാരം എണ്ണം | | | വാർഡ് കൗൺസിലറുടെ റിപ്പോർട്ട് പ്രകാരം എണ്ണം | | | അധികമായി കണക്കാക്കിയ എണ്ണം | | | അധികമായി കണക്കാക്കിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രിഭക്ഷണം | | |
| 12.5.21 | 23 | 17 | 17 | 17 | 11 | 11 | 11 | 6 | 6 | 6 | | |
| 14.5.21 | 33 | 13 | 16 | 16 | 13 | 13 | 13 | 0 | 3 | 3 | | |
| 15.5.21 | 14 | 10 | 14 | 14 | 10 | 14 | 10 | 0 | 0 | 4 | | |
| | 23 | 17 | 14 | 14 | 14 | 14 | 14 | 3 | 0 | 0 | 317756/-<br>(11/5/21 മുതൽ 20/5/21 വരെ) | Cheque No-<br>587223/2.6.21 |
| | 25 | 17 | 20 | 17 | 17 | 17 | 17 | 0 | 3 | 0 | | |
| 17.5.21 | 14 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| | 27 | 10 | 10 | 10 | 10 | 10 | 0 | 0 | 0 | 10 | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | 33 | 21 | 21 | 21 | 20 | 20 | 20 | 1 | 1 | 1 | | |
| 18.5.21 | 14 | 28 | 28 | 28 | 25 | 25 | 25 | 3 | 3 | 3 | | |
| | 21 | 6 | 6 | 6 | 5 | 5 | 5 | 1 | 1 | 1 | | |
| | 33 | 22 | 20 | 20 | 20 | 20 | 20 | 2 | 0 | 0 | | |
| 19.5.21 | 21 | 6 | 6 | 6 | 5 | 5 | 5 | 1 | 1 | 1 | | |
| | 33 | 20 | 25 | 25 | 20 | 24 | 24 | 0 | 1 | 1 | | |
| 20.5.21 | 21 | 6 | 6 | 6 | 3 | 3 | 3 | 1 | 1 | 1 | | |
| | | | | | | | | 23 | 25 | 36 | 23x57+25x25+36x58=4024 | |
| 22.5.21 | 22 | 27 | 22 | 27 | 27 | 22 | 22 | 0 | 0 | 5 | 430869/- (21/5/21 മുതൽ 31/5/21 വരെ) | Cheque No-162854/ 23.6.21 |
| | 33 | 30 | 28 | 30 | 25 | 25 | 25 | 5 | 2 | 5 | | |
| 23.5.21 | 33 | 30 | 28 | 11 | 25 | 25 | 11 | 5 | 3 | 0 | | |
| 24.5.21 | 33 | 30 | 28 | 33 | 25 | 25 | 25 | 5 | 3 | 5 | | |
| 25.5.21 | 33 | 30 | 29 | 30 | 25 | 25 | 25 | 5 | 4 | 5 | | |
| 26.5.21 | 33 | 30 | 29 | 30 | 25 | 25 | 25 | 5 | 4 | 5 | | |
| 27.5.21 | 17 | 15 | 15 | 12 | 15 | 12 | 12 | 0 | 3 | 0 | | |
| | | | | | | | | 25 | 19 | 25 | 25x57+19x25+25x58=3350 | |
| 1.6.21 | 33 | 14 | 14 | 14 | 11 | 11 | 11 | 3 | 3 | 3 | 289131/- (1/6/21 മുതൽ 16/6/21 വരെ) | Cheque No-899025/ 25.8.21 |
| 2.6.21 | 33 | 12 | 12 | 14 | 11 | 11 | 11 | 1 | 1 | 3 | | |
| 12.6.21 | 18 | 6 | 12 | 16 | 6 | 12 | 6 | 0 | 0 | 10 | | |
| | | | | | | | | 4 | 4 | 16 | 4x57+4x25+16x58=1256 | |
| | | | | | | | | | | | 8630/- | |

ഈസ്റ്റ് സി.ഡി.എസ്.ജനകീയ ഹോട്ടലിന് അധികം നൽകിയ തുക 8630/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. മേൽപ്രകാരം ക്രമ നം 1 ലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥാപനതല രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ഖണ്ഡിക പ്രകാരം ആകെ 38723/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. മേൽ വിഷയം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-71/21-22/28.01.2023) തുക തിരികെ ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കി വിവരം അറിയിക്കേണ്ടതും അല്ലാത്തപക്ഷം പരിശോധന കൂടാതെ തുക അനുവദിച്ച് നൽകിയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടം ഈടാക്കേണ്ടതുമാണ്.

## 1-32-2 വിശപ്പുരഹിതകേരളം- ജനകീയ ഹോട്ടലിന് വാടക, റിവോൾവിംഗ് ഫണ്ട് ഇനങ്ങളിൽ അധികം തുക നൽകി

വിശപ്പുരഹിത കേരളം-(ഫയൽ നം- എച്ച്.1-17389/2021)(ബിൽ നം-1601423820/23.3.22—103516/-രൂപ)
നിർവ്വഹണം-പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര നിർമ്മാർജ്ജന സെൽ(പ്രോജക്ട് നം- 152/22)

1) 13.8.2021 ലെ സർക്കാർ ഉത്തരവ് നം-1567/21 ത.സ്വ.ഭ.വ പ്രകാരം ജനകീയ ഹോട്ടലിന്റെ വാടക തദ്ദേശസ്ഥാപനത്തിൽ നിന്ന് നൽകാമെന്ന വ്യവസ്ഥചെയ്തിരുന്നു. അതിൻപ്രകാരം വെസ്റ്റ് സി.ഡി.എസിന്റെ കീഴിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൃപാഞ്ജന ജനകീയഹോട്ടലിന്റെ 4/2021 മുതലുള്ള വാടക അനുവദിച്ചു നൽകി. ഈസ്റ്റ് സി.ഡി.എസിന്റെ കീഴിൽ ആരംഭിച്ച ജനകീയ ഹോട്ടൽ നഗരസഭയുടെ വക സുവർണ്ണ ജൂബിലി ഷോപ്പിംഗ് കോംപ്ലക്സിലാണ് (റൂം 18) പ്രവർത്തിക്കുന്നത്. ജനകീയ ഹോട്ടലായി സ്ഥാപനം പ്രവർത്തിച്ചു തുടങ്ങിയത് 01.01.2021-നാണ്. അന്നു മുതലുള്ള വാടക നഗരസഭാ കൗൺസിലിന്റെ 31.12.21 ലെ 3-ാം നമ്പർ തീരുമാനപ്രകാരം ഒഴിവാക്കി നൽകിയിരുന്നു. ഇതു കൂടാതെ 2021-22 വർഷത്തെ വാടകയായി 12530/- രൂപ ടി സ്ഥാപനത്തിന് അനുവദിച്ചുനൽകി. സ്ഥാപനം ജനകീയഹോട്ടലായി പ്രവർത്തിച്ചതു മുതൽ വാടക ഒഴിവാക്കി നൽകിയെങ്കിലും ഇക്കാലത്ത് ഒടുക്കിയ തുക തിരികെ നൽകുന്നു എന്നു കണക്കാക്കി 12530/- രൂപ നൽകിയത് അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക സ്ഥാപനത്തിന് നൽകാനുള്ള കറന്റ് ചാർജിൽ ക്രമീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-71/28.1.23) വിശദീകരണം ലഭ്യമാക്കി. അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2)മേൽ ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ടായി പരമാവധി 50000/- രൂപവരെ അനുവദിച്ച് നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഇതിൻപ്രകാരം 100000/- രൂപ 2 ഹോട്ടലുകൾക്കുമായി റിവോൾവിംഗ് ഫണ്ട് അനുവദിച്ചുനൽകി. ആയത് ക്രമീകരിച്ചിട്ടുമുണ്ട്. (ഫയൽ നംH6/8738/21,H6/8737/21). ഇതുകൂടാതെ 30000/- രൂപ വീതം റിവോൾവിംഗ് ഫണ്ടിനത്തിൽ ഫയൽ നം- എച്ച്.1-17389/2021 പ്രകാരം നൽകിക്കാണുന്നു. ആയത് ക്രമീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം (നം.71/28.01.2023) മേൽ രണ്ട് സ്ഥാപനങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയ തുക ക്രമീകരിക്കാൻ ശേഷിച്ച 60000 രൂപ 22.03.2023, 23.03.2023 തീയതികളിൽ രസീത് നം.122010106674/22.03.23, 122010106696/2303.23 പ്രകാരം തിരിച്ചടച്ചു. വാടക ഇനത്തിൽ അധികം നൽകിയ തുക 12500 രൂപ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

നിരാകരിച്ച തുക-12500/-

ഓഡിറ്റ് ഇംപാക്ട്

2 ജനകീയ ഹോട്ടലുകൾക്ക് റിവോൾവിംഗ് ഫണ്ടിനത്തിൽ നൽകിയ തുക ക്രമീകരിക്കാൻ ശേഷിച്ച 60000 രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 22.3.2023 ,23.03.2023 തീയതികളിൽ രസീത് നം.122010106674/22.03.23, 122010106696/2303.23 പ്രകാരം തിരിച്ചടച്ചു.

## 1-32-3 CFLTC ഭക്ഷണവിതരണം-ജനകീയ ഹോട്ടലിന് 536070/- രൂപ അധികം നൽകി

ഫയൽ നം-H610121/20

മാർത്തോമ്മാ കോളേജ് ഹോസ്റ്റലിൽ 12.5.21 ന് പ്രവർത്തനം ആരംഭിച്ചിരുന്ന CFLTC യിലേക്ക് ഭക്ഷണവിതരണം നടത്തിയ ഇനത്തിൽ കുടുംബശ്രീ ജനകീയ ഹോട്ടലിന് നൽകിയ പ്രതിഫലത്തുകയുടെ ആധികാരികത പരിശോധിച്ചതിൽ CFLTC യിൽ പ്രവേശിപ്പിച്ചിരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായല്ല ഭക്ഷണത്തിനുള്ള പ്രതിഫലം നൽകിയിട്ടുള്ളത് എന്നു കാണുന്നു.

CFLTC ആരംഭിച്ച 15.5.2021 മുതൽ 04.09.21 പ്രഭാതഭക്ഷണം വരെ വെസ്റ്റ് സി.ഡി.എസിന്റെ കീഴിലുള്ള കൃപാഞ്ജന ജനകീയ ഹോട്ടലും 04.09.21 രാത്രിഭക്ഷണം മുതൽ ഈസ്റ്റ് സി.ഡി.എസിന്റെ നിയന്ത്രണത്തിലുള്ള ജനകീയ ഹോട്ടലുമാണ് ഭക്ഷണം സപ്ലൈ ചെയ്തിട്ടുള്ളത്. കരാർ പ്രകാരം പ്രഭാതഭക്ഷണത്തിന് 57/- രൂപ നിരക്കിലും ഉച്ചഭക്ഷണത്തിന് 25/- രൂപ നിരക്കിലും രാത്രിഭക്ഷണത്തിന് 58/- രൂപ നിരക്കിലുമായി ആകെ 140/- രൂപയാണ് ഒരാൾക്ക് കണക്കാക്കിയിരുന്നത്. സ്ഥാപനം നൽകിയ ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പ്രതിഫലത്തുക ആധികാരിക രേഖകളുമായി പരിശോധിക്കാതെ അനുവദിച്ച നൽകുകയാണ് ചെയ്തിട്ടുള്ളത്. മെയ്2021, ഒക്ടോബർ 2021 മാസങ്ങളിലെ ക്ലെയിം സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. ഇൻമേറ്റ്സ് രജിസ്റ്റർ, റിപ്പോർട്ട് ബുക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ CFLTCയിലുണ്ടായിരുന്ന രോഗികളുടെ എണ്ണത്തേക്കാൾ ഉപരിയായി ഭക്ഷണവിതരണം നടത്തിയതായി ക്ലെയിം ചെയ്താണ് പ്രതിഫലതുക കൈപ്പറ്റിയിട്ടുള്ളത് എന്നു കാണുന്നു. ഇൻമേറ്റ്സ് രജിസ്റ്ററിൽ രോഗികളെ പ്രവേശിപ്പിച്ച സമയം, ഡിസ്ചാർജ്ജ് ചെയ്ത സമയം എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ രാവിലെയും രാത്രിയിലും ഇൻമേറ്റ്സിന്റെ വിവരം പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തി സെൻസസ് ആധികാരികമാക്കി സൂക്ഷിച്ചിട്ടുള്ള റിപ്പോർട്ട് ബുക്കിന്റെ അടിസ്ഥാനത്തിലാണ് ഭക്ഷണവിതരണ സമയത്ത് CFLTCയിലുണ്ടായിരുന്ന വരുടെ എണ്ണം കണക്കാക്കിയിട്ടുള്ളത്. വിവരം ചുവടെ ചേർക്കുന്നു.

| മാസം | റിപ്പോർട്ട് ബുക്ക് പ്രകാരം ഉണ്ടായിരുന്ന രോഗികൾ (കൂട്ടിരിപ്പുകാർ ഉൾപ്പെടെ)* | | | ക്ലെയിം സ്റ്റേറ്റ്മെന്റ് പ്രകാരം വിതരണം ചെയ്തതായി കാണിച്ചിട്ടുള്ള എണ്ണം | | |
|---|---|---|---|---|---|---|
| | പ്രഭാതഭക്ഷണ സമയത്ത് | ഉച്ചഭക്ഷണ സമയത്ത് | രാത്രിഭക്ഷണ സമയത്ത് | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം |
| മെയ് 2021(15.5.21 മുതൽ) | 413 | 389 | 449 | വിശദമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | | |
| ജൂൺ | 1290 | 1177 | 1306 | 1694 | 1663 | 1676 |
| ജൂലൈ | 1591 | 1420 | 1599 | 2085 | 2095 | 2130 |
| ആഗസ്റ്റ് | 1827 | 1652 | 1849 | 2408 | 2332 | 2399 |

| | | | | | | |
|---|---|---|---|---|---|---|
| സെപ്റ്റംബർ | 1866 | 1653 | 1839 | 1959 | 1959 | 2049 |
| ഒക്ടോബർ | 357 | 288 | 300 | വിശദമായ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല | | |

*(വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം 3 ആയി ഉള്ളടക്കം ചെയ്തിട്ടുണ്ട്.)

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഭക്ഷണം വിതരണം ചെയ്ത സ്ഥാപനത്തിന് അർഹതപ്പെട്ട പ്രതിഫലത്തേക്കാൾ അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| മാസം | ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുക(കൂട്ടിരിപ്പുകാർ ഉൾപ്പെടെ) | നൽകിയ തുക | ചെലവ് വിവരങ്ങൾ | അധികം നൽകിയ തുക |
|---|---|---|---|---|
| മെയ് | 59308 | 82727 | ചെക്ക് നം-040192/10.7.21--82727 | 23419/- |
| ജൂൺ | 178703 | 235341 | ചെക്ക് നം040198/17.8.21-118682/- (ചെക്ക് തുക 413442/-), ചെക്ക്നം40208/31.8.21-41659/-, ചെക്ക് നം-40190/13.7.21-75000/-) | 56638/- |
| ജൂലൈ | 218929 | 294760 | ചെക്ക് നം040198/17.8.21-294760/- (ചെക്ക് തുക 413442/-) | 75831/- |
| ആഗസ്റ്റ് | 252681 | 334698 | ചെക്ക് നം40210/24.12.21-334698/- (ചെക്ക് തുക 383262/-) | 82017/- |
| സെപ്റ്റംബർ | ഓട്ടോചാർജ്3900/- ഉൾപ്പെടെ258249 | 316144 | ചെക്ക് നം40210/20.12.21-48564/- (ചെക്ക് തുക 383262/-),40211/ – 24.12.21-267580/- (ചെക്ക് തുക 550960/-) | 59734/- |
| ഒക്ടോബർ | 44949 | 283380 | ചെക്ക് നം40211/24.12.21--283380/- (ചെക്ക് തുക 383262/-) | 238431/- |
| ആകെ | 1012819 | 1547050 | | 536070/- |

പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ നിന്നും വ്യക്തമായ പരിശോധന കൂടാതെയാണ് പ്രതിഫലം നൽകിയിട്ടുള്ളത്എന്ന് മനസിലാക്കുന്നു. അധികം പ്രതിഫലം നൽകിയതിന് സാധൂകരണമുണ്ടെങ്കിൽ രേഖകൾ സഹിതം ബോദ്ധ്യപ്പെടുത്താനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(78/2021-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ തുകയുടെ വിനിയോഗം (536070/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ ചെലവ് വരുത്തിയിട്ടുള്ളത് ചെയർപേഴ്സണിന്റേയും പി.എ.ടു സെക്രട്ടറിയുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടിൽ നിന്നാണ്. 1335169/- രൂപ ദുരന്ത നിവാരണഫണ്ടിൽ നിന്നും 2384007/-രൂപ നഗരസഭാഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്ത ലഭിച്ചതിൽ നിന്നുമാണ് മേൽ ചെലവ് വരുത്തിയിട്ടുള്ളത്. അധികം നൽകിയ തുക മേൽ സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതും അല്ലാത്തപക്ഷം പരിശോധന കൂടാതെ ചെലവനുവദിച്ച നൽകിയ ചെയർപേഴ്സൺ, പി.എ. ടു സെക്രട്ടറി എന്നിവരുടെ തുല്യ ബാദ്ധ്യതയായി കണ്ട് തിരികെ ഈടാക്കേണ്ടതുമാണ്.

## 1-33 പ്രോജക്ടുകൾ നടപ്പായില്ല;നഗരസഭ ഫണ്ട് 17.11ലക്ഷം അന്യസ്ഥാപനങ്ങളിൽ

നടപ്പാക്കാത്ത പ്രോജക്ടുകൾക്ക് നഗരസഭ നിക്ഷേപിച്ച 17.11 ലക്ഷം രൂപ 22 വർഷമായി അന്യസ്ഥാപനങ്ങളിൽ. സംസ്ഥാന ഭവനിർമ്മാണ ബോർഡിൽ 1422500 രൂപയും സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയിൽ 288060 രൂപയുമാണ് നിഷ്ക്രിയ നിക്ഷേപമായി കിടക്കുന്നത്. 1999-2000 ലാണ് നഗരസഭ രണ്ട് പ്രോജക്ടുകൾക്കും നഗരസഭ ഫണ്ട് നിക്ഷേപിച്ചത്. 2021-22ഓഡിറ്റിൽ പരിശോധിക്കുമ്പോഴും തുക തിരികെ ലഭിച്ചിട്ടില്ല. വികസന പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാർ നഗരസഭക്ക് നല്കിയ ഫണ്ടാണ് 22 വർഷമായി അന്യസ്ഥാപനങ്ങളിൽ കിടക്കുന്നത്. പ്രോജക്ടുകൾ നടപ്പാക്കാത്തതിനാൽ നിക്ഷേപം തിരികെ വാങ്ങണമെന്ന് 2001-02, 2003-04 ഓഡിറ്റ് റിപ്പോർട്ടുകളിൽ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഓഡിറ്റ് നിർദേശം ഫലപ്രദമാക്കുവാൻ നഗരസഭക്ക് കഴിഞ്ഞില്ല.

മൈത്രി ഭവനപദ്ധതിക്ക് ഭവനനിർമ്മാണ ബോർഡിൽ അടച്ച നഗരസഭ വിഹിതമാണ് തിരികെ ലഭിക്കാനുള്ള 1422500 രൂപ. സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കാൻ സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് ഓഫ്

ഇന്ത്യയിൽ നിക്ഷേപിച്ച 16 ലക്ഷം രൂപയിൽ തിരികെ ലഭിക്കാനുള്ളതാണ് 288060 രൂപ. രണ്ട് പ്രോജക്ടുകളും നടപ്പായില്ല.

വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (32/21-22,33/21-22,11.11.2022) തുക തിരികെ ലഭിച്ചിട്ടില്ലെന്നും ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലെന്നും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിക്ഷേപപദ്ധതികളിൽ സർക്കാർ നിർദേശങ്ങൾ പാലിച്ച് സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിക്കാതിരുന്നത് നഗരസഭയുടെ വീഴ്ചയാണ്. കൂടാതെ സോഫ്റ്റ് വെയർ പാർക്ക് പോലെ നഗരസഭകൾക്ക് നടപ്പാക്കാൻ കഴിയാത്ത പ്രോജക്ട് ഏറ്റെടുത്തതും ആസൂത്രണത്തിലെ പാളിച്ചയാണ്. അതിനാലാണ് ഇപ്പോഴും നഗരസഭ ഫണ്ട് അന്യസ്ഥാപനങ്ങളിൽ കിടക്കുന്നത്. 1710560 രൂപ എത്രയും പെട്ടെന്ന് തിരികെ വാങ്ങി സർക്കാർ അനുമതിയോടെ വികസനപ്രോജക്ടുകൾക്ക് ചെലവഴിക്കേണ്ടതാണ്.

## 1-34 നിരീക്ഷണ ക്യാമറ സംവിധാനം കാര്യക്ഷമമായില്ല

നഗരസഭയുടെ 36.23 ലക്ഷത്തിന്റെ നിരീക്ഷണക്യാമറ സംവിധാനം ഫലപ്രദമായിട്ടില്ലെന്ന് കാണുന്നു.

പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കുവാനാണ് 2019-20ൽ (പ്രോ.201/20) മുഖ്യമായും മേൽ സംവിധാനം സ്ഥാപിച്ചത്. ഇതിന് നഗരസഭയിൽ നിരീക്ഷണമുറി (കൺട്രോൾ യൂണിറ്റ്)യും ഒരുക്കിയിരുന്നു. എന്നാൽ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞത് പിടികൂടിയതിന്റെ എണ്ണമോ അതിന്മേൽ ഈടാക്കിയ പിഴയുടെ കണക്കോ ഹാജരാക്കി തെളിയിക്കാൻ നഗരസഭക്ക് കഴിഞ്ഞിട്ടില്ല. ക്യാമറസംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു എന്ന് തെളിയിക്കുന്ന മോണിട്ടറിംഗ് സമിതി /സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ടില്ല. കൺട്രോൾ റൂമിന്റെ പ്രവർത്തനം തെളിയിക്കുന്ന രജിസ്റ്ററുമില്ല.

ക്യാമറ സംവിധാനത്തിന്റെ പ്രവർത്തനം വിവരിക്കുന്ന നഗരസഭാരേഖകൾ ഇല്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട പൊതു രേഖകൾ ഓഡിറ്റ് പരിശോധിച്ചപ്പോൾ കക്കൂസ് മാലിന്യം നഗരത്തിൽ ചിലയിടത്ത് തള്ളുന്നതായി മാധ്യമ വാർത്തകൾ കാണാൻ കഴിഞ്ഞു. സംവിധാനം ഫലപ്രദമായില്ലെന്നതിന് തെളിവാണിത്. നഗരസഭയുടെ അധികാരത്തിൽ പെടാത്ത കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും ക്യാമറ സംവിധാനത്തിൽ സൗകര്യം ഒരുക്കിയിരുന്നു. ഇതിന് ക്യാമറ സംവിധാനത്തിന്റെ ഒരു കൺട്രോൾ റൂം തിരുവല്ല പോലീസ് സ്റ്റേഷനിലും സ്ഥാപിച്ചിരുന്നു. പോലീസ് സ്റ്റേഷൻ പൊളിച്ച് പണിയുന്നതിനാൽ മാസങ്ങളായി അവിടുത്തെ കൺട്രോൾറൂം പ്രവർത്തിക്കുന്നില്ല. അതിന് മുമ്പും ക്യാമറ സംവിധാനം ഉപയോഗിച്ച് കേസ് എടുത്തതിനോ കേസ് അന്വേഷണത്തിന് ഉപയോഗിച്ചതിനോ പോലീസിന്റെ റിപ്പോർട്ട് വാങ്ങി നഗരസഭ സൂക്ഷിച്ചിട്ടില്ല.

ക്യാമറ സംവിധാനം ഫലപ്രദമല്ലെങ്കിലും ഇപ്പോൾ അത് നഗരസഭക്ക് വലിയ ബാധ്യതയായിരിക്കുകയാണ്. ക്യാമറകളെ ബന്ധിപ്പിക്കുന്ന കേബിൾ വലിക്കാൻ 252 വൈദ്യുതി തൂണുകൾ ഉപയോഗിക്കുന്നുണ്ട്. ഈ തൂണുകളുടെ വാടകയായി കെഎസ്ഇബിക്ക് അടക്കേണ്ട വാടകയാണ് ബാധ്യത. 2021-22ൽ അടയ്ക്കേണ്ട വാടക 154862 രൂപയാണ്. ഇത് അടച്ചതായി കാണുന്നില്ല.

ഒരു പോസ്റ്റിന് മാസം 390 രൂപയാണ് വാടക. വർഷം 3% വാടക വർധനവുമുണ്ട്. 18% ജിഎസ് ടിയും ബാധകമാണ്. ഇവ അടിസ്ഥാനമാക്കുമ്പോൾ 1.25 ലക്ഷത്തിൽ അധികമാകും പ്രതിവർഷ ബാധ്യത. ഈ ബാധ്യത പരിഹരിക്കാൻ നഗരസഭ സ്വന്തമായി തൂണുകൾ സ്ഥാപിച്ച് ക്യാമറ സംവിധാനം മാറ്റി സ്ഥാപിക്കുന്നത് ലക്ഷങ്ങളുടെ അധിക ചെലവ് വരുത്തുമെന്നതിനാൽ പ്രായോഗികമല്ല. അതിനാൽ ക്രമസമാധാനപാലനത്തിനുകൂടി ഉപയോഗിക്കാവുന്ന സാധ്യത സർക്കാരിനെ അറിയിക്കാവുന്നതാണ്. അതോടൊപ്പം ക്യാമറ സംവിധാനത്തിന്റെ പൊതു താല്പര്യം വൈദ്യുതി റഗുലേറ്ററി കമ്മീഷനെ ബോധ്യപ്പെടുത്തി വാടക ഒഴിവാക്കുന്നത് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണ്.

വാടക മുൻകൂട്ടി കാണാഞ്ഞത് പ്രോജക്ട് ആസൂത്രണത്തിലെ പാളിച്ചയാണ്. പ്രോജക്ട് നടപ്പാക്കുന്നതിന് മുമ്പ് വൈദ്യുതി റഗുലേറ്ററി കമ്മീഷനെ സമീപിച്ച് വാടക ഇളവ് വാങ്ങേണ്ടതായിരുന്നു. ഇളവ് ലഭിച്ചില്ലെങ്കിൽ സ്പോൺസർഷിപ്പിലൂടെ സ്വന്തമായി തൂണുകൾ സ്ഥാപിച്ച് കേബിൾ വലിക്കുവാൻ നഗരസഭക്ക് സൗകര്യം ലഭിച്ചേനെ. പരസ്യങ്ങൾ സ്ഥാപിക്കാനുള്ള സാധ്യത കണക്കിലെടുത്ത് നിരവധി സ്ഥാപനങ്ങൾ സ്പോൺസർഷിപ്പിന് തയ്യാറാകുമായിരുന്നു.

ഇതേപോലെ ലക്ഷങ്ങൾ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കുന്നതിൽ പൊതുതാല്പര്യം പരിമിതമാണ്. പൊതുതാല്പര്യം പരിമിതമായതും ആവർത്തന ചെലവുകൾ വലിയ ഭാരമേല്പിക്കുന്നതുമായ ഇത്തരം വൻകിട പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് മുമ്പ് നഗരസഭ ശാസ്ത്രീയമായ സാധ്യതാപഠനങ്ങൾ നടത്തേണ്ടതാണ്.

പ്രോജക്ടിന് വാടക മാത്രമല്ല ആവർത്തന ചെലവ്. എഎംസി, അറ്റകുറ്റപണി, വൈദ്യുത ചാർജ് എന്നിവക്കും വലിയ തുക ചെലവഴിക്കേണ്ടതുണ്ട്. നടത്തിപ്പ് ചെലവിന്റെ കണക്കുകൾ നഗരസഭ പ്രത്യേകം സൂക്ഷിക്കുന്നില്ല.

സംവിധാനത്തിലെ കുറ്റോട് ഭാഗത്ത് സ്ഥാപിച്ച രണ്ട് 2എംപി ക്യാമറകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 18%ജിഎസ്ടി ഉൾപ്പടെ 14900 രൂപയാണ് ഒന്നിന്റെ വില. ഇത് തുടർന്ന് പ്രവർത്തിപ്പിക്കുവാൻ റയിൽവേയുടെ അനുമതിവേണം.

അതിന് കാലതാമസം എടുക്കും. അതേവരെ ക്യാമറകൾ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടില്ല.ഈ രണ്ട് ക്യാമറകൾ സെക്രട്ടറിയുടെ സുരക്ഷിതസൂക്ഷിപ്പിലേക്ക് മാറ്റി മറുപടി നല്കേണ്ടതാണ്.

പ്രോജക്ടിന് സ്ഥാപന പരിപാലന ചെലവായി ലക്ഷങ്ങൾ മുടക്കുമ്പോഴും ഒരു രൂപ പോലും പിഴ ഈടാക്കാൻ കഴിഞ്ഞിട്ടില്ല. മാലിന്യം വലിച്ചെറിഞ്ഞത് ക്യാമറസംവിധാനത്തിലൂടെ പിടികൂടിയ ഒരു സംഭവം പോലും നഗരസഭക്ക് കാണിക്കാനില്ല.

ഈ വിഷയത്തിൽ സെക്രട്ടറിക്ക് നല്കിയ ഓഡിറ്റ് അന്വേഷണ (73/21-22,20/02/2023) ത്തിന് മറുപടി ലഭിച്ചില്ല. ക്യാമറ സംവിധാനം കാര്യക്ഷമമാക്കി പിഴ ചുമത്തുന്നത് കർശനമായി നടപ്പാക്കേണ്ടതാണ്. ഒപ്പം നിരീക്ഷണ ക്യാമറ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പാക്കാൻ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും വർക്കിംഗ് ഗ്രൂപ്പ്തല മോണിട്ടറിംഗ് കർശനമാക്കേണ്ടതുമാണ്.

## 1-35 അങ്കണവാടി അനുപൂരക പോഷകാഹാര രജിസ്റ്ററുകളുടെ പരിപാലനം ശരിയായ രീതിയിലല്ല.

പ്രോജക്ട് നമ്പർ : S0011/22 ചെലവ് 4048260 /- പ്രകാരം ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22 വർഷം നടപ്പാക്കിയ അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1.ആരോഗ്യശ്രീ അമൃതം ഫുഡ് സപ്ലിമെന്റ് ന്യൂട്രിമിക്സ് യൂണിറ്റ്, നിരണം എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ന്യൂട്രിമിക്സ്, അംഗന പൊടി എന്നീ പോഷകാഹാര വസ്തുക്കൾ വാങ്ങി നഗരസഭാ പരിധിയിലെ 54 അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുണ്ട്. അങ്കണവാടികളിലെ റ്റി.എച്ച്.ആർ.എസ് വിതരണ രജിസ്റ്ററുകളിൽ ടി വസ്തുക്കൾ കൈപ്പറ്റിയവരുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ തൻമാസ സംഗ്രഹം എഴുതി സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.അങ്കണവാടികളിലെ വിതരണ രജിസ്റ്ററുകളിൽ മാർച്ച് 2022 മുതൽ ദൈനംദിന ആസൂത്രണം രേഖപ്പെടുത്താതെ മാസാന്ത്യ സംഗ്രഹം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഉദാ.അങ്കണവാടി നം.21

3. പോഷകാഹാര വിതരണ രജിസ്റ്ററിൽ വളരെയധികം വെട്ടിത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും വരുത്തിയിട്ടുള്ളതായി കാണുന്നു. ടി നടപടി പോഷകാഹാര വിതരണത്തിന്റെ സുതാര്യത ഇല്ലാതാക്കുന്നതും ക്രമക്കേടുകൾക്ക് വഴിയൊരുക്കുന്നതുമാണ്. ടി രജിസ്റ്ററുകൾ മേൽ സൂചിപ്പിച്ച പ്രകാരം കൈകാര്യം ചെയ്യുന്നത് രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പരിശോധിക്കുവാൻ ബാധ്യതയുള്ള ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പല അങ്കണവാടികളിലും ഭക്ഷ്യ വിതരണ രജിസ്റ്റർ ( ഗുണഭോക്താക്കൾ ഭക്ഷ്യസാധനങ്ങൾ കൈപ്പറ്റുന്നത് രേഖപ്പെടുത്തിയ രജിസ്റ്റർ ) പ്രകാരം കൈപ്പറ്റിയ ഭക്ഷ്യധാന്യത്തിന്റെ അളവും സ്ഥിതി വിവര കണക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള സംക്ഷിപ്തത്തിന്റെ അളവും തമ്മിൽ അന്തരം കാണുന്നു. കൂടാതെ കൈപ്പറ്റിയ അളവ് യഥാവിധി രേഖപ്പെടുത്തുന്നില്ല. രേഖപ്പെടുത്തലുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല. അങ്കണവാടി സ്റ്റോക്ക്, വിതരണം ഇവ സൂപ്പർവൈസർ സ്ഥാപനം സന്ദർശിച്ച് പരിശോധിച്ചതായി യാതൊരു രേഖപ്പെടുത്തലുകളും പരിശോധനയ്ക്ക് വിധേയമാക്കിയ അങ്കണവാടി ഭക്ഷണ വിതരണ രജിസ്റ്ററിൽ കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ലഭ്യമാക്കിയ ഓഡിറ്റ് എൻക്വയറി നം.9/22/26.10.2022-ന് ലഭ്യമാക്കിയ മറുപടിയിൽ രജിസ്റ്ററുകളിലെ പോരായ്മകൾ എല്ലാം പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടി അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടി ഉണ്ടാകേണ്ടതാണ്.

## 1-36 അങ്കണവാടികളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെട്ടിട്ടില്ല

നഗരസഭാ പ്രദേശത്തെ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ ആശ്രയകേന്ദ്രങ്ങളാണ് അങ്കണവാടികൾ. ആകെ 54 അങ്കണവാടികളാണ് നഗരസഭയിൽ പ്രവർത്തിക്കുന്നത്. ഇവയിൽ 23 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം. 28 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3 എണ്ണം വാടകയില്ലാതെ പ്രവർത്തിക്കുന്നു. 25 അങ്കണവാടികൾക്കു ചുറ്റുമതിൽ ഇല്ല. ഭൂരിഭാഗം അങ്കണവാടികളിലും കുട്ടികളുടെ മാനസികോല്ലാസത്തിന് ചെറിയ കളിപ്പാട്ടങ്ങൾ ഒഴികെ കാര്യമായ സൗകര്യങ്ങൾ (കളി ഉപകരണങ്ങൾ) ഒന്നും തന്നെയില്ല. ബേബി ഫ്രണ്ട് ലി ടോയിലറ്റുകൾ ഒരു അങ്കണവാടിക്ക് പോലും ഇല്ല. 29, 24, 34 എന്നീ വാർഡുകളിൽ അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള

പ്രൊപ്പോസൽ ഉണ്ടെങ്കിലും നഗരസഭ ഇതിൽ തുടർനടപടി സ്വീകരിക്കുന്നില്ല. നഗരത്തിൽ ഒരു സ്മാർട്ട് അങ്കണവാടി പോലും ഇല്ല. മൂന്ന് വർഷങ്ങൾക്ക് മുൻപ് 19-ാം വാർഡിൽ സ്മാർട്ട് അങ്കണവാടിയുടെ നിർമ്മാണത്തിനായി നഗരസഭ ശുപാർശ ചെയ്തിരുന്നെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. സാങ്കേതികാനുമതി ലഭിക്കാത്തതാണ് പ്രവൃത്തി മുടങ്ങിക്കിടക്കാൻ കാരണമായി സൂപ്പർവൈസർ അറിയിച്ചിരിക്കുന്നത്. ടി വസ്തുതകളിൽ നിന്നും അങ്കണവാടികളുടെ ഭൗതിക സാഹചര്യം കൂടുതൽ മെച്ചപ്പെടേണ്ടതാണെന്ന് വ്യക്തമാകുന്നു. അങ്കണവാടികളുടെ നിയന്ത്രണം നഗരസഭയ്ക്ക് കൈമാറി കിട്ടിയിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ഭൂരിഭാഗം അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുപോലും സാധിച്ചിട്ടില്ലാത്തത് വസ്തുതയായി നിലനിൽക്കുന്നു. നഗരസഭയിലെ എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിനും മറ്റ് അടിസ്ഥാനഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-37 നെൽകൃഷി വികസനത്തിന് പ്രോജക്ടില്ല 164 ഹെക്ടർ തരിശു കിടക്കുന്നു.

നഗരസഭ പരിധിയിൽ ചെറുതും വലുതുമായ നിരവധി നെൽ പാടങ്ങളാണ് കൃഷി ചെയ്യാതെ തരിശായി കിടക്കുന്നത്. അത്തരം തരിശു കിടക്കുന്ന നെൽ പാടങ്ങൾ കൃഷി യോഗ്യമാക്കാൻ നഗരസഭയ്ക്ക് പദ്ധതികളില്ല. സുഭിക്ഷ കേരളം പദ്ധതിയിലൂടെ തരിശു കിടക്കുന്ന നെൽ പാടങ്ങൾ കൃഷി യോഗ്യമാക്കാൻ സർക്കാർ മുന്നോട്ട് വെച്ച സാധ്യതകൾ നഗരസഭ പ്രയോജനപ്പെടുത്തിയില്ല. 2021-22 ലെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ വിവരശേഖരണത്തിൽ 164 ഹെക്ടർ നെൽപാടങ്ങൾ തരിശുകിടക്കുന്നതായി കൃഷി ഫീൽഡ് ഓഫീസർ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. നഗരസഭ പ്രദേശത്ത് ആകെയുള്ള 300 ഹെക്ടർ നെൽ പാടങ്ങളിൽ 136 ഹെക്ടറിൽ മാത്രമാണ് നെൽകൃഷി നടക്കുന്നത്. അപ്പർ കുട്ടനാടിന്റെ ഭാഗമായ നഗരസഭപ്രദേശത്തെ പാടങ്ങളിൽ രണ്ടു മുതൽ മൂന്ന് വരെ കൃഷിക്ക് സാധ്യത ഉണ്ടെങ്കിലും കൃഷി നടത്തുന്ന 136 ഹെക്ടറിൽ ഒരു തവണ മാത്രമാണ് കൃഷി ചെയ്യുന്നത്. സുഭിക്ഷ കേരളം പദ്ധതിയിലൂടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ സർക്കാർ നിരവധി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. തരിശു നിലം കൃഷി യോഗ്യമാക്കുവാൻ ഉയർന്ന നിരക്കിന് സബ്സിഡി നൽകുവാൻ സുഭിക്ഷ കേരളം പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നു. കുടുംബശ്രീ സന്നദ്ധ സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ തരിശു നിലം കൃഷി യോഗ്യമാക്കുവാനും പ്രത്യേക പാക്കേജ് നടപ്പിലാക്കുവാനും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി പ്രോജക്ടുകൾ സംയോജിപ്പിക്കുവാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നഗരത്തെ തരിശു രഹിതം ആക്കി മാറ്റുവാൻ ഇത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കാനോ അത്തരം പദ്ധതികൾ വിഭാവനം ചെയ്യുവാനോ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. വിവരശേഖരണത്തിന്റെ ഭാഗമായി കൃഷി ഓഫീസർ നൽകിയ മറുപടിയിൽ തരിശു കിടക്കാൻ കാരണമായി വ്യക്തമാക്കിയിരിക്കുന്നത് കൃഷി നിലങ്ങളുടെ ഉടമസ്ഥർ വിദേശത്ത് സ്ഥിര താമസം ഉള്ളവരാണെന്നാണ്. ഉടമസ്ഥർ വിദേശത്തായതിനാൽ ഇവരിൽ നിന്നും പാട്ട കൃഷിക്ക് കരാർ ചമക്കാൻ കഴിയുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗ രേഖയിലെ നിർദ്ദേശം ഉൾക്കൊണ്ട് ഉടമസ്ഥരുടെയും കർഷകരുടെയും വാട്സ് അപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചും മുക്ത്യാറിന്റെ (Power Of Attorny) അടിസ്ഥാനത്തിലും വിദേശങ്ങളിലുള്ള ഉടമസ്ഥരുമായി ബന്ധപ്പെട്ടും ടി വിഷയത്തിൽ പരിഹാരം കാണാമായിരുന്നു. കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് നഗരസഭാസൂത്രണ സമിതി എന്നിവ ഇതിനായി ശ്രമിച്ചതായി കാണുന്നില്ല. കേരള നെൽവയൽ നികത്തലും തണ്ണീർത്തട സംരക്ഷണവും നിയമ പ്രകാരം രണ്ട് വർഷത്തിലധികം തരിശു കിടക്കുന്ന പാടങ്ങൾ ഏറ്റെടുത്ത് കൃഷി നടത്തുവാൻ സർക്കാരിന് അധികാരം ഉണ്ട്. ആ സാധ്യതയും നഗരസഭ പ്രയോജനപ്പെടുത്തിയതായി കാണുന്നില്ല. കൃഷി ചെയ്യുന്ന 136 ഹെക്ടറിൽ ഒരു കൃഷി മാത്രം നടത്തുന്നത് വെള്ളക്കെട്ട് കാരണമാണെന്ന് കൃഷി ഓഫീസർ മറുപടി നൽകിയത്. വെള്ളക്കെട്ട് ഒഴിവാക്കാൻ വേണ്ടി തോടുകളും നീർചാലുകളും പുനരുദ്ധരിക്കുവാൻ നഗരസഭയ്ക്ക് പുനർജനി പോലുള്ള പ്രോജക്ടുകൾ നടപ്പാക്കാവുന്നതാണ്. ആസ്തി വികസനത്തിനുപയോഗിക്കാവുന്ന വികസനഫണ്ട് ഇതിനുവേണ്ടി ചെലവഴിക്കാവുന്നതാണ്. 2021-22 ലക്ഷക്കണക്കിന് രൂപയാണ് നഗരസഭ ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത്. ഇങ്ങനെ ചെലവഴിക്കാതെ നഷ്ടപ്പെടുത്തുന്ന വികസന ഫണ്ട് ഉപയോഗിച്ച് പാടശേഖരങ്ങളിലെ വെള്ളക്കെട്ടുകൾ ഒഴിവാക്കുവാനുള്ള പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കാമായിരുന്നു.

മേൽ പരാമർശ വിഷയങ്ങളിൽ പരിശോധന നടത്തേണ്ടതും സ്റ്റാന്റിംഗ് കമ്മറ്റികൾ ബന്ധപ്പെട്ട വിഷയ മേഖലകളിൽ സമഗ്രമായ ഇടപെടൽ നടത്തേണ്ടതുമാണ്. പദ്ധതികളുടെ രൂപീകരണ വേളയിൽ മതിയായ പഠനം നടത്തി പ്രസക്തമായ എല്ലാ വിഷയങ്ങളും കണക്കിലെടുക്കേണ്ടതും നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനു വിവിധ തലങ്ങളിലുള്ള മേൽനോട്ടവും ഏകോപനവും ഉണ്ടാകേണ്ടതുമാണ്. ഈ വിഷയങ്ങളിലേക്കു വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടെയും കൗൺസിലിന്റെയും സജീവ ശ്രദ്ധക്ഷണിക്കുന്നു.

സുഭിക്ഷ കേരളം പദ്ധതിയുടെ സാധ്യതകൾ ഉപയോഗിക്കുന്നതിന് കാർഷിക പദ്ധതികൾ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണ്. നഗരസഭയിലെ കാർഷിക പദ്ധതികൾ അയ്യങ്കാളി പദ്ധതിയുമായി യോജിപ്പിച്ച് നടപ്പാക്കി കൃഷിയിടങ്ങൾ തരിശു കിടക്കുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-38 നെൽ കൃഷി വികസനം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം: SOO 41/22

പ്രോജക്ടിന്റെ പേര് : നെൽകൃഷി വികസനം

നിർവ്വഹണോദ്യോഗസ്ഥൻ : കൃഷി ഫീൽഡ് ഓഫീസർ

അടങ്കൽ : 10,97,200/-

ചെലവ് -1,26,000/- രൂപ ബിൽ നം : 21/22 തീയതി. 08/03/2022

ചെലവ് -420000/- രൂപ ബിൽ നം : 22/22 തീയതി. 08/03/2022

1. പാടശേഖര സമിതി കൈപ്പറ്റിയ നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ നെൽ കൃഷി വികസനം പദ്ധതി പ്രകാരം നെൽകൃഷിയ്ക്ക് വിത്ത് ലഭ്യമാക്കുന്നതിന് വേണ്ടി കിലോയ്ക്ക് 42 രൂപ നിരക്കിൽ 5580-കി.ഗ്രം ജ്യോതി നെൽവിത്ത് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ നിന്ന് വാങ്ങിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർത്തിട്ടുള്ള പാടശേഖര സമിതികൾക്ക് വിതരണം നടത്തിയിട്ടുള്ളതുമാണ്.

| ക്രമ നം. | പാടശേഖരസമിതിയുടെ പേര് |
|---|---|
| 1 | ചെമ്പൂക്കാവ് പാടശേഖര സമിതി |
| 2 | മീൻതല വയൽ പാടശേഖര സമിതി |
| 3 | മുത്തൂർ പുതുക്കരി പാടശേഖര സമിതി |

എന്നാൽ പാടശേഖര സമിതികളുടെ കൈപ്പറ്റ് - വിതരണ രേഖകൾ പരിശോധിച്ചതിൽ മീൻതല വയൽ പാടശേഖര സമിതി 180 കി.ഗ്രം നെൽവിത്തും, മുത്തൂർ പുതുക്കരി പാടശേഖര സമിതി 2400 കി.ഗ്രം നെൽവിത്തും ഉൾപ്പെടെ 2580 കി.ഗ്രാം നെൽവിത്ത് കർഷകർക്ക് വിതരണം നടത്തിയിട്ടില്ലാത്തതാണ്. നെൽ വിത്ത് കർഷകർക്ക് വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് 18.11.2022-ന് നൽകിയ 39 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് കൃഷി ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ രണ്ട് പാടശേഖരങ്ങൾ മുഴുവൻ ഏരിയയിലും കൃഷി ചെയ്തിട്ടില്ലായെന്നും ടി സാഹചര്യത്തിൽ 2580 കി.ഗ്രം നെൽവിത്തിന്റെ വില പ്രോജക്ടിൽ നിന്ന് മാറി നൽകിയിട്ടുള്ളതല്ലയെന്നും പാടശേഖര സമതിയ്ക്ക് നൽകിയ 2580/- കിഗ്രാം നെൽവിത്ത് പാടശേഖര സമിതികളിൽ നിന്ന് തിരിച്ച് പിടിച്ച് വിത്ത് വികസന അതോറിറ്റിക്ക് അടക്കുവാൻ നടപടി ചെയ്തുവരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പാടശേഖര സമിതികൾ കർഷകർക്ക് വിതരണം നടത്താതിരിക്കുന്ന 2580 കി.ഗ്രാം നെൽ വിത്തിന്റെ വില 108360 രൂപ ബന്ധപ്പെട്ട പാടശേഖരസമിതികളിൽ നിന്ന് ഈടാക്കി സീഡ് ഡെവലപ്മെന്റ് അതോറിറ്റിയിൽ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

2. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല.

സബ്സിഡി മാർഗ്ഗ നിർദ്ദേശപ്രകാരം ഏക്കറിന് 10000/-രൂപ വീതം കൂലി ചെലവ് അനുവദിക്കാവുന്നതാണ്. ആയത് പ്രകാരം കവിയൂർ പുഞ്ചയിൽ ഉൾപ്പെട്ടിട്ടുള്ള കിഴക്കൻ മുത്തൂർ, ആമല്ലൂർ പാടശേഖരങ്ങളിലെ 42 കർഷകർക്ക് കൂലിച്ചെലവായി 10000/- രൂപ വീതം നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കർഷകരുടെ അപേക്ഷയോടൊപ്പം കൃഷി ഭൂമിയുടെ കരം അടച്ച രസീതിന്റെ കോപ്പി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കർഷകരുടെ കൃഷി ഭൂമിയുടെ വിസ്തൃതിയും ഉടമസ്ഥാവകാശവും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 38 തീയതി. 15.11.2023 ന് ലഭ്യമാക്കിയ മറുപടിയിൽ, കവിയൂർ പുഞ്ചയിൽ ഉൾപ്പെട്ട കിഴക്കൻ മുത്തൂർ, ആമല്ലൂർ പാടശേഖരങ്ങൾ 2018-19 വർഷം മുതൽ പാടശേഖരവും പാട്ടക്കാരനും തമ്മിലുള്ള കരാർ പ്രകാരം കൃഷി ചെയ്തുവരുന്നതാണെന്നും, കരം അടച്ച രസീത് ലഭിക്കുവാൻ സാധ്യത ഇല്ലാത്തതാണെന്നും അറിയിച്ചു. കൂടാതെ പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. ടി സാഹചര്യത്തിൽ അർഹരായ വ്യക്തികൾക്ക് തന്നെയാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല . ആകയാൽ പദ്ധതിക്കായി ചെലവഴിച്ച 420000/-രൂപ തടസ്സപ്പെടുത്തുന്നു. വരും വർഷങ്ങളിൽ ഇപ്രകാരം ഉള്ള ന്യൂനതകൾ ഒഴിവാക്കുന്നതിന് പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-39 ആംബുലൻസ് പരിപാലനം ഭാവിയിൽ ബാധ്യതയാകാൻ സാദ്ധ്യത

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ആംബുലൻസ് നിലവിൽ കാര്യമായ ഉപയോഗമില്ലാതെ നഗരസഭ പരിസരത്ത് പാർക്ക് ചെയ്തിരിക്കുകയാണ്. മാസം ഒന്നോ രണ്ടോ ദിവസം മാത്രമാണ് ഇതിന് ഓട്ടം കിട്ടുന്നത്. എന്നാൽ ഡ്രൈവറുടെ ശമ്പളം ഉൾപ്പെടെ ലക്ഷക്കണക്കിന് രൂപയാണ് പരിപാലന ചെലവ്. ഭാവിയിൽ ആംബുലൻസ് നഗരസഭയ്ക്ക് വലിയ ബാധ്യതയായിത്തീരാനിടയുണ്ട്.

പ്രോജക്ട് നം-145/22 കോവിഡ് പ്രതിരോധം - നഗരസഭയിലേക്ക് ആംബുലൻസ് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരമായിരുന്ന വികസനഫണ്ടിൽ നിന്നും 1282928 രൂപ ചെലവഴിച്ച് ഫോഴ്സ് മോട്ടോർസ് കമ്പനിയുടെ ആംബുലൻസ് നഗരസഭ വാങ്ങിയത്. 14.07.2021-ലാണ് വാഹനം നഗരസഭയ്ക്ക് ലഭിച്ചത്. കോവിഡ് കാലത്ത് (15/1/22 വരെ)6279

കി.മീറ്റർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വാഹനം ഉപയോഗിച്ചിട്ടുണ്ട്. അതിനുശേഷം 11/2022വരെ 2155 കി.മീ മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്.

നഗരസഭ കൗൺസിലിന്റെ 31/12/2021-ലെ 25-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച ബൈലോ പ്രകാരം പൊതുജനങ്ങൾക്ക് നിശ്ചിത നിരക്കിൽ കെ.എൽ. 27.കെ.6155 നമ്പർ ആംബുലൻസിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. 15.01.2022 മുതലാണ് വാടക ഈടാക്കിയിട്ടുള്ളത്. എന്നാൽ ആംബുലൻസ് വാടക ഇനത്തിൽ ലഭിക്കുന്ന വരവും പരിപാലനചെലവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

15.01.2022 മുതൽ 31.12.2022 വരെയുള്ള ഒരുവർഷ കാലയളവിൽ വളരെക്കുറച്ച് ദിവസങ്ങളിൽ (34 ട്രിപ്പ്) മാത്രമാണ് ആംബുലൻസ് രോഗികളുടെ സേവനത്തിനായി ഉപയോഗിച്ചിട്ടുള്ളു. പല മാസങ്ങളിലും രണ്ടോ മൂന്നോ ദിവസം മാത്രമാണ് വാഹനം ഓടിയിട്ടുള്ളത്. കോവിഡ് പ്രതിരോധപ്രവർത്തനത്തിന് ഉപയോഗിച്ചതിന് ശേഷം ഉള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു (15.01.2022 മുതൽ 31.12.2022 വരെ)

വാടകയിനത്തിൽ ആകെ വരവ് - 36730 രൂപ
ചെലവ്

| ഇനം | തുക |
|---|---|
| ഇൻഷ്വറൻസ് | 15227 |
| ഇന്ധനചെലവ് (2/2022-12/2022) | 22910 |
| സർവ്വീസ്/റിപ്പയർ ചാർജ് | 11460 |
| ഡ്രൈവർ വേതനം | 216810 |
| ആകെ പരിപാലന ചെലവ് | 266407 |

നഗരസഭയുടെ തനത് ഫണ്ടിൽ നിന്നാണ് ഈ തുക ചെലവാകുന്നത് എന്നതിനാൽ വരവ് ചെലവ് കണക്കുകൾ താരതമ്യം ചെയ്താൽ നിലവിലെ രീതിയിൽ ആംബുലൻസ് സമീപഭാവിയിൽ തന്നെ നഗരസഭയ്ക്ക് ബാധ്യതയായിത്തീരാനിടയുണ്ട്. ഡ്രൈവർക്ക് ഒരു മാസം നൽകുന്ന വേതനത്തിന്റെ 5% തുക പോലും പല മാസങ്ങളിലും വാടകയിനത്തിൽ ലഭിക്കുന്നില്ല. (വരവ് സംബന്ധിച്ച് ഖണ്ഡിക 1-24 കാണുക).

ബൈലോ പ്രകാരം ബി.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് കുറഞ്ഞ നിരക്കിലാണ് ആംബുലൻസ് സേവനം നഗരസഭ നൽകിവരുന്നത്. സ്വകാര്യ ആംബുലൻസുകൾ ഈടാക്കുന്നതിലും വളരെ കുറഞ്ഞ നിരക്കിലുള്ള സേവനം കൂടുതൽ രോഗികൾക്ക് പ്രയോജനപ്പെടുത്തുന്നതിന് ഉതകുന്ന തരത്തിൽ സേവന വിവരം ജനങ്ങളിലേക്കെത്തിക്കാൻ ഉള്ള നടപടികളോ വിലയിരുത്തലോ നടന്നിട്ടില്ല.
നിലവിൽ നഗരസഭ പരിസരത്താണ് ആംബുലൻസ് പാർക്ക് ചെയ്തിരിക്കുന്നത്. സ്ഥിരമായി ഓടാത്തതിനാൽ വാഹനത്തിന് കേടുപാടുകൾ സംഭവിക്കാനുള്ള വലിയ സാധ്യതയും നിലവിലുണ്ട്. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യസ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് താലൂക്ക് ഹോസ്പിറ്റൽ, പരിസരത്ത് ആംബുലൻസ് പാർക്കിംഗിന് സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ കൂടുതൽ ജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ആംബുലൻസ് സേവനം ലഭ്യമാകും. ഇതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അല്ലാത്തപക്ഷം മേൽ ആസ്തി നിഷ്ഫലമാകുന്നതും ബാദ്ധ്യതയാകുന്നതും തടയാൻ കൂടുതൽ ഉപയോഗമുള്ള നഗരസഭയിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് ഏല്പിച്ചു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.
കൂടാതെ ആംബുലൻസ് പരിപാലനം കൂടുതൽ ബാധ്യതയാകും മുമ്പ് സർക്കാർ അനുമതിയോടുകൂടി ലേല നടപടികളിലൂടെ ആംബുലൻസ് കൈയ്യൊഴിഞ്ഞ് തുക മുതൽ കൂട്ടാനുള്ള സാധ്യതയും പരിഗണിക്കാവുന്നതാണ്. ഈ വിഷയത്തിൽ ഉചിതമായ തീരുമാനത്തിന് കൗൺസിലിനോട് ശുപാർശ ചെയ്യുന്നു.

## 1-40 എ.ബി.സി പ്രോഗ്രാം ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നം. എസ്.ഒ 15/22
ഫണ്ടിനം- വികസനഫണ്ട് (ജനറൽ)

അടങ്കൽ- 3,15,000/-

ചെലവ്- 3,15,000/-

ബിൽ നം. - 21050747000800168355/01.07.2021- 3,15,000/-

നിർവ്വഹണോദ്യോഗസ്ഥൻ -സീനിയർ വെറ്റിനറി സർജൻ

പദ്ധതി തുകയായ 3,15,000/- രൂപ എ.ബി.സി പ്രോഗ്രാമിന്റെ ജില്ലാ മിഷൻ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഡോഗ് ക്യാച്ചേഴ്സ് മുഖേന നഗരസഭയിലെ ഏതൊക്കെ

വാർഡിൽ നിന്നാണ് നായ്ക്കളെ പിടിച്ചത് എന്ന മോണിട്ടറിംഗ് റിപ്പോർട്ട്, വാർഡ് കൗൺസിലറുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തുടങ്ങിയവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം-3 തീയതി 19.08.2022) മറുപടിയോടൊപ്പം വിനിയോഗ സാക്ഷ്യപത്രം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ആയതിനാൽ എ.ബി.സി പ്രോഗ്രാം തുക നഗരപരിധിയിൽ ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റിന് വിലയിരുത്താൻ സാധിച്ചിട്ടില്ല. പദ്ധതി തുക 3,15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മോണിട്ടറിംഗ് റിപ്പോർട്ട്, വാർഡ് കൗൺസിലറുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 വിദ്യാർത്ഥികൾക്ക് പഠനമുറി- ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയില്ല

പദ്ധതിയുടെ പേര് -പഠനമുറി തയ്യാറാക്കൽ

പ്രോജക്ട് നം. S0035/22

നിർവ്വഹണം -പട്ടികജാതി വികസന ഓഫീസർ

പദ്ധതി അടങ്കൽ- 1400000

ചെലവ് -475000

പഠനമുറി തയ്യാറാക്കൽ എന്ന പദ്ധതിയുടെ ഒരു ഗുണഭോക്താവായ സുജ തങ്കപ്പൻ, മാമ്പറയിൽ, മഞ്ഞാടി 2021-22 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവായ 50000/- രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയില്ല. നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/21-22 തീയതി: 26.10.2022) ലഭ്യമാക്കിയ മറുപടിയിൽ ടി തുക ഉപയോഗിച്ച് പഠനമുറിയുടെ ബേസ്മെന്റ് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ട തുക അനുവദിക്കുന്നതിലേക്ക് വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിന് നഗരസഭയിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടി പട്ടികജാതി വികസന ഓഫീസർ സ്വീകരിക്കേണ്ടതും പുരോഗതി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-42 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ

2021-22 സാമ്പത്തികവർഷം ദാരിദ്രലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നഗരസഭ മുഖേന 2 പ്രോജക്ടുകൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി നടപ്പാക്കി.

1) പ്രോജക്ട് നം-142/22 കോവിഡ് പ്രതിരോധം-ശുചീകരണസാധനങ്ങൾ വാങ്ങൽ

2)പ്രോജക്ട് നം-146/22-CFLTC പരിപാലനം

മേൽ പ്രജക്ടുകളുടെ നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1)പൾസ് ഓക്സീമീറ്റർ -സ്റ്റോക്കിൽ 61എണ്ണം ബാലൻസുള്ളപ്പോൾ 300 എണ്ണം അധികം വാങ്ങി --ഉപയോഗിച്ചിട്ടില്ല

ഒന്നാമത്തെ പ്രോജക്ട് പ്രകാരം വാർഡുതല സമിതികളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കായി 1495495/- രൂപയുടെ സാധനസാമഗ്രികൾ KSIELൽ നിന്നും വാങ്ങി. മേൽസാധനങ്ങളുടെ സ്റ്റോക്ക് വിതരണവിവരങ്ങൾ സ്റ്റോക്ക് രജസ്റ്റർ 6ാം വാല്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഫയലിൽ കാണുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രോജക്ട് പ്രകാരം 9 ഇനം സാധനങ്ങൾ വാങ്ങിയിട്ടുണ്ട്. അതിൽ 300 പൾസ് ഓക്സീമീറ്റർ ഉൾപ്പെടുന്നു. സ്ഥാപനത്തിന്റെ 20-05-2021 ലെ ഇൻവോയിസ് നം-KSIE/MKTG/TVMBC/TVLAപ്രകാരമാണ് സപ്ലൈഓർഡർ നൽകി മേൽ സാധനങ്ങൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ തന്നെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വിവിധ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും 139 ഓക്സീമീറ്റർ നൽകിയതായി സ്റ്റോക്ക് രജിസ്റ്റർ പേജ് 9 ൽ രേഖപ്പെടുത്തി കാണുന്നു. (20.5.2021ൽ 6, 25.5.2021 ൽ 83, 26.5.2021 ൽ 50). ഇതിൽ 26.5.21 ൽ ലഭിച്ചത് ആരിൽ നിന്നെന്ന് വ്യക്തമല്ല. വാർഡുകളിൽ 2 എന്ന കണക്കിന് 39 വാർഡുകളിലേക്കായി 78 എണ്ണം 26.5.21 ൽ വിതരണം ചെയ്തതിന്റെ ബാക്കി 61 എണ്ണം നിലവിലും ഉപയോഗിക്കാതെ ബാലൻസുള്ളതായി 146/22 പ്രോജക്ട് സ്റ്റോക്ക് രജിസ്റ്റർ പേജ് 9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം ഓക്സീമീറ്റർ വിതരണം ചെയ്യാതെ സ്റ്റോക്കിലുള്ളപ്പോൾ 300 എണ്ണം കൂടി വാങ്ങിയതിന്റെ കാരണം ബോധ്യപ്പെട്ടിട്ടില്ല. സ്റ്റോക്കിലുള്ള ബാലൻസ് ഓക്സീമീറ്ററിന്റെ നിലവിലെ സ്ഥിതി ബോധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ പ്രോജക്ട് പ്രകാരം വാങ്ങിയ 4 പവർ സ്പ്രേയറുകളുടെ നിലവിലെ സ്ഥിതി റിപ്പോർട്ടു ചെയ്യേണ്ടതാണ്. മേൽ സ്പ്രേയറുകൾ ആവശ്യത്തിനുശേഷം നഗരസഭാ സ്റ്റോക്കിലെടുത്തതായി രേഖകളിൽ കാണുന്നില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

CFLTC ശുചീകരണം -രേഖകൾ പൂർണ്ണമല്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു .

മാർത്തോമ്മാ കോളേജ് ഹോസ്റ്റലിൽ 12.5.21 ന് പ്രവർത്തനം ആരംഭിച്ചിരുന്ന CFLTC യിലെ ശുചീകരണ ചുമതല ക്രിസ്ഗ്ലോബൽ എന്റർപ്രൈസസ് എന്ന സ്ഥാപനത്തെയാണ് ഏല്പിച്ചിരുന്നത്. CFLTC നടത്തിപ്പുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ശുചീകരണ ചുമതല കുടുംബശ്രീയെ ഏല്പിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ മേൽ പ്രവർത്തനം ഏറ്റെടുക്കാൻ കഴിയില്ലെന്ന് ഈസ്റ്റ് സി.ഡി.എസ് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് ക്രിസ് ഗ്ലോബൽ എന്ന സ്ഥാപനത്തെ മേൽ ചുമതല ഏൽപിച്ചത്. നഗരസഭയിൽ പ്രവർത്തിക്കുന്ന വെസ്റ്റ് സി.ഡി.എസിനെ മേൽ ചുമതല ഏല്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഒരുദിവസം പരമാവധി 10 തൊഴിലാളികൾ എന്ന തരത്തിൽ ഒരാൾക്ക് 750/- രൂപ നിരക്കിലാണ് ശുചീകരണത്തിന് വേതനം നിശ്ചയിച്ചിരുന്നത്. മേൽ സ്ഥാപനത്തിന് ആകെ 834750/-രൂപ നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

| കാലയളവ് | ശുചീകരണത്തിലേർപ്പെട്ടവരുടെ എണ്ണം | ചെലവ് തുക | ചെക്ക് നം., തീയതി |
|---|---|---|---|
| 16.5.21–20.5.21 (5 ദിവസം) | 4 പേർ | 15000 | 40180/11.6.21- 88500/- |
| 21.5.21–24.5.21 (4 ദിവസം) | 7 പേർ | 21000 | |
| 25.5.21–31.5.21 (7 ദിവസം) | 10 | 52500 | |
| 1.6.21–30.6.21 | | 180000 | 040193/13.7.21–180000/- |
| 1.7.21–31.7.21 | | 186000/- | 040204/17.8.21--186000/- |
| 1.8.21–31.8.21 | | 186000/- | 040215/24.12.21-380250/- |
| 1.9.21–30.9.21 | | 157500 | |
| 1.10.21—13.10.21 | | 36750/- | |
| | | 834750/- | 834750/- |

CFLTC നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ (സ.ഉ.(സാധാ)955/2020 /ത.സ്വ.ഭ.വ/25.5.20, സ.ഉ.(സാധാ)1364/2020/ത.സ്വ.ഭ.വ/16.7.20) പ്രകാരം ശുചീകരണത്തിനായി കുടുംബശ്രീയുടെ സഹായം തേടാനും അത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറമേയുള്ള സംവിധാനങ്ങളെ ആശ്രയിക്കാവുന്നതുമായിരുന്നു. നഗരസഭയിൽ 2 സി.ഡി.എസ് ഉണ്ടായിരിക്കെ വെസ്റ്റ് സി.ഡി.എസിനെ മേൽ പ്രവർത്തനം നടത്തുന്നതിന് സമീപിച്ചിരുന്നില്ല.

2) സ്ഥാപനത്തിന്റെ ആവശ്യപ്രകാരം ക്ലയിം ചെയ്ത തുക നൽകി. ശുചീകരണത്തിന് ഓരോ ദിവസവും നിയമിച്ച തൊഴിലാളികളുടെ വിവരം, അവരുടെ മസ്റ്റർ റോൾ, വേതനം നൽകിയ വിവരങ്ങൾ ഇവ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല.

3)ക്ലീനിംഗ് നടത്തുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച രജിസ്റ്ററുകൾ, റൂം ക്ലീനിംഗ് ചാർട്ട്, വാർഡ് ക്ലീനിംഗ് ചാർട്ട്, ടോയ് ലെറ്റ് ക്ലീനിംഗ് ചാർട്ട്) തുടങ്ങിയ അടിസ്ഥാന രേഖകൾ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും

ലഭ്യമാക്കിയിട്ടില്ല. ക്ലീനിംഗുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട രേഖകൾ പരിശോധിച്ച് ക്ലയിം ബോദ്ധ്യപ്പെടാതെ സ്ഥാപനം ക്ലീനിംഗിനായി ചെലവായതായി അവകാശപ്പെട്ട തുക നൽകുകയാണ് ചെയ്തതെന്ന് കണക്കാക്കുന്നു. 10 രോഗികൾക്ക് കുറഞ്ഞത് ഒരാളുടെ സേവനം ലഭ്യമാക്കാനാണ് മാർഗ്ഗ നിർദ്ദേശത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ഈ അനുപാതം പാലിക്കുമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് കരാർ ചമച്ചിട്ടുള്ളതും. എന്നാൽ സി.എഫ്.എൽ.റ്റി.സി ഇൻമേറ്റ് രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയതിൽ ഈ അനുപാതത്തിന് വളരെ വലിയ അന്തരമുള്ളതായി കാണുന്നു. 16.5.21 മുതൽ 31.5.21 വരെയുള്ള വിവരങ്ങൾ ഉദാഹരണമായി ചുവടെ ചേർക്കുന്നു.

| തീയതി | ഇൻമേറ്റ് രജിസ്റ്റർ പ്രകാരം രോഗികളുടെ എണ്ണം | 10 രോഗികൾക്ക് ഒരാൾഎന്ന നിരക്കിൽ ആവശ്യമായ ക്ലീനിംഗ് സ്റ്റാഫിന്റെ പരമാവധി എണ്ണം | ക്ലയിം പ്രകാരം നിയമിച്ച ക്ലീനിംഗ് സ്റ്റാഫിന്റെ എണ്ണം |
|---|---|---|---|
| 16.5.21 | 9 | 1 | 4 |
| 17.5.21 | 13 | 2 | 4 |
| 18.5.21 | 20 | 2 | 4 |
| 19.5.21 | 25 | 3 | 4 |
| 20.5.21 | 25 | 3 | 4 |
| 21.5.21 | 25 | 3 | 7 |
| 22.5.21 | 29 | 3 | 7 |
| 23.5.21 | 29 | 3 | 7 |
| 24.5.21 | 29 | 3 | 7 |
| 25.5.21 | 35 | 4 | 10 |
| 26.5.21 | 34 | 4 | 10 |
| 27.5.21 | 35 | 4 | 10 |
| 28.5.21 | 40 | 4 | 10 |
| 29.5.21 | 43 | 5 | 10 |
| 30.5.21 | 47 | 5 | 10 |
| 31.5.21 | 45 | 5 | 10 |

മേൽ പട്ടികയിൽ നിന്നും രോഗികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ കൂടുതൽ ക്ലീനിംഗ് സ്റ്റാഫിനെ നിയമിച്ചതായാണ് സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളത്. ക്ലീനിംഗ് നടത്തുന്നതിന്റെ ഭാഗമായി സർക്കാർ നിർദ്ദേശിച്ച രജിസ്റ്ററുകൾ, രേഖകൾ ഇവയൊന്നും സൂക്ഷിച്ചിട്ടില്ല. സ്ഥാപനം ക്ലയിം ചെയ്ത തുകയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കാൻ അടിസ്ഥാനമാക്കേണ്ട രേഖകളൊന്നും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പരിശോധന കൂടാതെ ക്ലയിം

അംഗീകരിച്ച നൽകുകയാണ് ചെയ്തതെന്ന് കണക്കാക്കുന്നു. സി.എഫ്.എൽ റ്റി.സി യുടെ ശുചീകരണത്തിന്റെ ചുമതല ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഷാജഹാൻ -നെ ചുമതലപ്പെടുത്തിക്കൊണ്ടും ആയതിന്റെ മേൽനോട്ടം ഹെൽത്ത് സൂപ്പർവൈസ്സർക്ക് നൽകിക്കൊണ്ടും നോഡൽ ഓഫീസറായി പി.എ.ടു സെക്രട്ടറിയെ നിയമിച്ചുകൊണ്ടും H6-10121/20 /28.4.21പ്രകാരം സെക്രട്ടറി ഉത്തരവായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ഉൾപ്പെടെ കൗൺസിലർമാർ ശുചീകരണം സംബന്ധിച്ച് റിപ്പോർട്ട് നൽകിയിരുന്നു. അത് പ്രകാരം 2 തൊഴിലാളികൾ മാത്രമാണ് ശുചീകരണത്തിൽ ഏർപ്പെട്ടിരുന്നത് എന്ന് നേരിട്ട് ബോദ്ധ്യപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ രേഖകൾ ഹാജരാക്കാതെയും വ്യക്തമായ പരിശോധന കൂടാതെയും സ്ഥാപനം ആവശ്യപ്പെട്ട പ്രകാരം തുക അനുവദിച്ച നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഫയൽ, ലഭ്യമാക്കിയ രേഖകൾ ഇവയുടെ പരിശോധനയിൽ ആവശ്യം വേണ്ട രേഖകൾ സൂക്ഷിച്ചിട്ടില്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ മേൽ സ്ഥാപനത്തിന് നൽകിയ തുക തടസ്സപ്പെടുത്തുന്നു.

CFLTC - അക്കൗണ്ടിൽ ബാലൻസ് തുടരുന്നു .

CFLTC നടത്തിപ്പിനായി സ.ഉ (സാധാ)955/20/25.5.2020 ന്റെ അടിസ്ഥാനത്തിൽ 2 അക്കൗണ്ടുകൾ സൗത്ത് ഇന്ത്യൻ ബാങ്കിൽ ആരംഭിച്ചിട്ടുണ്ട്. ചെയർപേഴ്സണിന്റെയും പി.എ. ടു സെക്രട്ടറിയുടേയും പേരിൽ നം. 1179053000022492 ചെയർപേഴ്സണിന്റെയും ഹെൽത്ത് സൂപ്പർവൈസറുടേയും പേരിൽ നം.0079053000022491 എന്നീ അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത്. ഇതിൽ ചെയർപേഴ്സണിന്റെയും പി.എ.ടു സെക്രട്ടറിയുടേയും പേരിൽ അക്കൗണ്ട് നം. 1179053000022492 ലൂടെയാണ് എ.ഡി.എം ജൂബിലിഹാളിലെ സി.എഫ്.എൽ.റ്റി.സി സജ്ജീകരണത്തിനും മാർത്തോമ്മാ കോളേജ് ഹോസ്റ്റലിൽ സജ്ജീകരിച്ച സി.എഫ്.എൽ.റ്റി.സി നടത്തിപ്പിനുമുള്ള ഇടപാടുകൾ നടത്തിയത്. ഈ അക്കൗണ്ടിൽ 1335169/- രൂപ ദുരന്ത നിവാരണഫണ്ടിൽ നിന്നും 2384007/-രൂപ നഗരസഭാ ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തു ലഭിച്ചിട്ടുണ്ട്. പലിശ വരവ് ഉൾപ്പെടെ 3742709/-രൂപയിൽ ചെലവ് കഴികെ 9.12.2022 ൽ 349791/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക തനത്ഫണ്ടിൽ വരവ് വച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. ആരംഭിച്ച അക്കൗണ്ട് നം.0079053000022491-ലൂടെ നടത്തിയ ഇടപാടുകളുടെ വിവരം, പാസ്ബുക്ക് തുടങ്ങി യാതൊരു രേഖകളും ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

CFLTC - തിരിച്ചെടുത്ത സാധനങ്ങൾ കൗൺസിൽ തീരുമാനം കൈക്കൊണ്ട് ഒരുവർഷം പിന്നിട്ടിട്ടും ഉപയാഗയോഗ്യമാക്കിയിട്ടില്ല .

15.5.21 മുതൽ 13.10.21 വരെ കുറ്റപ്പുഴ മാർത്തോമ്മാ കോളേജ് ലേഡീസ് ഹോസ്റ്റലിൽ പ്രവർത്തിച്ച CFLTCയുടെ പ്രവർത്തനത്തിനായി നൽകിയ സാധനങ്ങൾ തിരിച്ചെടുക്കാനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 27 ഇനം നോൺ-മെഡിക്കൽ ഉപകരണങ്ങളും 29 ഇനം മെഡിക്കൽ ഉപകരണങ്ങളും തിരികെ സ്റ്റോക്കിലെടുത്തിട്ടുണ്ട്. 9.2.2022 ലെ കൗൺസിലിന്റെ 17 ാം നമ്പരായുള്ള തീരുമാനപ്രകാരം നഗരസഭയ്ക്ക് ആവശ്യമില്ലാത്ത സാധനങ്ങൾ അടിയന്തിര ഘട്ടത്തിൽ നഗരസഭ ആവശ്യപ്പെട്ടാൽ തിരികെ നൽകാം എന്ന വ്യവസ്ഥയോടുകൂടി നഗരസഭയുടെ അധീനതയിലുള്ള ആരോഗ്യസ്ഥാപനങ്ങൾക്ക് നൽകുന്നതിന് തീരുമാനിച്ചു. എന്നാൽ നാളിതുവരെയായി മേൽ തീരുമാനം നടപ്പാക്കിയിട്ടില്ല. മേൽ സാധനങ്ങൾ നിലവിലും നഗരസഭയുടെ സ്റ്റോക്കിൽ തുടരുന്നു.

സംഭാവനയുടെ വിവരങ്ങൾ ലഭ്യമല്ല

CFLTC നടത്തിപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം CFLTC നടത്തിപ്പിനായി ലഭിക്കുന്ന സാധനങ്ങൾ, പണം ഇവയുടെ രജിസ്റ്റർ നിർദ്ദിഷ്ഠ മാതൃകയിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ മേൽപ്രകാരം ലഭിച്ച വരവിന്റെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം ലഭിച്ച വരവ് ഇനങ്ങളുടെ വിവരവും അക്കൗണ്ടുചെയ്തതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-43 മിനി എംസിഎഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ നിരക്കിൽ നിന്നും വ്യതിചലിച്ച് ഉയർന്ന നിരക്ക് അനുവദിച്ചതു വഴി 1.34 ലക്ഷം രൂപയുടെ അധിക ചെലവ്.

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ

പ്രോജക്ട് നം/പേര് : 317/22 ( മിനി എംസിഎഫ് തയ്യാറാക്കൽ )

ഫയൽ നം : E2-15270/ 20

എം ബുക്ക് നം : 203 / 20-21

എഗ്രിമെന്റ് നം : 144 / 20-21 Dt 30-10-20

ചെലവു വിവരം

2020-21 E2 / 542 / CFC / 20-21 / Dt : 30.03.21 - 813150 ( ധന.ഗ്രാന്റ്)

2021-22 Vr 50 / 5 Dt:17.05.21 (Online Payment) - 707811 (സ്വച്ച് ഭാരത് അഭിയാൻ + ശുചിത്വ മിഷൻ ഫണ്ട് ) 21

Chq No 515228 / 03.12.21 - 149556 ശുചിത്വ മിഷൻ ഫണ്ട്

5259674 / 01.01.22 - 33950

നഗരസഭ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനായി ഷെഡുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 2020-21 വർഷം അംഗീകാരം ലഭിച്ച പദ്ധതി 2021-22 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. 26 മിനി എംസിഎഫുകൾ സ്ഥാപിക്കുന്നതിനു 1914000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും, ടെണ്ടർ ക്ഷണിച്ച് 'പ്രകൃതി ഇൻഫ്രാസ്ട്രക്ചർ ഡിസൈൻ & കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, അടൂർ' എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് ഹെൽത്ത് വിഭാഗവും, ശുചിത്വ മിഷന്റേയും ശുപാർശയുടെ അടിസ്ഥാനത്തിൽ ഷെഡിന്റെ അറകളുടെ എണ്ണം 4 ൽ നിന്നും 6 ആയി വർദ്ധിപ്പിക്കുന്നതിനു തീരുമാനിക്കുകയും എന്നാൽ നിലവിലുള്ള എസ്റ്റിമേറ്റിൽ പ്രസ്തുത രീതിയിൽ നിർമ്മാണം സാധിക്കില്ല എന്ന് കരാർ ലഭിച്ച സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയതിനു 04-02-2021 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 02-03-21 മുതലാണ്. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 23 മിനി എംസിഎഫുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 1 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 10.16.1 Steel Work In Built Up Tubular Trusses Etc എന്ന ഇനമാണ്. ഇതിൽ 50 X 25 X 2 Mm Rectangular Tube ന്റെ പരിവർത്തന ഘടകം 2.15 എന്നും ( 2.15 Kg / മീറ്റർ ), 25 X 25 X 2 Mm Square Tube ന്റെ പരിവർത്തന ഘടകം 1.37 ( 1.37 Kg /മീറ്റർ ) എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 2 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 10.25.2 Item Shifted To Head 14 As Item 14.74 Steel Work Welded In Built Up / Frame Work എന്ന ഇനമാണ്.ഇതിൽ Frame IA 25X25X3 Mm ന്റെ പരിവർത്തന ഘടകം 1.10 ( 1.10 Kg /മീറ്റർ) എന്നും 100 X 100 X 5 Mm Mesh Pieces ന്റെ പരിവർത്തന ഘടകം 1.84 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ എം ബുക്കിൽ പ്രസ്തുത ഇനങ്ങളുടെ അളവുകൾ രേഖപ്പെടുത്തിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ പരിവർത്തന ഘടകത്തിനേക്കാൾ ഉയർന്ന വാല്യൂ ഉൾപ്പെടുത്തിയതിനാൽ കണക്കാക്കിയ മെറ്റീരിയലിന്റെ അളവിൽ വ്യത്യാസം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| (1) ഇനം | (2) എംബുക്കിലെ രേഖപ്പെടുത്ത-ൽ പ്രകാരമുള്ള ആകെ നീളം ( മീറ്റർ ) | (3) എംബുക്കിലെ രേഖപ്പെടുത്തൽ പ്രകാരമുള്ളC.F ( പരിവർത്തന ഘടകം) | (4) കണക്കാക്കിയ തൂക്കം (നീളം X CF ) (Kg) | (5) റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള C F | (6) അനുവദനീയ - മായ തൂക്കം നീളം X CF ( Kg ) | (7) തൂക്കത്തിലുള്ള വ്യത്യാസം (4) – (6) ( Kg ) | (8) അധിക ചെലവ് (ടെണ്ടർ നിരക്ക് X കോളം 7 ) |
|---|---|---|---|---|---|---|---|
| 50x25x2 Mm Rectan-gular Tube | 1451.76 | 2.33 | 3382.60 | 2.15 | 3121.28 | 261.32 | 116x261.32 = 30313.12 |
| 25x25x2 Mm Square Tube | 579.60 | 1.46 | 846.21 | 1.37 | 794.05 | 52.16 | 116x52.16 = 6050.56 |
| Frame IA 25X25X3 Mm | 3680 | 1.21 | 4452.80 | 1.10 | 4048 | 404.80 | 111x404.80 = 44932.80 |
| 100x100x5 Mm Mesh Pieces | 920 | 2.36 | 2171.20 | 1.84 | 1692.80 | 478.40 | 111x478.40 = 53102.40 |
| | | | | | | | ആകെ 134399 |

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നം 16 / 06-10-22 ) മറുപടി ഹാജരാക്കിയിട്ടുണ്ട്. Steel Work In Built Up Tubular Trusses എന്ന ഇനത്തിൽ Structural Steel Sections ന്റെ Actual Weight അളന്നു തിട്ടപ്പെടുത്തിയാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും, എന്നാൽ ഇതു സർട്ടിഫൈ ചെയ്യാൻ വിട്ടു പോയിട്ടുള്ളതാണെന്നും, ആയതു സർട്ടിഫൈ ചെയ്തു നൽകുന്നതാണെന്നും മറുപടിയിൽ

രേഖപ്പെടുത്തിയിരിക്കുന്നു. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള അളവുകളിൽ ലിമിറ്റ് ചെയ്താണ് പ്രവൃത്തിയുടെ മൂല്യം കണക്കാക്കേണ്ടത്. ആകയാൽ അധികം ചെലവഴിച്ച 134399 രൂപ അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-44 ഷീ ലോഡ്ജ് നിർമ്മാണം - ആസൂത്രണം , നിർവ്വഹണം എന്നിവയിലെ പാളിച്ച – ഉദ്ഘാടനം കഴിഞ്ഞിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചില്ല.

ഫയൽ നം : E3/ 22239/19, E2 – 14492/20

നഗരസഭ പ്രൈവറ്റ് ബസ് സ്റ്റാൻഡിനു സമീപം, വാർഡ് 13 ൽ ഷീ ലോഡ്ജിനു വേണ്ടിയുള്ള നിർമ്മാണ പ്രവർത്തികൾ നടന്നു വരികയാണ്. ഷീ ലോഡ്ജ് നിർമ്മാണം Phase I , Phase II എന്നിങ്ങനെ രണ്ടു പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണത്തിനുള്ള തുക വകയിരുത്തിയിട്ടുള്ളത്. Phase I പദ്ധതിയ്ക്ക് 2019-20 ൽ അംഗീകാരം ലഭിച്ചിട്ടുള്ളതും, Phase II പദ്ധതിയ്ക്ക് 2020-21 ൽ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. 2021-22 ൽ സ്പിൽ ഓവർ പദ്ധതികളായി അംഗീകാരം നേടിയിട്ടുള്ളതുമാണ്. പദ്ധതികളായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ ചുവടെ ചേർക്കുന്നു. Phase I പദ്ധതിയുടെ അടങ്കൽ 39.92 ലക്ഷം രൂപയാണ്. കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം വരെയുള്ള പ്രവർത്തികൾ ഇതിൽ ഉൾപ്പെടുത്തിയിരുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 30-06-20 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരണ കാലാവധി 6 മാസമായിരുന്നു (29-12-20). കോവിഡ് പ്രതിസന്ധി കാരണം പൂർത്തീകരണ സമയം 28-12-21 വരെയും, തുടർന്ന് 28-03-22 വരെയും നീട്ടി നൽകിയിരുന്നു. ചില ഇനങ്ങൾ ഒഴിവാക്കിയും, ചുറ്റമതിൽ നിർമ്മാണം ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനു 28-02-2022 ൽ സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. വേനൽ മഴ മൂലം സെപ്റ്റിക് ടാങ്കിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല എന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ 28-06-22 വരെപൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ചിരുന്നു. 3 പാർട്ട് ബില്ലുകളിലായി 29.75 ലക്ഷം രൂപ നാളിതു വരെ Phase I പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. നാളിതു വരെയും വർക്ക് പൂർത്തീകിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല.

Phase II പദ്ധതിയുടെ അടങ്കൽ 40 ലക്ഷം രൂപയാണ്. കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവർത്തികൾ , നടപ്പാതയിൽ ഇന്റർ ലോക്ക് ബ്ളോക്കുകൾ വിരിയ്ക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 08-01-21 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. 31-12-21 ൽ കരാറുകാരൻ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പൂർത്തീകരണ കാലയളവ് 08-07-22 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. പല ഇനങ്ങളിലും, അളവുകളിലും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും മാറ്റം വന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് 28-12-21ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ലഭ്യമല്ല. രണ്ട് പാർട്ട് ബില്ലുകളിലായി 14.64 ലക്ഷം രൂപ Phase II പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. നാളിതു വരെയും വർക്ക് പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. 30-04 -22 ൽ ഷീ ലോഡ്ജ് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നിവയിലെ താഴെ പരാമർശിച്ചിട്ടുള്ള ന്യൂനതകൾ കാരണം നിർമ്മാണം പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കുന്നതിനു സാധിച്ചിട്ടില്ല.

1) കോളേജ് ഓഫ് എഞ്ചിനീയറിംഗ് നൽകിയിട്ടുള്ള സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിൽ,3 നിലയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനാണെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളിൽ 3 നിലകളുള്ള കെട്ടിട നിർമ്മാണത്തെപ്പറ്റി പരാമർശിച്ചിട്ടില്ല. 200 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒറ്റ നിലയിലുള്ള കെട്ടിട നിർമ്മാണത്തിനാണ് രണ്ടു പദ്ധതികളിലായി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഷീ ലോഡ്ജിനു വേണ്ടി വിഭാവനം ചെയ്തതനുസരിച്ചുള്ള കെട്ടിട നിർമ്മാണം, ഒറ്റ പദ്ധതിയായി പൂർത്തിയാകുന്ന വിധത്തിൽ ബഹുവർഷ പ്രോജക്ട് തയ്യാറാക്കുന്നതിനു സാധിച്ചിട്ടില്ല.

2) Phase II പദ്ധതിയുടെ പല ഇനങ്ങളിലും, അളവുകളിലും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും മാറ്റം വന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് 28-12-21ൽ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അംഗീകാരം നേടാത്തതിനുള്ള കാരണം വ്യക്തമല്ല.

3) Phase II പദ്ധതിയുടെ എം ബുക്കിൽ ( M Book 215 / 220-21 ) പേജ് നം 5 മുതൽ 28 വരെ E1 മുതൽ E4 വരെയുള്ള ഇനങ്ങളും പേജ് നം 68 മുതൽ 77 വരെ E5 മുതൽ E6 വരെയുള്ള ഇനങ്ങളും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല.

4) Phase II പദ്ധതിയുടെ ടെണ്ടർ ക്ഷണിച്ചതിൽ, കുറഞ്ഞ നിരക്കായ 3349175 രേഖപ്പെടുത്തിയ ശ്രീ.ജോൺ മാത്യുവിനെ സെലക്ട് ചെയ്തിട്ടുള്ളതും, 07-10-2020 ൽ സെലക്ഷൻ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. സെലക്ഷൻ നോട്ടീസിലെ രേഖപ്പെടുത്തൽ പ്രകാരം, പിഴ കൂടാതെ കരാർ ഉടമ്പടി ഒപ്പു വയ്ക്കുന്നതിനുള്ള സമയം 19-10-20 വരെയും, 1 % പിഴയോടുകൂടി കരാർ ഒപ്പു വയ്ക്കുന്നതിനുള്ള സമയം 30-10-20 വരെയുമാണ്. എന്നാൽ കരാർ ഉടമ്പടി ഒപ്പു വയ്ച്ചിട്ടുള്ളത് 08-01-21 ലാണ്

(എഗ്രിമെന്റ് നമ്പർ:159(1)/20-21 Dt : 08-01-21). ഫയൽ നമ്പർ E2-14492/20-ൽ, യഥാസമയം കരാർ ഉടമ്പടി ഒപ്പു വയ്ക്കാത്തതിനാൽ ബിൽ തയ്യാറാക്കുമ്പോൾ 1% പിഴ ഈടാക്കാവുന്നതാണ് എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു പാർട്ട് ബില്ലുകളിലായി (നികുതികൾ കുറവു വരുത്തി) 1379422 രൂപ കരാറുകാരനു അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ പിഴ ഇനത്തിൽ ഈടാക്കേണ്ട 25000 രൂപ ബില്ലുകളിൽ നിന്നും കുറവു വരുത്തിയിട്ടില്ല.

5) രണ്ടു പദ്ധതികളുടെയും കരാർ ഏറ്റെടുത്തിരിക്കുന്നത് ഒരേ കരാറുകാരനാണ്. പൂർത്തീകരണ കാലയളവ് പല തവണ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും ഉദ്ഘാടനം കഴിഞ്ഞു മാസങ്ങൾ പിന്നിട്ടിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.
മേൽ പരാമർശിച്ച വിഷയങ്ങളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (41/21-22 തീ: 22.11.22) മറുപടി ഹാജരാക്കിയിട്ടുണ്ട്. ഷീ ലോഡ്ജ് നിർമ്മാണം മൂന്നു നിലകളിലായി നടത്തുന്നതിനാണ് ഇനിഷ്യൽ പ്ളാനിംഗ് നടത്തിയിട്ടുള്ളതെന്നും, ആദ്യ വർഷം ഫണ്ട് ലഭ്യത അനുസരിച്ച് രണ്ടു ഘട്ടങ്ങളിലായി ഗ്രൗണ്ട് ഫ്ളോർ നിർമ്മിക്കുന്നതിനു പദ്ധതികൾ തയ്യാറാക്കുകയായിരുന്നുവെന്നും, Phase 1 ന്റെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ചില ഇനങ്ങളുടെ അളവുകളിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ വർദ്ധനവ് വന്നിട്ടുള്ള ഭാഗം Phase II ൽ ഉൾപ്പെടുത്തിയതിനാലാണ് Phase II ന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ കാലതാമസം നേരിട്ടതെന്നും എം ബുക്കിൽ രേഖപ്പെടുത്തിട്ടുള്ള ഇനങ്ങൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഫൈനൽ ബില്ലിൽ നിന്നും പിഴ തുക ഈടാക്കുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് കുറവുള്ള സാഹചര്യത്തിൽ Phase 1, Phase II പദ്ധതികൾ ഏകീകരിച്ച് ബഹുവർഷ പദ്ധതിയായി ആവിഷ്കരിച്ചിരുന്നെങ്കിൽ ഒന്നിൽ കൂടുതൽ പദ്ധതികൾ തയ്യാറാക്കുന്നതിലെ പ്രയോഗിക ബുദ്ധിമുട്ടുകളും, പദ്ധതി നിർവ്വഹണത്തിലെ ആശയ കുഴപ്പങ്ങളും ,കാലതാമസവും ഒഴിവാക്കാൻ സാധിക്കുമായിരുന്നു. കെട്ടിടത്തിന്റെ ഉദ്ഘാടന ശേഷവും നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലായെന്നത് പ്രത്യേക ശ്രദ്ധ ക്ഷണിക്കപ്പെടേണ്ട വിഷയമാണ്. വരും വർഷങ്ങളിൽ നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടുന്ന പദ്ധതികൾ ആവിഷ്കരിക്കരിക്കുമ്പോൾ മേൽ പരാമർശിച്ച ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചെലവു വിവരം ( 2021 -22 )

| ബിൽ നം / തീയതി | തുക |
|---|---|
| E3 – 22239 /19 / 31-01-22 | 84043 |
| E2 – 14492 / 20 / 31-01-22 | 860247 |
| E2 – 14492 / 20 / 24-03-22 | 604167 |

## 1-45 ശബരിമല ഇടത്താവളം - ആസൂത്രണത്തിലെ പാളിച്ച – പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭാവസ്ഥയിൽ തുടരുന്നു.

ഫയൽ നം : E2/ SO328/21 , E2 – 14355/17

ശബരിമല തീർത്ഥാടന കാലത്ത് തീർത്ഥാടകർക്കു വിശ്രമത്തിനായി ഉപയോഗിക്കുന്നതിനും, സീസൺ കഴിയുന്ന മുറയ്ക്കു മറ്റു തീർത്ഥാടകർക്കും, നഗരസഭ അനുമതി നൽകുന്ന പരിപാടികൾക്കും ഉപയോഗിക്കുന്നതിനും വേണ്ടി കെട്ടിട നിർമ്മാണം നടത്തുന്നതിനായി 2020-21 സാമ്പത്തിക വർഷം 75 ലക്ഷം രൂപ അടങ്കൽ തുകയിൽ പദ്ധതിയ്ക്കു അംഗീകാരം ലഭിച്ചിരുന്നു. രണ്ടു നിലകളിലായി 600 ച.മീറ്റർ വിസ്തീർണ്ണത്തിൽ ആഡിറ്റോറിയം, അടുക്കള, ഡൈനിംഗ് ഏരിയ, വിശ്രമ മുറികൾ, ടൊയ് ലെറ്റ് എന്നിവ അടങ്ങുന്ന കെട്ടിടമാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്വീകരിക്കപ്പെട്ട നടപടികൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുന്നോടിയായി സോയിൽ ടെസ്റ്റ് നടത്തുന്നതിനു കോളേജ് ഓഫ്എഞ്ചിയീറിംഗ് തിരുവനന്തപുരം എന്ന സ്ഥാപനത്തിനു 12-05-2020-ൽ കത്തു നൽകിയിരുന്നുവെങ്കിലും കോവിഡ് പ്രതിസന്ധി കാരണം പ്രസ്തുത സ്ഥാപനത്തിൽ നിന്നും മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ഇടത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തു നിന്നും ഏകദേശം 100 മീറ്റർ മാറി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ഷീ ലോഡ്ജ് ബിൽഡിംഗിന്റെ സോയിൽ ടെസ്റ്റ് ഡീറ്റെയിൽസ് ബേസ് ഡേറ്റാ ആയി സ്വീകരിച്ചു കൊണ്ട് ഇടത്താവളം നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സോയിൽ ടെസ്റ്റ് നടത്തുന്ന മുറയ്ക്കു എസ്റ്റിമേറ്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനും 24-09-2020 ലെ 8 നമ്പർ തീരുമാന പ്രകാരം കൗൺസിൽ അനുമതി നൽകിയിട്ടുള്ളതാണ്.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 5.5 M താഴ്ചയിൽ പൈൽ ഫൗണ്ടേഷൻ നിർമ്മിച്ചുള്ള കെട്ടിട നിർമ്മാണത്തിനാണ് 75 ലക്ഷം രൂപയുടെഎസ്റ്റിമേറ്റ് തയ്യാറാക്കിയത്. ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും തുടർനടപടികൾ സ്വീകരിച്ച് കരാറുകാരനുമായി 13-10-21ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. തുടർന്ന് 19-01-22 ൽ കോളേജ് ഓഫ് എഞ്ചിയീറിംഗ് തിരുവനന്തപുരം നൽകിയ റിപ്പോർട്ടിൽ 18.5 മീറ്റർ താഴ്ചയിൽ പൈൽ ഫൗണ്ടേഷൻ നിർമ്മിച്ച് കെട്ടിടനിർമ്മാണം നടത്തണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം നിർമ്മാണം നടത്തുമ്പോൾ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മിക്കുന്നതിനു മാത്രം 63.83 ലക്ഷം ചെലവാകുമെന്നും, വിഭാവനം ചെയ്ത

വിധം കെട്ടിടം നിർമ്മിക്കുന്നതിന്ന ഏകദേശം 1.5 കോടി രൂപ ചെലവ് വരുമെന്ന് 10-11-2022 ൽ മുനിസിപ്പൽ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും സംഭവിച്ചിട്ടുള്ള ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) തനതു ഫണ്ടിൽ നിന്നും 75 ലക്ഷം രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. 2021-22 ലെ വാർഷിക കണക്ക പ്രകാരം ശബരിമല സ്പെഷ്യൽ ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാതെ തനതു ഫണ്ടിൽ അവശേഷിക്കുന്നത് 45 ലക്ഷം രൂപയാണ്. ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുക പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. 75 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ നിർമ്മാണം വരെയുള്ള ഇനങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. ഫിനിഷിംഗ് പ്രവർത്തികൾ ഉൾപ്പെടുത്തിയുള്ള സമഗ്രമായ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി ആവിഷ്കരിക്കുന്നതിന്ന സാധിച്ചില്ല.

2) 2020-21 വർഷം ഏറ്റെടുത്ത പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അവശ്യം വേണ്ട സോയിൽ ടെസ്റ്റിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക പരിശോധനകൾ നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, ടെണ്ടർ / ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുകയും ചെയ്തത് ഗുരുതരമായ പാളിച്ചയാണ്. മേൽ സാമ്പത്തിക വർഷം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. 13-10-21 ൽ മാത്രമാണ് വർക്ക് ഓർഡർ നൽകി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 19-01-22 ൽ ലഭിച്ച സോയിൽ ടെസ്റ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, പദ്ധതിയുടെ നിർവ്വഹണം നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരം നടത്താൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. സ്ഥല പരിശോധന/പഠനം കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും ടെണ്ടർ നടപടികൾ സ്വീകരിച്ചതും പദ്ധതിയുടെ നിർവ്വഹണത്തിൽ ആശയകുഴപ്പം സൃഷ്ടിക്കുന്നതിനും, നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതിനും ഇടയാക്കി. ഇക്കാരണത്താൽ പദ്ധതി നിലവിലും ശൈശവാവസ്ഥയിലാണ്.

3) നിലവിലുള്ള സാഹചര്യത്തിൽ കെട്ടിട നിർമ്മാണത്തിനായി 1.5കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു. ശബരിമല ഗ്രാന്റ് ഇനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ള 45 ലക്ഷം രൂപ വകയിരുത്തിയാൽ പോലും 1.05 കോടി രൂപ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായി വരുന്നതാണ്. ഇപ്രകാരം നിർമ്മാണത്തിനായി ചെലവഴിക്കേണ്ടി വരുന്ന തുക, കെട്ടിടത്തിന്റെ വാണിജ്യ സാധ്യതകൾ, പ്രതീക്ഷിക്കുന്ന വരുമാനം എന്നിവ കണക്കിലെടുത്ത് വിശദമായ സാമ്പത്തിക വിശകലനം നാളിതു വരെയും നടത്തിയിട്ടില്ല.

മേൽ വിഷയങ്ങളിൽ വിശദീകരണം ഹാജരാക്കുന്നതിന്ന നൽകിയ ഓഡിറ്റ് അന്വേഷണത്തിന്ന ( നം 40 / Dt 21.11.22 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2020-21 ലെ പ്രോജക്ട് രൂപീകരണ സമയത്ത് ഇടത്താവളത്തിന്റെ ഡിസൈൻ സംബന്ധിച്ചും, നിർമ്മാണത്തിന്ന 1.5 കോടി രൂപ ചെലവ് വരും എന്നതു സംബന്ധിച്ചും ചെയർമാനെയും, സ്റ്റാൻഡിംഗ് കമ്മറ്റിയെയും അറിയിച്ചിരുന്നുവെങ്കിലും കൗൺസിൽ കാലാവധി അവസാനിക്കുന്നതിനാൽ, 75 ലക്ഷം രൂപ തനതു ഫണ്ട് വകയിരുത്തി സ്ട്രക്ചർ പൂർത്തീകരിച്ച് ഹാൾ മാത്രം ഉപയോഗപ്രദമാക്കുന്നതിന്ന നിർദ്ദേശം ലഭിച്ചതിനാലാണ് അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഏകവർഷ പ്രോജക്ടായി രൂപീകരിച്ചതെന്നും, ഡി.പി.സി അംഗീകാരം ലഭിച്ചതിന്ന ശേഷമാണ് പദ്ധതിയ്ക്കുള്ള സ്ഥലം കൗൺസിൽ നിശ്ചയിച്ച് നൽകിയതു പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസത്തിന്ന ഇടയാക്കി എന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് ഡിസൈൻ ചെയ്യുന്നതിന്ന സോയിൽ ടെസ്റ്റിംഗ് അനിവാര്യമാണെന്ന കൗൺസിലിനെയും, പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റിയെയും അറിയിച്ചിരുന്ന വെങ്കിലും , വളരെ പ്രാധാന്യമുള്ള പദ്ധതി ആയതിനാൽ എത്രയും വേഗം എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ലഭിച്ചതിനാലാണ് ഷീ ലോഡ്ജിന്റെ സോയിൽ ടെസ്റ്റ് ഡീറ്റെയിൽസ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും, കോവിഡ് പ്രതിസന്ധിയും സോയിൽ ടെസ്റ്റിംഗിലെ കാലതാമസത്തിന്ന ഇടയാക്കി എന്നും മറുപടി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മാണത്തിന്ന 1.5 കോടി രൂപ ചെലവ് വരുന്നതിനാൽ ബഹു വർഷ പ്രോജക്ടായി നടപ്പിലാക്കുന്നതു സംബന്ധിച്ച നിർദ്ദേശത്തിന്ന കൗൺസിലിന്ന സമർപ്പിച്ചിട്ടുള്ളതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികളുമായി ബന്ധപ്പെട്ട പദ്ധതികളിൽ, വിവിധ ഘട്ടങ്ങളിൽ സ്വീകരിക്കേണ്ട സാങ്കേതികമായ നടപടിക്രമങ്ങൾ ഒരു സാഹചര്യത്തിലും ഒഴിവാക്കാൻ പാടില്ലാത്തതാണ്. ആയതിനാൽ സോയിൽ ടെസ്റ്റിംഗ് ഒഴിവാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയത് ഉചിതമായ നടപടിയായില്ല.നിർമ്മാണത്തിന്ന അനുയോജ്യമായ സ്ഥലം കണ്ടെത്താതെ പദ്ധതിയ്ക്ക് അംഗീകാരം വാങ്ങിയതും , വിഭവ സ്രോതസ്സുകൾ കൃത്യമായി കണ്ടെത്തി ബഹുവർഷ പദ്ധതിയായി ആവിഷ്കരിക്കാതിരുന്നതും, പദ്ധതിയുടെ സാമ്പത്തിക വിശകലനം നടത്താതിരുന്നതും ആസൂത്രണത്തിലെ പാളിച്ചയാണ്. പ്രസ്തുത വിഷയങ്ങളിൽ വിശമായ പരിശോധന നടത്തുന്നതിനും പദ്ധതി നിർവ്വഹണത്തിലെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

## 1-46 തോടുകളുടെ നവീകരണം - ആസൂത്രണത്തിലെയും നിർവ്വഹണത്തിലെയും പാളിച്ചകൾ

വിവിധ തോടുകളിലെ പോള വാരി, ആഴം കൂട്ടുന്നതുമായി ബന്ധപ്പെട്ട് മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായി 4 പദ്ധതികൾ തൻവർഷം നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ വിശദ വിവരം

ചുവടെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വാരാപാലം തോട് പോള നീക്കി ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക. (ദുരന്തനിവാരണം) | 1600000 | 652615 |
| 2 | ചന്തതോട് പുനരുജ്ജീവനവും പരിപോഷണവും വാർഡ് 33 | 3000000 | 2442277 |
| 3 | വരാപ്പുഴ തോട് പുനരുജ്ജീവനവും പരിപോഷണവും (രണ്ടാം ഘട്ടം) | 3460186 | 2639520 |
| 4 | കുറ്റപ്പുഴ തോട് പോള നീക്കി ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കുക. (ദുരന്തനിവാരണം) | 1600000 | 812006 |

മേൽ വിവരിച്ച പദ്ധതികളുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള തോടുകൾ പൂർണ്ണമായും നഗരസഭ പരിധിയിൽ ഒതുങ്ങി നിൽക്കുന്നവയല്ല. സമീപ പഞ്ചായത്തുകളിലൂടെ തോടുകൾ കടന്നു പോകുന്ന ഭാഗങ്ങളിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമല്ലാത്തതാണ്. പല തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ കൂടി ഒഴുകുന്ന തോടുകളുടെ ചില ഭാഗങ്ങളിൽ മാത്രം പോള നീക്കി ആഴം കൂട്ടി നീരൊഴുക്ക് സുഗമമാക്കാൻ സാധിക്കുകയില്ല. തോടുകൾ കടന്നു പോകുന്ന എല്ലാ തദ്ദേശ സ്ഥാപനങ്ങളുടെയും പങ്കാളിത്തം ഇപ്രകാരമുള്ള പദ്ധതികളിൽ ആവശ്യമാണ്. 15-06-21 ൽ നടന്ന കൗൺസിൽ യോഗത്തിലും സമാന അഭിപ്രായം ഉയർന്നിട്ടുള്ളതാണ്. ഇക്കാരണത്താൽ പദ്ധതികൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ അനിശ്ചിതത്വം നിലനിൽക്കുന്നു.

2) തോടുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന വിഷയത്തിൽ ദുരന്തനിവാരണം പ്രവൃത്തികളുമായി ബന്ധപ്പെട്ട നവീകരണത്തിനു ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അനുമതി ആവശ്യമില്ലാത്തതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുമായി ഇതു സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

3) തോടുകളിലെ നിന്നും വാരുന്ന പോളയും, ചെളിയും തോടിന്റെ വശങ്ങളിൽ നിക്ഷേപിക്കുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം നിക്ഷേപിക്കുന്ന പോളയും ചെളിയും വീണ്ടും തോടുകളിലെക്ക് ഒലിച്ചിറങ്ങുന്നതായും, താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും കൗൺസിൽ യോഗത്തിൽ അഭിപ്രായം ഉയർന്നിരുന്നു. (17-01-22 തീയതിയിലെ യോഗം). നീക്കം ചെയ്യുന്ന പോളയും മണ്ണും തോടിന്റെ കരയിൽ നിക്ഷേപിക്കുന്നതിനു എതിർപ്പുള്ളതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുന്നില്ലായെന്ന് കരാറുകാരനും യോഗത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. നീക്കം ചെയ്യുന്ന ചെളി താഴ്ന്ന പ്രദേശങ്ങളിൽ നിക്ഷേപിക്കുന്നതിനോ, ലേലം ചെയ്യുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല. നീക്കം ചെയ്ത ചെയ്ത ചെളി നിക്ഷേപിക്കുന്നതിനു കൗൺസിൽ സ്ഥലം നിശ്ചയിച്ചു നൽകിയിരുന്നില്ലായെന്നും, തോടുകളുടെ വശങ്ങളിൽ നിക്ഷേപിച്ച് ബണ്ട് ബലപ്പെടുത്തുന്നതിനു ഉപയോഗപ്പെടുത്തിയിട്ടുള്ളതാണെന്നും ഈ വിഷയത്തിൽ മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

മേൽ വിവരിച്ച കാരണങ്ങളാൽ തോടു നവീകരണ പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ചകൾ വന്നിട്ടുള്ളതായി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതികൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തുന്നതിനും വരും വർഷങ്ങളിൽ സമാന പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ മേൽ പരാമർശിച്ച ന്യൂനതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

1-47 രാമൻചിറ – നാക്കട മിഷൻ ഹോസ്പിറ്റൽ റോഡ് ഓട നിർമ്മാണം - പൊളിച്ചു മാറ്റിയ പാറ - വില കരാറുകാരനിൽ നിന്നും ഈടാക്കുകയോ, ആസ്തിയിൽ ഉൾപ്പെടുത്തുകയോ

ചെയ്തിട്ടില്ല.

ഫയൽ നം : E4-1883 / 2020

പ്രോജക്ട് നം : 343 / 22

അടങ്കൽ : 700000 ( വികസന ഫണ്ട് ജനറൽ )

എം ബുക്ക് നം : 154 / 19 -20

നഗരസഭ വാർഡ് 36 ൽ രാമൻചിറ – നാക്കട മിഷൻ ഹോസ്പിറ്റൽ റോഡിൽ ഓട നിർമ്മാണം നടത്തുന്നതിനായി 2019-20-ൽ അംഗീകാരം ലഭിച്ച് 2021-22-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ് രാമൻചിറ – നാക്കട മിഷൻ ഹോസ്പിറ്റൽ റോഡ് ഓട നിർമ്മാണം എന്ന പദ്ധതി. പദ്ധതിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന 22-06-21 ൽ സാങ്കേതിക അനുമതി ലഭിച്ചിട്ടുള്ളതാണ്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഇനം E1 ആയി ഉൾപ്പെടുത്തിയിട്ടുള്ള Dismantling DR എന്ന പ്രവർത്തിയിൽ 13.11 ക്യൂ.മീറ്റർ പാറ പൊളിച്ചു മാറ്റുന്നതിന 429.92 / M3നിരക്കിൽ 5636 .25 രൂപ വകയിരുത്തിയിരുന്നു. എം ബുക്ക് പേജ് നം 1 ൽ 13.1 ക്യൂ.മീറ്റർ പാറ പൊളിച്ചു മാറ്റിയിട്ടുള്ളതായി രേഖപ്പെടുത്തുകയും, പേജ് നം 19, 20 എന്നിവയിലെ രേഖപ്പെടുത്തൽ പ്രകാരം 13.1 ക്യൂ.മീറ്റർ പാറ പൊളിച്ചു മാറ്റിയതിന 5631.95 രൂപ അനുവദിച്ചു നൽകിയിട്ടുമുണ്ട്. എന്നാൽ പൊളിച്ചെടുത്ത പാറയുടെ വിനിയോഗം സംബന്ധിച്ച വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ബിൽ തയ്യാറാക്കിയപ്പോൾ കരാറുകാരന അനുവദിച്ച തുകയിൽ പാറയുടെ വില കുറവു വരുത്തിയിട്ടുമില്ല.

മേൽ വിഷയത്തിൽ വിശദീകരണം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷത്തിന(നം 20 / 12.10.2022 ) നൽകിയ മറുപടിയിൽ , പൊളിച്ചു മാറ്റിയ പാറയുടെ 10.48 ക്യൂ.മീറ്റർ മുനിസിപ്പൽ ഗ്രൗണ്ടിൽ ശബരിമല ഇടത്താവളത്തിന സമീപം സൂക്ഷിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. 10.48 ക്യൂ.മീറ്റർ പാറ നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെടുത്തുകയോ, ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ചെലവു വിവരം

E4 -1883 /20 Dt : 18.02.22 രൂ. 698216

## 1-48 എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചു-നഷ്ടം 9656 രൂപ

എസ്റ്റിമേറ്റിന് വിരുദ്ധമായി ഓട പണിയുന്നതിന് കമ്പി ഉപയോഗിച്ചു. 3-ാം വാർഡിലെ കോട്ടവയൽ കോളനിയിലെ ഓടയ്ക്ക് കവറിംഗ് സ്ലാബ് നിർമ്മാണത്തിലാണിത്.

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ക്രമനം.3 ഓടയുടേയും കവറിംഗ് സ്ലാബിന്റേയും നിർമ്മാണത്തിന് ആവശ്യമായ കമ്പിയുടെ വിവരണമാണ്. 10എം.എം, 8എം.എം കമ്പി ഉപയോഗിക്കുവാനാണ് എസ്റ്റിമേറ്റ്. എന്നാൽ ഓടയുടെ കവറിംഗ് സ്ലാബ് നിർമ്മിക്കുന്നതിന് 12എം.എം, 8എം.എം കമ്പി ഉപയോഗിച്ചതായാണ് പ്രോജക്ടിന്റെ എം.ബുക്കി (46/21-22,പേജ് 10-16)ലെ രേഖപ്പെടുത്തൽ. എം.ബുക്ക് അനുസരിച്ച് 457.45 കിലോ 12എം.എം കമ്പി ഉപയോഗിച്ചതായി കാണുന്നു. ഇതിന് ജിഎസ് ടി നഷ്ടപരിഹാരം ഒഴികെ കരാറുകാരന് 28250രൂപ നല്കി.

എസ്റ്റിമേറ്റിന് വിരുദ്ധമായ കവറിംഗ് സ്ലാബ് നിർമ്മാണത്തിലൂടെ നഗരസഭക്ക് അധികചെലവ് ഉണ്ടായതായി കാണുന്നു. ഭാരവാഹനങ്ങൾ കയറാത്ത കോളനി നടപ്പാതക്ക് 12എം.എം കമ്പി ആവശ്യമില്ല. സാങ്കേതിക നിർദേശവും എസ്റ്റിമേറ്റും അനുസരിച്ച് 10എം.എം, 8എം.എം കമ്പിയാണ് ഉപയോഗിക്കേണ്ടത്. 457.45കിലോ 12എം.എം കമ്പിക്ക് പകരം എസ്റ്റിമേറ്റ് അനുസരിച്ചുള്ള 10എം.എം ഉപയോഗിച്ചിരുന്നെങ്കിൽ ചെലവ് 19629രൂപയായി കുറയ്ക്കാമായിരുന്നു. എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചതിനാൽ ജിഎസ് ടി നഷ്ടപരിഹാരം ഉൾപ്പെടെ 9656രൂപ അധികം ചെലവഴിച്ചു.

കൂടാതെ പ്രോജക്ടിന് എസ്.സി.പി ഫണ്ടാണ് ചെലവഴിച്ചത്. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നില്ല. സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അധികചെലവിന് വിശദീകരണം തേടി അസി.എഞ്ചിനിയർക്ക് ഓഡിറ്റ് അന്വേഷണം (21/21-22,26/10/2022) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. അധികം നല്കിയ 9656രൂപ നിർവഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ: പ്രോജക്ട് നം.79/22-കോട്ടവയൽ കോളനി ഓട(നടപ്പാത) നിർമ്മാണം.ഫയൽ-E1/S079/21-22, ചെലവ്-787642രൂപ, ബിൽ-21050747001701467171/26.03.22, കരാറുകാരൻ എ.പ്രസാദ്.

## 1-49 കരാർവെക്കാൻ വൈകിയ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല

മരാമത്ത് പ്രോജക്ടുകളിൽ സെലക്ഷൻ നോട്ടീസ് കൈപ്പറ്റി കരാർ വെക്കാൻ വൈകിയ കരാറുകാരിൽ നിന്ന് പിഴ ഈടാക്കിയില്ല. 2012ലെ പൊതുമരാമത്ത് മാന്വൽ 2009.6 അനുസരിച്ച് ടെണ്ടർ അംഗീകരിച്ച് 14 ദിവസത്തിനുള്ളിൽ ടെണ്ടർ നേടിയ കരാറുകാരൻ കരാർവെക്കണം. 14 ദിവസം കഴിഞ്ഞാൽ കരാർ തുകയുടെ 1% പിഴ ഈടാക്കി വേണം കരാർ വയ്പ്പിക്കേണ്ടത്.

താഴെ പട്ടികയിൽ വിവരിച്ച പ്രോജക്ടുകളിൽ കരാർവെക്കേണ്ട കാലാവധി ലംഘിച്ചിട്ടും പിഡബ്ല്യു ഡി മാന്വൽ നിർദേശിക്കുന്ന പി.എ.സിയുടെ 1% പിഴയായി ഈടാക്കി കാണുന്നില്ല.

| ക്രമനം. | ഫയൽ നം., പ്രോജക്ടിന്റെ പേര്, കരാറുകാരൻ | പി.എ.സി | ഫൈൻ | വിവരണം |
|---|---|---|---|---|
| 1. | E2-S0130/21-22-അയ്യങ്കാളി ഗുരുമന്ദിരം -ദയ വിഹാർ റോഡ് റീടാറിംഗ് (വാർഡ്11),ആർ.ചന്ദ്രലാൽ | 557618 | 5576 | സെലക്ഷൻ നോട്ടീസ് അനുസരിച്ച്പിഴകൂടാതെ കരാർ വെക്കേണ്ടത് 10.11.2021വരെ.കരാർ വെച്ചത് 18.11.2021ന്. |
| 2. | E2-S090/21-ദയ വിഹാർ കാഞ്ഞിരത്തും മൂട്ടിൽ പടി മനയ്ക്കൽ റോഡ് റീടാറിംഗ് (വാർഡ്11),ആർ.ചന്ദ്രലാൽ | 533190 | 5332 | സെലക്ഷൻ നോട്ടീസ് അനുസരിച്ച്പിഴകൂടാതെ കരാർ വെക്കേണ്ടത് 10.11.2021വരെ.കരാർ വെച്ചത് 18.11.2021ന്. |
| 3. | E2-S092/21-22 ഞക്കുവള്ളി റോഡ്റീടാറിംഗ് (വാർഡ്13), ആർ.ചന്ദ്രലാൽ | 533146 | 5331 | സെലക്ഷൻ നോട്ടീസ് അനുസരിച്ച്പിഴകൂടാതെ കരാർ വെക്കേണ്ടത് 10.11.2021വരെ.കരാർ വെച്ചത് 18.11.2021ന്. |
| 4 | ഫയൽ E3/-21679/19 പെരിങ്ങോൾ ലൈബ്രറി റോഡ് റീ ടാറിങ്ങ്(വാർഡ് 29&30),ബിനു കെ എബ്രഹാം. | 897302 | 8973 | സെലക്ഷൻ നോട്ടീസ് അനുസരിച്ച് പിഴകൂടാതെ കരാർ വെക്കേണ്ടത് 31.12.2019വരെ.കരാർ വെച്ചത് 10.01.2020ന്. |
| 5 | E3-12604/2020 അഴിയിടത്തു ചിറ സ്കൂൾ നവീകരണം,സായിജിത്ത്. | 1246056 | 12461 | സെലക്ഷൻ നോട്ടീസ് അനുസരിച്ച് പിഴകൂടാതെ കരാർ വെക്കേണ്ടത് 16.08.2018വരെ.കരാർ വെച്ചത് 12.10.2018ന്. |
| ആകെ | | | 37673 | |

ഇതിൽ ക്രമനം.1,2,3-ൽ കരാറുകാരൻ ആർ ചന്ദ്രലാൽ സമർപ്പിച്ച വിരമിച്ച ഡോക്ടറുടെ ക്വാറന്റീൻ സർട്ടിഫിക്കറ്റ് അംഗീകരിച്ച് അസി.എഞ്ചിനിയർ പിഴ ഒഴിവാക്കിയതായി കാണുന്നു. പിഴ ഒഴിവാക്കരുതെന്ന സെക്ഷൻ സൂപ്രണ്ടിന്റെ ഫയൽ കുറിപ്പ് അവഗണിച്ചാണ് അസി.എഞ്ചിനിയർ തീരുമാനം എടുത്തത്. ക്വാറന്റീൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പിഴ ഒഴിവാക്കാൻ സർക്കാർ അനുമതിയില്ല. മാത്രമല്ല കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് ഇത്തരം സർട്ടിഫിക്കറ്റ് നൽകേണ്ടത് ആരോഗ്യ വകുപ്പാണ്. അതിനാൽ ആധികാരികമല്ലാത്ത രേഖയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദേശമില്ലാതെ പിഴ ഇളവ് നല്കിയ അസി.എഞ്ചിനിയറുടെ നടപടി നിയമപരമല്ല.

ക്രമനം.1,2,3ന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (17/21-22, 06/10/2022) പിഴ 16239രൂപ ഒടുക്കാൻ കരാറുകാരൻ ചന്ദ്രലാലിന് നോട്ടീസ് നല്കിയിട്ടുണ്ടെന്നും തുക ഒടുക്കുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും എഞ്ചിനിയറിംഗ് വിഭാഗം സൂപ്രണ്ട് മറുപടി നല്കിയിട്ടുണ്ട്. ക്രമനം.4,5 സമാനവിഷയമായതിനാൽ പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പിഴ ഈടാക്കിയ വിവരം ലഭിക്കുന്നത് വരെ 37673 രൂപ അസി.എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നു.

## 1-50 ആസ്തി പരിപാലിക്കുന്നില്ല;ലക്ഷങ്ങൾ മുടക്കിയ നീന്തൽ കുളം അവഗണനയിൽ

സർക്കാരും നഗരസഭയും ലക്ഷങ്ങൾ ചെലവഴിച്ച നഗരസഭയുടെ നീന്തൽകുളം പൊതുസമൂഹത്തിന്

ഉപകാരപ്പെടുന്നില്ല. ഇതേവരെ 80ലക്ഷം രൂപയാണ് ചെലവ്. നീന്തൽ കുളം ഇപ്പോൾ കടുത്ത അവഗണനയിലാണ്. വ്യായാമത്തിനോ നീന്തൽപരിശീലനത്തിനോ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ് കുളം. ആസ്തി പരിപാലനത്തിലെ ഗുരുതര വീഴ്ച കൂടിയാണിത്.

2021-22ഓഡിറ്റിൽ നഗരസഭയുടെ ആസ്തിപരിപാലനം പരിശോധിക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് നഗരസഭയുടെ അനുമതിയോടെ എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നീന്തൽ കുളത്തിൽ ഭൗതിക പരിശോധന നടത്തുകയുണ്ടായി. ഓഡിറ്റ് നടത്തിയ പരിശോധനയുടെ റിപ്പോർട്ട് നഗരസഭക്ക് കൈമാറിയെങ്കിലും പ്രതികരണം അറിയിച്ചിട്ടില്ല.

പരിശോധനയിൽ കണ്ട വസ്തുതകൾ: വെള്ളം മലിനമാണ്. മേൽക്കൂരയുടെ പണി തീരാത്തതിനാൽ ഇലകളും മറ്റും വീണ് വെള്ളം തുടർച്ചയായി അഴുക്കാവുന്നു. ലക്ഷങ്ങൾ വിലയുള്ള മോട്ടറും ജലശുദ്ധീകരണ സംവിധാനവും ഉപേക്ഷിച്ച നിലയിലാണ്. ശുചീകരണം നടത്താറില്ല. കുളത്തിന് ചുറ്റും പാഴ്ചെടികൾ വളർന്നിരിക്കുന്നു.



*(ചിത്രം 1:നീന്തൽ കുളം ഭൗതികപരിശോധനയിൽ കണ്ടത്.)*

നീന്തൽ കുളത്തിന്റെ റോഡിലേക്കുള്ള ഗേറ്റ് ഇളക്കി മാറ്റി വെച്ച നിലയിലാണ്. ഇതു വഴി സ്വകാര്യവാഹനങ്ങൾ ഇവിടം അനധികൃത പാർക്കിംഗിന് ഉപയോഗിക്കുന്നു. സമീപത്തെ കുട്ടികളുടെ പാർക്കിൽ നിന്നുള്ള ഗേറ്റ് പൂട്ടി നീന്തൽ കുളത്തിലേക്കുള്ള അനധികൃത പ്രവേശനം തടഞ്ഞിട്ടില്ല. നീന്തൽ കുളത്തിന്റെ സമീപത്ത് ഒഴിഞ്ഞ ടാർ വീപ്പകൾ കൂട്ടിയിട്ടിരിക്കുന്നു.പണിക്ക് കൊണ്ടുവന്ന ഷീറ്റ് ,ഇരുമ്പ് ഉരുപ്പടികൾ എന്നിവ കുളത്തിന് സമീപത്തു തന്നെ ഉപേക്ഷിച്ചിരിക്കുന്നു.

നീന്തൽ കുളം നഗരസഭയുടെ ആസ്തിയാണെന്ന് വ്യക്തമാക്കുന്നതും അനധികൃത പ്രവേശനം തടഞ്ഞുകൊണ്ടും ബോർഡുകൾ സ്ഥാപിച്ചിട്ടില്ല.



*(ചിത്രം-2 നീന്തൽ കുളത്തിന്റെ മീറ്റർ റൂമും ശുചിമുറിയും-ഭൗതിക പരിശോധനയിൽ കണ്ടത്.)*

നീന്തൽ കുളത്തിന് ആധുനിക സൗകര്യങ്ങൾ ഒരുക്കാൻ ലക്ഷ്യമിട്ട പദ്ധതികൾ പൂർത്തിയായിട്ടില്ല. മേൽക്കൂര നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു. ഇതിന്മേൽ വിജിലൻസ് അന്വേഷണം നടക്കുന്നതായി ഫയലി(ഇ3-6665/12)ൽ കാണുന്നു.

നീന്തൽ കുളത്തിന് ഇതേവരെ പൊതു പണം എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമല്ല. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ അനുസരിച്ച് സംസ്ഥാന കായികയുവജനക്ഷേമ വകുപ്പ് നല്കിയ 50ലക്ഷം രൂപ ഉപയോഗിച്ചാണ് 2014ൽ കുളം നിർമ്മിച്ചത്. തുടർന്ന് 12ാം പദ്ധതിയിൽ 2016-17ൽ നീന്തൽ കുളത്തിന് ചുറ്റുമതിലും മേൽക്കൂരയും പണിയാൻ ധനകാര്യകമ്മീഷൻ ഗ്രാന്റ് 29.51(2951176)ലക്ഷം രൂപ നഗരസഭ ചെലവഴിച്ചത്. ഇരു രണ്ടും കണക്കാക്കിയാൽ തന്നെ പൊതുപണം 80ലക്ഷം ഇതിനകം ചെലവഴിച്ചു. വലിയ വ്യാപാര വാണിജ്യവികസന സാധ്യതയുള്ള സ്ഥലത്താണ് നീന്തൽ കുളം നിർമ്മിച്ചത്. അതിന്റെ വില കൂടി കണക്കാക്കുമ്പോൾ പാഴാകുന്നത് കോടികളാണെന്ന് വ്യക്തമാകും.

നീന്തൽ കുളത്തിന്റെ കായികആരോഗ്യപരിസ്ഥിതി സാധ്യതകൾ മനസിലാക്കി അതിനെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാക്കുവാൻ 2021-22-ൽ നഗരസഭ പ്രോജക്ട് നടപ്പാക്കിയിട്ടില്ല. 2022-23 പദ്ധതി വർഷത്തേക്ക് പ്രോജക്ട് അംഗീകരിച്ചിട്ടുമില്ല.

നീന്തൽകുളം ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതാക്കിയാൽ നഗരസഭക്ക് വലിയ വരുമാനവും ലഭിക്കും. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ വരുമാനദായക ആസ്തിയാക്കി മാറ്റാനും ഓഡിറ്റ് വർഷം നഗരസഭ ശ്രമം തുടങ്ങിയിട്ടുമില്ല. നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ച് തുറന്ന മത്സരസ്വഭാവത്തിൽ നീന്തൽകുളത്തിന്റെ പരിപാലനത്തിന് സ്വകാര്യ സംരംഭകരെ തിരഞ്ഞടുത്തിരുന്നെങ്കിൽ നഗരസഭക്ക് ലക്ഷങ്ങളുടെ വാർഷിക വരുമാനം ലഭിക്കും. അതിനും നടപടിയില്ല. സമൂഹത്തിന് വലിയതോതിൽ പ്രയോജനപ്പെടുന്ന കോടികൾ വിലമതിക്കുന്ന ആസ്തി പരിപാലിക്കുന്നതിലെ നഗരസഭയുടെ ഗുരുതര വീഴ്ചയാണ് നീന്തൽ കുളം.

നീന്തൽ കുളം സേവനപ്രദാനവും വരുമാനദായകവുമായ ആസ്തിയാക്കിമാറ്റാൻ ധന കാര്യ, വികസന, വിദ്യാഭ്യാസം കലാകായിക സ്ഥിരസമിതികളും കൗൺസിലും അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-51 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ - കമ്മ്യൂട്ടേഷനു വേണ്ടി കൈമാറ്റം ചെയ്ത പെൻഷൻ ഭാഗം കൃത്യമായി കുറവു വരുത്തുന്നതിലും , പുന:സ്ഥാപിക്കുന്നതിലും ഗുരുതരമായ വീഴ്ച

ഫയൽ നം : H1-17544/ 2021

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച ശേഷം കമ്മ്യൂട്ടേഷനു വേണ്ടി കൈമാറ്റം ചെയ്ത പെൻഷൻ ഭാഗം കൃത്യമായി കുറവു വരുത്തുന്നതിലും, പുന:സ്ഥാപിക്കുന്നതിലും ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1) 31-01-22 ൽ സേവനത്തിൽ നിന്നും നിന്നും വിരമിച്ച സാനിട്ടേഷൻ വർക്കർ ശ്രീമതി ശ്യാമള. എൻ.ജി. യുടെ ഡി.സി.ആർ.ജി, കമ്മ്യൂട്ടേഷൻ തുക, പെൻഷൻ കുടിശ്ശിക എന്നിവയുടെ തുകയായ 1324644 രൂപ 07-04-22 ലെ ചെക്ക് നം 411196 പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കമ്മ്യൂട്ടേഷനു വേണ്ടി കൈമാറ്റം ചെയ്ത പെൻഷൻഭാഗം 6492 രൂപയാണ്. ആയതിനാൽ 04/22 മുതൽ പ്രതിമാസ പെൻഷൻ തുകയിൽ നിന്നും 6492 രൂപ വീതം കുറവു വരുത്തേണ്ടിയിരുന്നു. എന്നാൽ ടി തുക കുറവു വരുത്താതെയാണ് പെൻഷൻ അനുവദിച്ചു വരുന്നത്. ഇക്കാരണത്താൽ 04/22 മുതൽ 08/22 വരെ 32460 രൂപ അധികം നൽകിയിട്ടുണ്ട്.

2) പരിശോധനയ്ക്കു ഹാജരാക്കിയ രജിസ്റ്റർ പ്രകാരം, ശ്രീ . ജോസഫ് ചെറിയാൻ 30-11-17 ൽ

സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതും, 03-10-18 ൽ കമ്മ്യൂട്ടേഷൻ തുക കൈപ്പറ്റിയിട്ടുള്ളതുമാണ്.

കമ്മ്യൂട്ടേഷനു വേണ്ടി കൈമാറ്റം ചെയ്ത പെൻഷൻ ഭാഗം 8160 രൂപ കുറച്ച് 12240 രൂപ പെൻഷൻ തുക അനുവദിക്കേണ്ടതുണ്ട്. എന്നാൽ 8160 രൂപ മാത്രമാണ് ടിയാനു പെൻഷൻ തുകയായി അനുവദിച്ചു

വരുന്നത്. 11/2018 മുതൽ 08/2022 വരെ പെൻഷൻ ഇനത്തിൽ 187680 രൂപ കുറവായി അനുവദിച്ചു.

3) പരിശോധനയ്ക്കു ഹാജരാക്കിയ രജിസ്റ്റർ പ്രകാരം, 60 വയസ് പൂർത്തിയായി സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള ജീവനക്കാരുടെ കമ്മ്യൂട്ട് ചെയ്ത പെൻഷൻ ഭാഗം പുന:സ്ഥാപിച്ചു വരുന്നത് കമ്മ്യൂട്ടേഷൻ തുക കൈപ്പറ്റി 12 വർഷം പൂർത്തീകരിക്കുന്ന മുറയ്ക്കാണ്. എന്നാൽ 60 വയസു പൂർത്തിയായി സേവനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പരിവർത്തന ഘടകം 9.81 ആകയാൽ കമ്മ്യൂട്ടേഷൻ തുക കൈപ്പറ്റി 10 വർഷം പൂർത്തീകരിക്കുന്ന മുറയ്ക്ക് കൈമാറ്റം ചെയ്ത പെൻഷൻഭാഗം പുന:സ്ഥാപിക്കേണ്ടിയിരുന്നു. നിലവിൽ പെൻഷൻ /ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ പേര്, പെൻഷൻ തീയതി, കമ്മ്യൂട്ടേഷൻ ചെയ്ത പെൻഷൻ ഭാഗം പിടിച്ചു തുടങ്ങിയ മാസം, പൂർത്തിയാക്കിയ മാസം എന്നിവ സംബന്ധിച്ച വിശദ വിവരം പരിശോധനയ്ക്കു ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭയുടെ ഈയിനത്തിലുള്ള ബാധ്യത തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

4) പെൻഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ നിലവിൽ സൂക്ഷിച്ചു വരുന്നുണ്ട്. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തൽ അടിസ്ഥാനമാക്കിയാണ് പെൻഷൻ ബില്ലുകൾ തയ്യാറാക്കി വരുന്നത്. എന്നാൽ പ്രസ്തുത രജിസ്റ്റർ സെക്ഷൻ ക്ളർക്ക്, മേലുദ്യോഗസ്ഥർ എന്നിവരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ ആധികാരികത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. പെൻഷൻ സ്റ്റേറ്റ്മെന്റുകളിലും മേൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

മേൽ പരാമർശിച്ച വിഷയങ്ങളിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നം 2 / 19-08-22 ) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി ശ്യാമള. എൻ.ജി യ്ക്കു അധികം നൽകിയിട്ടുള്ള പെൻഷൻ ഭാഗം തുകയായ 32460 രൂപ 5 തുല്യ ഗഡുക്കളായി ഈടാക്കുന്നതിനു ഉത്തരവായിട്ടുള്ളതാണെന്നും, ശ്രീ.ജോസഫ് ചെറിയാനു 09/22 മുതൽ അർഹമായ പെൻഷൻ തുക അനുവദിച്ചു വരുന്നതായും, കുടിശ്ശിക തുക 187680 രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും, നിലവിൽ പെൻഷൻ /ഫാമിലി പെൻഷൻ കൈപ്പറ്റുന്നവരുടെ പേര്, പെൻഷൻ തീയതി, കമ്മ്യൂട്ടേഷൻ ചെയ്ത പെൻഷൻ ഭാഗം പിടിച്ചു തുടങ്ങിയ മാസം, പൂർത്തിയാക്കിയ മാസം എന്നിവ സംബന്ധിച്ച വിശദ വിവരം ഫയലുകൾ പരിശോധിച്ച് തയ്യാറാക്കി നൽകുന്നതാണെന്നും, പെൻഷൻ രജിസ്റ്റർ, പെൻഷൻ സ്റ്റേറ്റ്മെന്റ് എന്നിവയിൽ സെക്ഷൻ ക്ളർക്ക്, മേലുദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി വരുന്നതായും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ സംബന്ധിച്ച രജിസ്റ്ററുകളിൽ കൃത്യമായ വിവരങ്ങൾ ചേർത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തൽ നടത്താതിരുന്നതിനാലാണ് മേൽ വിവരിച്ച പ്രകാരമുള്ള ഗുരുതരമായ ന്യൂനതകൾ സംഭവിച്ചിട്ടുള്ളത്. പെൻഷൻ വിതരണം കാര്യക്ഷമമാക്കുന്നതിനും വിവിധ തലങ്ങളിലുള്ള മേൽപരിശോധനകൾ ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-52 സെക്യൂരിറ്റി നിക്ഷേപം -കാലാവധികഴിഞ്ഞതും പ്ലഡ്ജ് ചെയ്യാത്തതുമായ നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി

നഗരസഭ 2021-22 വർഷം നടപ്പാക്കാനായി കരാറിലേർപ്പെട്ട പ്രവൃത്തികൾക്കായി കരാറിനോടൊപ്പം സമർപ്പിച്ച സെക്യൂരിറ്റി നിക്ഷേപസർട്ടിഫിക്കറ്റുകൾ ഭൗതിക പരിശോധന നടത്തിയതിൽ നിക്ഷേപ സർട്ടിഫിക്കറ്റുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ പേരിൽ പ്ലഡ്ജ് ചെയ്യാതെയും കരാർ വയ്ക്കുന്നതിനുമുൻപ് കാലാവധി കഴിഞ്ഞ നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുകയും ചെയ്തതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2021-22

| | | | | |
|---|---|---|---|---|
| E2/SO336/21 മുല്ലേലിൽ മീൻചാപ്രായ്ക്ക് സമീപം സൈഡ്കെട്ട് | ശ്രീ.ബിനു.കെ. എബ്രഹാം | 69/21 (150000/-) | TSB79901050177690/ 18.1.20-200250/- | മുനിസിപ്പൽ എഞ്ചിനീയറുടെ പേർക്ക് പ്ലഡ്ജ് ചെയ്തിട്ടില്ല |
| E4/69/21-22, 136ാം നമ്പർ അംഗൻവാടി നവീകരണം | ശ്രീ.കെ.റ്റി വർഗ്ഗീസ് | 81/21/31.1.22 | BOB081148/20.7.19 -10000/- | മുനിസിപ്പൽ എഞ്ചിനീയറുടെ പേർക്ക് പ്ലഡ്ജ് ചെയ്തിട്ടില്ല. എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻപ് കാലാവധി പൂർത്തീയാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സെക്യൂരിറ്റിയായി ഹാജരാക്കിയിട്ടുള്ളത്. |
| E2/SO346/22വിവിധ അംഗൻവാടികളുടെ വാട്ടർകണക്ഷൻ | ശ്രീ.കെ.റ്റി വർഗ്ഗീസ് | 82/21/31.1.22 | BOB811154/20.10.19 -2550/- | |
| E3/SO111/21-22 മാവേലിമഠം റോഡ് റീടാറിംഗ് | ശ്രീ.പി.എ.മാത്യൂ | 85/21/5.2.22 (652000/-) | TSBJL 07488/9.12.19 -15000/- PTACo-Bank 33235/27.11.18 -10000/- | മുനിസിപ്പൽ എഞ്ചിനീയറുടെ പേർക്ക് പ്ലഡ്ജ് ചെയ്തിട്ടില്ല. എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻപ് കാലാവധി പൂർത്തീയാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സെക്യൂരിറ്റിയായി ഹാജരാക്കിയിട്ടുള്ളത്. |
| E4/SO/359/21-22 | ശ്രീ.റ്റി.വി.മാത്യൂ | 131/31.3.2022 | TSBJL 070352/ 28.11.19- 11500/- Canara Bank 103052622/23.9.21 -6000/- | എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻപ് കാലാവധി പൂർത്തീയാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സെക്യൂരിറ്റിയായി ഹാജരാക്കിയിട്ടുള്ളത്. |
| E312812/21അപകട സാദ്ധ്യതയുള്ള കടവുകളിൽ സുരക്ഷാക്രമീകരണം ഏർപ്പെടുത്തൽ | ശ്രീ.പി.എ.മാത്യൂ | 35/21/29.11.21 | UBI215110001632/8.8.18 -5000/- | മുനിസിപ്പൽ എഞ്ചിനീയറുടെ പേർക്ക് പ്ലഡ്ജ് ചെയ്തിട്ടില്ല. എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻപ് കാലാവധി പൂർത്തീയാക്കിയ നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സെക്യൂരിറ്റിയായി ഹാജരാക്കിയിട്ടുള്ളത്. |
| E3/SO138/21-22 സെക്രട്ടറി ക്വാർട്ടേഴ്സ് അറ്റകുറ്റപണി | ശ്രീ.നന്ദകുമാർ വർമ്മ | 80/21/29.1.22 | TSBJL292466/ 29.6.20-16000/ | -(എഗ്രിമെന്റ് 29.1.22 നാണ് .കാലാവധി കഴിഞ്ഞ സെക്യൂരിറ്റി ഹാജരാക്കി) |
| E1/911/21/CFLTC മാർത്തോമ്മാ കോളേജ് പഴയ ഹോസ്ററൽ CFLTC ആക്കുന്നത് | ശ്രീ.നന്ദകുമാർ വർമ്മ | 1/21/4.5.21 | 612382/9.3.12(TSCB)---5032/- | മുനിസിപ്പൽ എഞ്ചിനീയറുടെ പേർക്ക് പ്ലഡ്ജ് ചെയ്തിട്ടില്ല. എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻപ് കാലാവധി പൂർത്തീയാക്കിയ (9.3.20 ൽ )നിക്ഷേപ സർട്ടിഫിക്കറ്റുകളാണ് സെക്യൂരിറ്റിയായി ഹാജരാക്കിയിട്ടുള്ളത്. |

2022-23

| | | | |
|---|---|---|---|
| E3കാവുംഭാഗം എൽ.പി.എസ് ആഡിറ്റോറിയം-മെയിന്റനൻസ് | ശ്രീ.വർഗ്ഗീസ്.കെ.റ്റി | 14/22/10.8.22 | കാലാവധി കഴിഞ്ഞ നിക്ഷേപ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത് |

എഗ്രിമെന്റ് വയ്ക്കുന്നതിനു മുൻ കാലാവധികഴിഞ്ഞതതും പ്ലഡ്ജ് ചെയ്യാത്തതുമായ സർട്ടിഫിക്കറ്റുകൾ അംഗീകരി

ച്ചതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-60/7.1.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-53 തെരുവ് വിളക്ക് അറ്റകുറ്റപണി:നടപടിക്രമം പാലിച്ചില്ല,7.73ലക്ഷം രൂപയുടെ അധികചെലവ്

കേരള പൊതുമരാമത്ത് മാന്വലിലെ നടപടിക്രമം പാലിക്കാതെ തെരുവ് വിളക്ക് അറ്റകുറ്റപണി നടത്തിയതിനാൽ നഗരസഭ ഫണ്ടിന് 772570 രൂപയുടെ അധിക ചെലവ്.

കുറഞ്ഞ നിരക്കിൽ ടെണ്ടർ നേടി പണി നടത്താതെ ഉപേക്ഷിച്ച കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രോജക്റ്റ് നടപ്പാക്കാഞ്ഞതിനാലാണ് അധിക ചെലവ്. റീടെണ്ടറിൽ പണി നടത്തിയപ്പോൾ ചെലവ് ഇരട്ടിച്ചു. മാന്വൽ നിർദേശത്തിലൂടെ അധികചെലവ് തിരിച്ച് പിടിക്കാൻ കഴിയുമോ എന്നതും നഗരസഭ പരിശോധിച്ചില്ല.

അസി.എഞ്ചിനിയറുടെ പ്രോജക്റ്റ് (297/21, ഫയൽ ഇ2-8354/2020, അടങ്കൽ 1500000രൂപ) ലാണ് നടപടിക്രമങ്ങളിലെ വീഴ്ച. 4266 ട്യൂബും 8 സോഡിയം വിളക്കുകളും നന്നാക്കുവാനായിരുന്നു പ്രോജക്റ്റ്.

ആദ്യ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ചെങ്ങന്നൂർ എയർ മെക്ക് എയർ കണ്ടീഷനിംഗിന്റേതായിരുന്നു. ഒരു ട്യൂബിന് 160രൂപയും സോഡിയം വിളക്കിന് 450രൂപയുമായിരുന്നു ഇവരുടെ നിരക്ക്.

അസി.എഞ്ചിനിയർ 22.01.2021ൽ എയർമെക്കിന് സെലക്ഷൻ നോട്ടീസ് നല്കി. അത് 23.1.21ന് അവർ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ കരാർ വെച്ച് അറ്റകുറ്റപണി ഏറ്റെടുത്തില്ല. തുടർന്ന് റീ ടെണ്ടർ ചെയ്തു.

പൊതുമരാമത്ത് മാന്വൽ 2009-6അനുസരിച്ച് കരാർവെക്കാൻ കൂട്ടാക്കാത്ത കരാറുകാരന്റെ ഇഎംഡി കണ്ടുകെട്ടുകയും ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികളും സ്വീകരിക്കണം. ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥ അനുസരിച്ച് ഇവർ ടെണ്ടറിനൊപ്പം സമർപ്പിച്ച പ്രാഥമിക ഉടമ്പടി അനുസരിച്ച് പണി ഏറ്റെടുക്കാതെ റീ ടെണ്ടർ ചെയ്താൽ സംഭവിക്കുന്ന അധിക ചെലവ് ഇവരിൽ നിന്ന് നിയമ നടപടിയിലൂടെ ഈടാക്കാമെന്ന് വ്യക്തമാക്കിയിരുന്നു.

എയർ മെക്ക് ഒടുക്കിയതായി ഫയലിൽ വിവരിച്ച ഇഎംഡി 32500രൂപ മാന്വൽ നിർദേശപ്രകാരം നഗരസഭ ഫണ്ടിൽ മുതൽ കൂട്ടിയോ എന്നതും വ്യക്തമല്ല.

റീ ടെണ്ടറിൽ എം.പി സനൽ കുമാറി(യുണൈറ്റഡ് എനർജി സിസ്റ്റംസ്, നെടുമങ്ങാട് തിരുവനന്തപുരം)നെ തിരഞ്ഞെടുത്തു. ട്യൂബിന് 350രൂപയും സോഡിയം വിളക്കിന് 850രൂപയുമാണ് ഇവരുടെ നിരക്ക്. 4266ട്യൂബും 8സോഡിയം വേപ്പർ വിളക്കുകളും അറ്റകുറ്റ പണി നടത്തിയതിന് സനൽ കുമാറിന് 1499900രൂപ ( 1) ബിൽ 21050747001700492 480 /7.10.2021- 1015350 രൂപ 2)ബിൽ 21050747001700834193/23.12.2021-484550 രൂപ) നല്കി.

യുണൈറ്റഡ് എനർജി സിസ്റ്റംസ് നടത്തിയതായി പറയുന്ന അറ്റകുറ്റപണിക്ക് എയർമെക്കിന്റെ നിരക്കിൽ കണക്കാക്കുമ്പോൾ നഗരസഭക്ക് ഉണ്ടാകുമായിരുന്ന ചെലവ് താഴെ വിവരിക്കുന്നു.

ട്യൂബ് അറ്റകുറ്റപണി 4266*160=682560രൂപ, സോഡിയം വിളക്ക് അറ്റകുറ്റപണി 8*450 = 3600രൂപ. ആകെ = 686160രൂപ. നികുതികൾ,ക്ഷേമനിധി 41170രൂപ കൂടി കണക്കാക്കിയാൽ ആകെ ചെലവ് 727330രൂപ.

റീ ടെണ്ടർ കാരണം നഗരസഭക്ക് ഉണ്ടായ അധിക ചെലവ് 1499900-727330 =772570 രൂപ. നഗരസഭക്ക് ഇത്രയും അധിക ചെലവ് വരുത്തിയത് എയർമെക്കിന്റെ നിരുത്തരവാദിത്വമാണ്. പ്രാഥമിക കരാറിൽ അധിക ചെലവ് ഉണ്ടായാൽ അതിന്റെ ഉത്തരവാദിത്തം അവർ ഏറ്റെടുക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ആ കരാറും പൊതുമരാമത്ത് മാന്വലും അടിസ്ഥാനമാക്കി അധിക ചെലവിന് ഇവർക്ക് നിയമപരമായ ബാധ്യതയുണ്ടോ എന്നത് നഗരസഭ പരിശോധിച്ചില്ല. ഇതിനാൽ ചെലവിൽ നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥനും നഗരസഭക്കും വീഴ്ച സംഭവിച്ചു.

എയർമെക്ക് അടച്ച ഇഎംഡി 32500രൂപ അടിയന്തരമായി നഗരസഭ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. അധിക ചെലവ് ഇവരിൽ നിന്ന് ഈടാക്കുവാൻ നിയമപരമായ സാധ്യത നഗരസഭ പരിശോധിക്കേണ്ടതാണ്. ടെണ്ടർ വ്യവസ്ഥ ലംഘിച്ച ഇവരെ അയോഗ്യരാക്കുവാനും നഗരസഭ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

എയർമെക്കിന്റെ ഇഎംഡി മുതൽ കൂട്ടിയിട്ടുണ്ടോ, അധിക ചെലവ് എയർമെക്കിന്റെ നഷ്ടോത്തരവാദിത്വമാക്കാഞ്ഞത് എന്തുകൊണ്ട് തുടങ്ങിയ വിവരങ്ങൾ ഓഡിറ്റ് അന്വേഷണ (68/21-22,24.01.2023)ത്തിൽ തേടിയിരുന്നു. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയിൽ ഇഎംഡി 32500രൂപ നഗരസഭ ഫണ്ടിൽ മുതൽ കൂട്ടിയ രേഖ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖ ലഭിച്ചില്ലെങ്കിൽ 32500രൂപ നഗരസഭയ്ക്കുണ്ടായ നഷ്ടമായി കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ഓഡിറ്റിൽ നിർണയിച്ച് തുടർ നടപടികൾ സ്വീകരിക്കും.

1-53എ)സാധൂകരണ രേഖകളില്ല;തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് ചെലവ് ലക്ഷങ്ങൾ

ചെലവ് സാധൂകരിക്കുന്ന അടിസ്ഥാന രേഖകളില്ലാതെ നഗരസഭ തെരുവ് വിളക്ക് അറ്റകുറ്റപണിക്ക് ലക്ഷങ്ങൾ ചെലവഴിക്കുന്നു.

ചെലവ് സാധൂകരിക്കുന്നതിന് താഴെ വിവരിക്കുന്ന രേഖകളാണ് നഗരസഭ സൂക്ഷിക്കേണ്ടിയിരുന്നത്. ഓഡിറ്റ് ഓഡിറ്റ് അന്വേഷണ((68/21-22,24.01.2023)ത്തിൽ ഇവ ആവശ്യപ്പെട്ടെങ്കിലും നഗരസഭ ഹാജരാക്കിയില്ല.

1.നഗരസഭയിലെ തെരുവ് വിളക്കുകളുടെ ഇനം, തരം, പോസ്റ്റ് നമ്പർ, വാർഡ് നമ്പർ, എന്നിവ വിവരിക്കുന്ന തെരുവ് വിളക്കുകളുടെ ആസ്തി രജിസ്റ്റർ.

2. നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയ അറ്റകുറ്റപണിയുടെ റിപ്പോർട്ട്.

3.പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട്.

4.നിർവഹണഉദ്യോഗസ്ഥന്റെ പൂർത്തീകരണസാക്ഷ്യപത്രം.

5. കരാർവ്യവസ്ഥ അനുസരിച്ച് കരാറുകാരൻ തിരികെ ഏല്പിച്ച കേടായ ട്യൂബ്, സോഡിയം വാതക വിളക്കുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ. ഇവ കയ്യൊഴിഞ്ഞതിന്റെ രേഖകൾ.

6.കരാർപ്രകാരം കരാറുകാരൻ തയ്യാറാക്കി സൂക്ഷിച്ച പരാതി രജിസ്റ്റർ.

7.അറ്റകുറ്റപണി നടത്തിയ തൊഴിലാളികളുടെ പേര്, ഇവരുടെ ഇലക്ട്രിക്കൽ ലൈസൻസ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ്.

8.അറ്റകുറ്റപണി അനുവദിച്ച് കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷനുകൾ കരാറുകാരന് നല്കിയ അനുമതി പത്രം.

മുകളിൽ ആവശ്യപ്പെട്ട 8 രേഖകളിൽ ഒന്നുപോലും നഗരസഭ ഓഡിറ്റിന് സമർപ്പിച്ചില്ല. തെരു വ് വിളക്ക് അറ്റകുറ്റപണിപോലെ കരാറുകാരെകൊണ്ട് നഗരസഭ നടത്തുന്ന പ്രോജക്ടിൽ വലിയ തുക ചെലവ് ചെയ്യേണ്ടത് ആവശ്യമാണെന്ന് തെളിയിക്കാൻ മേൽ രേഖകൾ അത്യാവശ്യമാണ്.

തെരുവ് വിളക്ക് തെളിക്കൽ നഗരസഭയുടെ അനിവാര്യ ചുമതലയാണ്. അതിന് വലിയ തുക ചെലവ് ചെയ്യേണ്ടി വരാം. സുതാര്യവും കൃത്യവുമായ സാധൂകരണ രേഖകൾ കൊണ്ട് അത്തരം ചെലവുകൾ ആധികാരികമാക്കേണ്ടത് പൊതുപണം ചെലവഴിക്കുമ്പോൾ പ്രധാനമാണ്.

തെരുവ് വിളക്ക് അറ്റകുറ്റപണിപോലെ വലിയ ചെലവ് വരുന്ന പ്രോജക്ടിൽ ജനപങ്കാളിത്തം തീരെയില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ടില്ലാത്തത് ഇതിന് തെളിവാണ്. വാർഡുകളിൽ തെരുവ് വിളക്ക് പരിപാലന കമ്മറ്റികൾ രൂപീകരിച്ച് അറ്റകുറ്റപണിയിൽ ജനകീയ ഇടപെടലും നിയന്ത്രണവും കൊണ്ട് വരുന്നത് പരിഗണിക്കാവുന്നതാണ്.

2021-22ൽ തനത് ഫണ്ട് 1499900രൂപയാണ് ചെലവ്. 2020-21ൽ ഇതിന്റെ ഇരട്ടിയായിരുന്നു. ഇത്രയും വലിയ തുക ചെലവഴിക്കുമ്പോഴും നഗരത്തിലെ തെരുവ് വിളക്കുകൾ വെളിച്ചമേകുന്നില്ലെന്ന് കൗൺസിലർമാർ നഗരസഭ കൗൺസിൽ വ്യാപക പരാതികൾ ഉന്നയിച്ചത് മിനിറ്റ്സിൽ കാണാം. ഈ പരാതികളിൽ തുടർ നടപടികൾ ഉണ്ടായതായി കാണുന്നില്ല.

തെരുവ് വിളക്ക് അറ്റകുറ്റപണിയിൽ സാധൂകരണ രേഖകൾ ഇല്ലാത്തതിനാൽ ആകെ ചെലവ് 1499900രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 1-54 മരാമത്ത് പണികൾ പാതിവഴിയിൽ ഉപേക്ഷിക്കുന്നു;കരാറുകാരിൽ നിന്ന് പിടിച്ചുവെച്ചത് 23.41ലക്ഷം

മരാമത്ത് ചട്ടങ്ങൾക്കും മാന്വലിന് വിരുദ്ധമായി നഗരസഭ മരാമത്ത് പ്രോജക്ടുകൾ പാതിവഴിയിൽ ഉപേക്ഷിക്കുന്നു. രേഖകൾ ലഭ്യമല്ലാത്തതിനാൽ മുൻവർഷങ്ങളിലെ മരാമത്ത് വേലകളാണ് ഇങ്ങനെ ഉപേക്ഷിക്കപ്പെട്ടതെന്ന് കണക്കാക്കാം.

നഗരസഭയുടെ 2022മാർച്ച് 31-ലെ ബാലൻസ് ഷീറ്റ് തന്നെയാണ് ഈ ഗുരുതര വീഴ്ച വ്യക്തമാക്കുന്നത്. ബാലൻസ് ഷീറ്റ് B-7 പത്രിക അനുസരിച്ച് Contractor's Retention Money-Municipal Fund, Contractor's Retention Money-Specific Grant എന്നീ രണ്ട് ശീർഷകങ്ങളിൽ യഥാക്രമം 914661രൂപയും 1425727രൂപയും ഉൾപ്പെടെ 2340388 രൂപയാണ് നീക്കിയിരിപ്പ് കാണിച്ചിരിക്കുന്നത്.

2020-21ലെ ബാലൻസ് ഷീറ്റിലും ഇതേ തുകകൾ ഇതേ ശീർഷകങ്ങളിൽ നീക്കിയിരിപ്പായി കാണിച്ചിരുന്നു. ബന്ധപ്പെട്ട ലഡ്ജർ പരിശോധിച്ചതിൽ അതിലെ വിവരണം സ്വയം വിശദീകരിക്കുന്നതല്ല. അതിൽ നിന്നും ഏത് പ്രോജക്ടിൽ, ഏത് വർഷം പിടിച്ചുവെച്ച തുകയാണിതെന്ന് വ്യക്തമല്ല. കരാറുകാരുടെ പേരും വ്യക്തമല്ല.

ഈ വിഷയത്തിൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് അസി. എക്സി. എഞ്ചിനിയർ/അസി.എഞ്ചിനിയർക്ക് നല്കിയ ഓഡിറ്റ് അന്വേഷണ(12/2021-22,23/09/2022)ത്തിന് മറുപടി ലഭിച്ചില്ല.

ബാലൻസ് ഷീറ്റിൽ ചേർത്ത റിട്ടൻഷൻ തുകകൾ ഏതൊക്കെ മരാമത്ത് വേലകളുടേതാണെന്ന് രേഖാമൂലം വിശദീകരിക്കേണ്ടതാണെന്നും, അവയുടെ വർക്ക് ഫയൽ, എം.ബുക്ക് എന്നിവ അടിയന്തരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവ ലഭിച്ചില്ല.

കൂടാതെ നഗരസഭ മുൻവർഷങ്ങളിൽ തുടങ്ങിയതോ കരാർവെച്ചതുമായ 2022സെപ്റ്റംബർ 15 നം പൂർത്തിയാകാത്ത മുഴുവൻ മരാമത്ത് വേലകളുടേയും പേര്, പ്രോജക്ട് നമ്പർ, ചെലവഴിച്ച തുക എന്നിവ ഓഡിറ്റ് ആവശ്യപ്പെട്ടിരുന്നു. അതും ലഭിച്ചില്ല.

മരാമത്ത് വിഭാഗത്തിൽ പ്രോജക്ട് രജിസ്റ്റർ ഇല്ല. അതിനാൽ പിടിച്ചുവെച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ബാലൻസ് ഷീറ്റിലെ റിറ്റൻഷൻ തുകയുടെ വിവരം നഗരസഭ ലഭ്യമാക്കാത്തതിനാൽ ഇവ മുൻവർഷങ്ങളിൽ പൂർത്തിയാകാതെ ഉപേക്ഷിച്ച മരാമത്ത് പ്രോജക്ടുകളുടെ പിടിച്ച് വെച്ച തുകയായി കണക്കാക്കിയാണ് ഈ ഖണ്ഡിക തയാറാക്കിയിരിക്കുന്നത്.

ഒരു പദ്ധതിവർഷത്തിൽ പണിപൂർത്തിയാകാത്ത പ്രൊജക്ടുകളുടെ കരാറുകാരുടെ ഭാഗികബില്ലിൽ നിന്നും പിടിച്ചുവെക്കുന്ന തുകയാണ് ബാലൻസ് ഷീറ്റിലെ റിട്ടൻഷൻ ശീർഷകങ്ങളിൽ വിവരിക്കുന്നത്. മരാമത്ത് ചട്ടങ്ങളും മാന്വലും അനുസരിച്ച് പ്രോജക്ടുകളുടെ അന്തിമബില്ല് തീർപ്പാക്കുമ്പോൾ അതിൽ ചേർത്ത് പിടിച്ചുവെച്ച തുക കരാറുകാർക്ക് നല്കണം. ബാലൻഷീറ്റിൽ ഈ ശീർഷകങ്ങളിൽ ബാധ്യത കാണിച്ചിരിക്കുന്നത് ഈ നടപടിക്രമം പാലിച്ചില്ലെന്നതിന് തെളിവാണ്. മാത്രമല്ല പ്രോജക്ടുകൾ പാതിവഴിയിൽ നില്ക്കുന്നത് വകയിരുത്തിയ ഫണ്ടുകൾ നഷ്ടപ്പെടുന്നതിനും വികസന പദ്ധതികൾ സമൂഹത്തിന് പ്രയോജനപ്പെടാതെ പോകാനും ഇടയാക്കും.

റിട്ടൻഷൻ തുക ക്രമീകരിക്കാത്തത് പാതിവഴിയിൽ നില്ക്കുന്ന വേലകൾ പൂർത്തീകരിക്കുന്നതിന് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനിടയാക്കും. ഇത് അധിക ചെലവിനും വലിയ ക്രമക്കേടുകൾക്കും ഇടയാക്കും. മരാമത്ത് സ്ഥിരം സമിതിയും വർക്കിംഗ് ഗ്രൂപ്പും പ്രോജക്ടുകളുടെ നിർവഹണത്തിലും പൂർത്തീകരണത്തിലും ക്രിയാത്മകമായി ഇടപെടുന്നില്ലെന്നതിന് തെളിവാണിത്. അതിനാൽ വിഷയം ഗൗരവമായ ചട്ടലംഘനമായും പൊതുപണത്തിനുള്ള വലിയ നഷ്ടവുമായി കണ്ട് കൗൺസിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.കൗൺസിൽ വിഷയം അന്വേഷിച്ച് പണികൾ പാതിവഴിയിൽ ഉപേക്ഷിച്ച കരാറുകാരുടെ ഇഎംഡി/സെക്യൂരിറ്റി നിക്ഷേപം തനത് ഫണ്ടിൽ മുതൽ കൂട്ടി ഇവരുടെ നഷ്ടോത്തരവാദിത്തതിൽ പ്രോജക്ടുകൾ പൂർത്തിയാക്കേണ്ടതും ഇവർക്ക് എതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-55 രേഖകൾ കൃത്യമല്ല;മാലിന്യനീക്കത്തിന് അയ്യങ്കാളി ഫണ്ട് 44.65ലക്ഷം ചെലവഴിച്ചു

സുതാര്യവും കൃത്യവുമായ രേഖകളില്ലാതെ പൊതു സ്ഥലത്തേയും വീടുകളിലേയും മാലിന്യ നീക്കത്തിന് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ 44.65 ലക്ഷം രൂപ ചെലവഴിച്ചു.

പൊതുസ്ഥലത്തേയും വീടുകളിലേയും മാലിന്യം ശേഖരിക്കുന്നതിന് 11 പ്രോജക്ടുകളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ഫണ്ട് 4465395രൂപയാണ് നഗരസഭ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് മാറ്റിയത്(എന്ത് തരം മാലിന്യമാണ് സംഭരിച്ചതെന്ന് വ്യക്തമല്ല.ഓഡിറ്റിന് ലഭ്യമായ ഫോട്ടോകൾ അനുസരിച്ച് ഇവർ അജൈവ മാലിന്യമാണ് മുഖ്യമായും ശേഖരിച്ചത്.). വിവരണം താഴെ പത്രികയിൽ.

| ക്രമനം | ഫയൽ നം, | തുക | ചെക്ക് |
|---|---|---|---|
| 1 | E6/23488/17 | 899190 | 917944/19.5.21 |
| 2. | E6-03/21-22 | 93120 | 817970/24.9.21 |
| 3. | E6-02/21-22 | 105342 | ;; |
| 4 | E6-01/21-22 | 93120 | 917971/24.9.1 |
| 5 | E6-05/21-22 | 92247 | 917972/11.10.21 |
| 6 | E6-04/21-22 | 138807 | ” |
| 7 | E6-06/21-22 | 205446 | 917976/1.11.2021 |
| 8 | E6-07/21-22 | 642819 | 917984/6.12.21 |
| 9 | E6-08/21-22 | 732738 | 917995/3.2.22 |
| 10 | E6-09/21-22 | 801123 | 917995/3.2.22 |
| 11 | E6-09/21-22 | 661443 | 917995/23.2.22 |
| | ആകെ | 4465395 | |

സർക്കാർ ഉത്തരവ് അനുസരിച്ച് വീടുകളിലേയും സ്ഥാപനങ്ങളിലേയും അജൈവ മാലിന്യം ശേഖരിക്കേണ്ടത്

ഹരിതകർമ്മസേനയാണ്. വീടുകളിലും സ്ഥാപനങ്ങളിൽ നിന്നും പിരിക്കുന്ന യൂസർ ഫീ ഉപയോഗിച്ച് ഇതിന്റെ ചെലവ് നടത്തണമെന്നും ഉത്തരവുണ്ട്.

നഗരസഭയിൽ ഹരിതകർമ്മ സേനയില്ല.ക്രിസ് ഗ്ലോബൽ എന്ന സ്വകാര്യ സ്ഥാപനത്തിന് ഹരിതകർമ്മസേനയുടെ ചുമതലകൾ കൈമാറിയിരിക്കുകയാണ്. അതിനാൽ വീടുകളിലെ അജൈവമാലിന്യം ശേഖരിക്കാൻ തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ചത് അനാവശ്യ ചെലവാണ്. മാത്രമല്ല വീടുകളിലെ മാലിന്യനീക്കം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുവാൻ അനുവാദവുമില്ല.

ഹരിതകർമ്മസേന കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്നാണ് നഗരസഭയുടെ വാദം. അത് ശരിയെങ്കിൽ മാലിന്യത്തിന്റെ ഉറവിടം വീടുകളും സ്ഥാപനങ്ങളുമായതിനാൽ നഗരത്തിൽ പൊതുസ്ഥലങ്ങളിൽ മാലിന്യം കുന്നുകൂടാൻ സാധ്യത വിരളമാണ്.പൊതുസ്ഥലങ്ങളിലെ ജൈവമാലിന്യ നീക്കം നഗരസഭയിലെ ശുചീകരണതൊഴിലാളികളുടെ ജോലിയാണ്.വീടുകളിലെ ജൈവമാലിന്യനീക്കം ഉറവിട സംസ്കരണത്തിലൂടെയാണ്.

പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നവരെ പിടിക്കാൻ 24മണിക്കൂറും ഉണർന്നിരിക്കുന്ന 32ക്യാമറകൾ നഗരസഭ നഗരത്തിൽ വിന്യസിച്ചിട്ടുണ്ട്. ഈ ക്യാമറകളിൽ ഒന്നുപോലും ഒരാളേയും മാലിന്യം വലിച്ചെറിഞ്ഞതിന് 2021-22വർഷം പിടികൂടിയിട്ടില്ല.

ഹരിതകർമ്മ സേനയുടേയും ശുചീകരണവിഭാഗത്തിന്റേയും പ്രവർത്തനം കാര്യക്ഷമമാണെങ്കിൽ തെരുവിൽ മാലിന്യം ഉണ്ടാകരുത്. തെരുവിൽ മാലിന്യം വലിച്ചെറിയുന്നുണ്ടെങ്കിൽ അതിന് എതിരെ നിയമനടപടി സ്വീകരിച്ച് പിഴ ഈടാക്കി അത് ഉപയോഗിച്ച് വേണം മാലിന്യ നീക്കം നടത്തുവാൻ.

പൊതുസ്ഥലങ്ങളിൽ മാലിന്യം കുന്ന് കൂടിയതായി മാധ്യമ റിപ്പോർട്ടുകളോ പരാതികളോ ലഭിച്ചതായി കാണുന്നില്ല.നഗരസഭ കൗൺസിലും ഈ വിഷയം ചർച്ച ചെയ്തിട്ടില്ല. ഇതിൽ നിന്നും തൊഴിലുറപ്പ് തൊഴിലാളികളെ വലിയതോതിൽ വിന്യസിക്കേണ്ട ഗുരുതരപ്രശ്നമായിരുന്നില്ല പൊതുസ്ഥലങ്ങളിൽ കുന്നുകൂടിയ മാലിന്യം എന്ന് വ്യക്തമാണ്. അതിനാൽ പൊതുസ്ഥലങ്ങളിലെ മാലിന്യശേഖരണത്തിന് അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ചത് പാഴ് ചെലവാണ്.ഓഡിറ്റ് നിഗമനം തെറ്റാണെന്ന് തെളിയിക്കുന്ന രേഖകൾ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടും നഗരസഭ ലഭ്യമാക്കിയില്ല.

മാലിന്യ സംഭരണത്തിന് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ 11പ്രോജക്ടുകളാണ് 21-22ൽ നടപ്പാക്കിയത്. പ്രോജക്ടുകളുടെ പൊതുവായ നിർവഹണ രീതി മനസ്സിലാക്കുന്നതിന് രണ്ട് പ്രോജക്ടുകളുടെ വിശകലനം താഴെ ചേർക്കുന്നു. മാലിന്യ സംസ്കരണം -ആഗസ്റ്റ് മാസം -ഒന്നാം ഘട്ടം എന്ന പേരിൽ വാർഡ് 1മുതൽ 20വരെ (ഫയൽ E6-01/21-22,എം.ബുക്ക് M-54/21-22)ഒരു പ്രോജക്ട്. ഇതേ പേരിൽ 24,29,30,32,33,39 വാർഡുകളിലേക്ക് മറ്റൊരു(ഫയൽ E6-04/21-22, എം.ബുക്ക് M-61/21-22) പ്രോജക്ടും.

എം.ബുക്കും പ്രോജക്ട് ഫയലും തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങിയതായി കാണുന്നില്ല. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എംജിഎൻആർഇജിഎസിന്റെ സെക്വയർ സോഫ്റ്റ് വെയറിലാണ്.

എംജിഎൻആർഇജിഎസിന്റെ വെബ് സൈറ്റ് തിരഞ്ഞപ്പോൾ മാലിന്യ സംഭരണത്തിന്റെ മാതൃകാ എസ്റ്റിമേറ്റ് കാണാൻ കഴിഞ്ഞില്ല. അതിനാൽ ഒബ്സർവ്ഡ് ഡേറ്റ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടിയിരുന്നു. ആ നടപടി ക്രമം പാലിച്ചതായി പ്രോജക്ട് ഫയലിൽ രേഖയില്ല.

എം.ബുക്കിൽ മാലിന്യം സംഭരിച്ച സ്ഥലത്തിന്റെ അളവോ സംഭരിച്ച മാലിന്യത്തിന്റെ അളവോ രേഖപ്പെടുത്തിയിട്ടില്ല. ജൈവമാലിന്യം സംഭരിച്ചെങ്കിൽ അത് എങ്ങനെ സംസ്കരിച്ചു എന്നത് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.അജൈവമാലിന്യങ്ങൾ വാർഡുകളിൽ നിന്നും എംസിഎഫിലേക്ക് കൊണ്ടുപോയ വാഹനത്തിന്റെ രേഖകൾ ഇല്ല. എംസിഎഫിൽ കൈമാറിയ അജൈവമാലിന്യത്തിന്റെ അളവുമില്ല. തൊഴിലാളികൾ ശേഖരിച്ച അജൈവമാലിന്യം എംസിഎഫ് കൈപ്പറ്റിയതിനും രേഖയുമില്ല. എം.ബുക്ക് ചെക്ക് മെഷർ ചെയ്തതായും കാണുന്നില്ല. കൂടാതെ എസ്റ്റിമേറ്റില്ലാത്തതിനാൽ എം.ബുക്ക് ആധികാരിക രേഖയായി കണക്കാക്കാനാവില്ല.

എം.ബുക്ക് അനുസരിച്ച് രണ്ട് പ്രോജക്ടുകളിലും വീടുകളിലും ശുചീകരണം നടത്തിയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാർഡുകൾ തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദീകരിച്ചിട്ടില്ല.

ആദ്യ എം.ബുക്കിൽ 70തൊഴിലാളികൾ 320തൊഴിൽ ദിനങ്ങൾ ചെലവഴിച്ചതായി വിവരിച്ചിട്ടുണ്ട്. ഇതിന് 291രൂപനിരക്കിൽ തൊഴിലാളികൾക്ക് 93120രൂപ (ചെക്ക് 917971/17.9.21,വൗച്ചർ 09-9/21) നല്കി. രണ്ടാമത്തെ പ്രോജക്ടിന്റെ എം.ബുക്കിൽ 33തൊഴിലാളികൾ 477തൊഴിൽ ദിനങ്ങൾ കൊണ്ട് ശുചീകരണം നടത്തിയതായി വിവരിച്ച് 138807രൂപ (ചെക്ക് 917972/27.9.2021,വൗച്ചർ 12-9/2021) തൊഴിലാളികളു ടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

അയ്യങ്കാളി തൊഴിലുറപ്പ് മാർഗനിർദേശം അനുസരിച്ച് പണി തുടങ്ങുമ്പോഴും പുരോഗമിക്കുമ്പോഴും തീരുമ്പോഴും ഫോട്ടോ എടുത്ത് സൂക്ഷിക്കണം.പ്രോജക്ട് ഫയലിൽ ഫോട്ടോ ഉണ്ടെങ്കിലും ഇവയിൽ തീയതി, സമയം എന്നിവയില്ല.

ജിപിഎസ് അടി സ്ഥാനമാക്കി എടുത്ത ഫോട്ടോ അല്ലാത്തതിനാൽ ഇവയുടെ ആധികാരികത അംഗീകരിക്കാനാവില്ല.

മാർഗനിർദേശം അനുസരിച്ച് തയ്യാറാക്കി സൂക്ഷിക്കേണ്ട അയ്യങ്കാളി പദ്ധതിയുടെ വിജിലൻസ് ആന്റ് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയില്ല. പ്രവൃത്തി നടന്ന വാർഡുകളിലെ വാർഡ് സഭകൾ പ്രോജക്ട് മോണിട്ടർ ചെയ്തിട്ടില്ല. പ്രോജക്ടിന്റെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയില്ല.

പ്രോജക്ട് നിർവഹണത്തിലെ മുകളിൽ വിവരിച്ച അപാകങ്ങൾ നഗരസഭയിലെ അയ്യങ്കാളി തൊഴിലുറപ്പ് വിഭാഗവുമായി ഓഡിറ്റ് ചർച്ച് ചെയ്തിരുന്നു. അതിന് മറുപടിയായി (കൈ)216/2017/തസ്വഭവ 3/11/2017സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കി ചെലവ് നടത്തിയത് എന്ന് വ്യക്തമാക്കിയിരുന്നു.

പൊതു സ്ഥലത്ത് കുന്നുകൂടുന്ന മാലിന്യ നീക്കത്തിന് അയ്യങ്കാളി പദ്ധതിയിൽ പ്രോജക്ട് ഏറ്റെടുക്കാനുള്ള അനുമതി മാത്രമാണ് ഈ ഉത്തരവ്. അത് ആവശ്യമായിരുന്നോ, പ്രോജക്ട് നിർവഹണം സുതാര്യവും കൃത്യവുമാണോ എന്നതാണ് ഓഡിറ്റ് പരിശോധിച്ചത്. ആ രണ്ട് കാര്യങ്ങളും തെളിയിക്കുന്ന രേഖകൾ ഇല്ലാത്തതിനാലും ഓഡിറ്റ് വിശകലനത്തിൽ പാഴ് ചെലവാണെന്ന് കണ്ടതിനാലും 4465395 രൂപയുടെ ചെലവിന്റെ കൃത്യത സംശയാസ്പദമാണ്.

ചെലവഴിച്ച തുക തൊഴിലാളികളുടെ അക്കൗണ്ടിൽ പോയതിനാൽ വ്യക്തിപരമായ ബാധ്യത നിർണയിക്കാൻ ഓഡിറ്റിന് കഴിയുന്നില്ല. പൊതുപണം 4465395 രൂപ വേതനം നല്കി തൊഴിലാളികളെ കൊണ്ട് ശേഖരിച്ച അജൈവ മാലിന്യങ്ങൾ എന്തുചെയ്തു എന്ന് വ്യക്തമല്ല. സർക്കാർ പണം ഉപയോഗിച്ച് സംഭരിച്ച മാലിന്യം ക്ളീൻ കേരള കമ്പിനിക്കാണ് കൈമാറേണ്ടത്. അതിനും രേഖയില്ല.

അജൈവ മാലിന്യസംഭരണം സ്വകാര്യസ്ഥാപനത്തെ ഏല്പിച്ച നഗരസഭ മാനദണ്ഡങ്ങൾ പാലിക്കാതെ അരകോടിയോളം രൂപ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ചെലവഴിച്ചത് ക്രമക്കേടാണ്. ചെലവ് തുക മുഴുവനും നിരവധി തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലൂടെയായതിനാലും രേഖകൾ ഒട്ടും കൃത്യമല്ലാത്തതിനാലും ഓഡിറ്റിന് ഈ വിഷയത്തിൽ അന്തിമ നിഗമനത്തിൽ എത്താൻ കഴിയുന്നില്ല. അതിനാൽ വിഷയത്തിൽ തുടർ അന്വേഷണവും നടപടികളും സ്വീകരിക്കുന്നതിന് ഭരണവകുപ്പിന്റെ ശ്രദ്ധക്ഷണിക്കുന്നു.

## 1-56 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ശുചീകരണപദ്ധതിയാക്കി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ശുചീകരണമാക്കി നഗരസഭ മാറ്റി. സ്കൂളുകൾക്കും അംഗനവാടികൾക്കും ശുചിമുറി, കിണർ റീചാർജിംഗ്, കിണർ നിർമ്മാണം, സിമിന്റ് കട്ട നിർമ്മാണ യൂണിറ്റ് തുടങ്ങിയ സാമൂഹ്യപ്രാധാന്യമുള്ള പ്രോജക്ടുകൾ 2021-22 കർമ്മ പദ്ധതിയിൽ അംഗീകരിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല.

2021-22ൽ നടപ്പാക്കിയ 31 പ്രോജക്ടുകളിൽ പിഎംഎവൈ ഗുണഭോക്താക്കൾക്കും ക്ഷീരകർഷകർക്കും തൊഴിൽ ദിനങ്ങൾ നല്കുന്ന രണ്ട് പ്രോജക്ടുകൾ ഒഴികെ 29 ഉം ശുചീകരണ പ്രോജക്ടുകളായിരുന്നു. അയ്യങ്കാളി തൊഴിലുറപ്പ് മാർഗരേഖ അനുസരിച്ച് ഏറ്റെടുക്കാവുന്ന 11 ഇനം പ്രവൃത്തികളിൽ ഒന്നു മാത്രമാണ് പൊതുസ്ഥലങ്ങളിൽ കുന്നുകൂടുന്ന മാലിന്യ ശേഖരണം. അതിന്റെ പേരിൽ പദ്ധതിയാകെ ശുചീകരണമാക്കിമാറ്റുന്നത് അനുചിതമാണ്. ജലസംരക്ഷണം, സൂക്ഷ്മ ജലസേചനം, ഭൂവികസനം തുടങ്ങി മാർഗരേഖ അനുവദിക്കുന്ന പരിസ്ഥിതി/സാമൂഹിക പ്രാധാന്യമുള്ള പ്രോജക്ടുകൾ അവഗണിക്കപ്പെട്ടത് വീഴ്ചയാണ്.

2021-22ലെ പദ്ധതിയുടെ ആകെ വേതനചെലവ് 10648972 രൂപയാണ്. ഇതിൽ പിഎംഎവൈ ക്ഷീരകർഷകർക്ക് നല്കിയ 1941593 രൂപ കഴിച്ച് 8707379 രൂപ ശുചീകരണപ്രോജക്ടുകളിൽ വേതനം നല്കിയതാണ്. ആകെ വേതന ചെലവിന്റെ 82% ആണിത്.

നഗരത്തിലെ വീടുകളിൽ നിന്നും വാർഡുകളിൽ നിന്നും ഖരമാലിന്യം ശേഖരിക്കുന്നതിന് അനാവശ്യമായി 4465395 രൂപ ചെലവഴിച്ചിരുന്നു (ഖണ്ഡിക 1-55 കാണുക). കൂടാതെ നഗരസഭയിലെ 39 വാർഡുകളിൽ മഴക്കാലപൂർവശുചീകരണത്തിന് 1738901 രൂപ ചെലവഴിച്ചു. ക്യാഷ്ബുക്കിലെ വിവരം അനുസരിച്ച് 46 വൗച്ചറുകളിലാണ് തുക ചെലവഴിച്ചത്. ഇതിന്റെ ഫയലുകൾ ഓഡിറ്റിന് ലഭ്യമായില്ല. മഴക്കാല പൂർവശുചീകരണത്തിന് നഗരസഭ ശുചിത്വമിഷൻ/തനത് ഫണ്ടുകൾ ചെലവഴിക്കുന്നതാണ്. അതേ ആവശ്യത്തിന് തൊഴിലുറപ്പ് ഫണ്ട് ചെലവഴിച്ചത് അനാവശ്യമാണ്. കൂടാതെ തോടുകളുടെ ശുചീകരണത്തിനും തുക ചെലവഴിച്ചിട്ടുണ്ട്.

71 പ്രോജക്ടുകളിൽ 251025 തൊഴിൽ ദിനങ്ങൾ ഉൾപ്പെടുത്തിയാണ് 2021-22-ലെ കർമ്മപദ്ധതി അംഗീകരിച്ചത്. എന്നാൽ 41712തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കാനായത്. 16.62%. 21-22ൽ തൊഴിൽ തേടിയ 343കുടുംബങ്ങളിൽ 112 കുടുംബങ്ങൾക്കാണ് 100 ദിവസം തൊഴിൽ നല്കിയത്.

അയ്യങ്കാളി പദ്ധതിയിൽ നഗരസഭയിലെ 1426 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 2021-22ൽ 343 കുടുംബങ്ങൾ മാത്രമാണ് തൊഴിൽ ആവശ്യപ്പെട്ടത്. രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ ഭൂരിഭാഗത്തേയും ആകർഷിക്കുവാൻ കഴിയുന്നില്ലെന്ന് ഈ കണക്ക് വ്യക്തമാക്കുന്നു. തൊഴിലാളികളെ ആകർഷിക്കുന്ന രീതിയിൽ പദ്ധതി ആസൂത്രണം ചെയ്യുന്നതിലെ നഗരസഭയുടെ പരാജയമാണോ ഇതിന് കാരണമെന്ന് പരിശോധിക്കേണ്ടതാണ്. ശുചീകരണ

പ്രോജക്ടുകൾക്ക് പകരം മാർഗരേഖ അനുസരിച്ച് അയൽക്കൂട്ടതലത്തിൽ ചർച്ച ചെയ്ത് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതാണ്.

2020-21, 2021-22വർഷങ്ങളിലെ പദ്ധതി നിർവഹണം സോഷ്യൽ ഓഡിറ്റിലൂടെ വിലയിരുത്തിയിട്ടില്ലെന്ന് ഓഡിറ്റ് നടത്തിയ വിവരശേഖരണത്തിൽ നഗരസഭ അറിയിച്ചിട്ടുണ്ട്.

## 1-57 ആധുനിക അറവുശാല നിർമ്മാണം

ആധുനിക അറവുശാല നിർമ്മാണം-(ഫയൽ നം-E2/2291/17)-

ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 2291/C2/2017/SM/22.5.17 അനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരം തിരുവല്ല നഗരസഭയിൽ നിലവിൽ നഗരസഭാ വക അറവുശാല പ്രവർത്തിച്ചുവരുന്ന കുറ്റപ്പുഴ വില്ലേജിലെ തുകലശ്ശേരിയിൽ സർവ്വേ 826/2 ൽ1 ഹെ 8 ആർ പുരയിടത്തിൽ കിഫ്ബിയുടെ സഹായത്തോടെ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് തിരഞ്ഞെടുത്തിരുന്നു. മേൽ പ്രോജക്ടിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനായി ഡോ.പി.വി മോഹനൻ, സെന്റർ ഫോർ ഫാമിംഗ് ആന്റ് ഫുഡ് പ്രോസസിംഗ് കണ്ണൂർ എന്നയാളിനെ തിരഞ്ഞടുക്കുകയും സ്ഥാപനം 11.2 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. സ്ഥാപനവുമായുള്ള എഗ്രിമെന്റ് പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 0.5%തുകയാണ് കൺസൾട്ടൻസി ഫീസ്. T.S ലഭിക്കുന്നതിന് മുൻപ് 90% തുകയും T.S ലഭിച്ചതിനുശേഷം 10 % തുകയും നൽകണം എന്നാണ് വ്യവസ്ഥ. 10.36 കോടി രൂപയുടെ പ്രോജക്ടിനാണ് ആദ്യം അനുമതി ലഭിച്ചത് എങ്കിലും പ്രോജക്ട് തുക 14.39 കോടി രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. തദ്ദേശഭരണവകുപ്പിന്റെ 23.12.2019 ലെ സ.ഉ(സാധാ)2933/2019 നം ഉത്തരവ് പ്രകാരം നിർമ്മാണ ചുമതല IMPACT KERALA എന്ന സ്ഥാപനത്തെ ഏല്പിച്ചുനൽകി. മേൽ പ്രോജക്ടിനായി നാളിതുവരെ 1575648/-രൂപ ചെലവായി. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവിനം | തുക | ചെലവിന്റെ വിവരം |
|---|---|---|
| ടോട്ടൽ സ്റ്റേഷൻ സർവ്വേ തയ്യാറാക്കൽ(ആൻസൺ ഗ്രൂപ്പ്) | 12089/- | (Ch.No-548172/3.8.17) |
| പരസ്യചെലവ്- | 15960/- | (Ch.No336104/18.4.18-8400/- Ch.No336105/18.4.18-7500/-) |
| ജലലഭ്യതാ സർട്ടിഫിക്കറ്റ് (ഭൂഗർഭജലവകുപ്പ്)- | 1750/- | (നോട്ട്ഫയൽ 21.7.17) |
| സോയിൽ ടെസ്റ്റ് (രാമപുരം മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിന്റേതുൾപ്പെടെ)- | 77880/- | (ഫയൽ നം-PW3-10178/11 നോട്ട്ഫയൽ 16.3.2019) |
| വസ്തു നികുതി- | 2187/- | (Ch.No-543397/16.5.19 |
| മലിനീകരണ നിയന്ത്രണബോർഡ് NOC(5വർഷത്തേക്ക്)- | 460500/- | (Online Payment15.10.19 410500/-+Online Payment13.5.20-50000/-) |
| ഫോട്ടോകോപ്പി- | 9000/- | (Ch.No-636516/31.12.19-6300/- +Ch.No587197/19.5.21-2700/-) |
| കൺസൾട്ടൻസി ഫീസ്- | 849000/- | (Ch.No-014179/13.8.20-259000/-, Ch.No-89905/13.9.21-207200/- Ch.No763181/12.7.19-382800/-) |
| സ്ട്രക്ച്ചറൽ ഡിസൈൻ സ്ക്രൂട്ടിണി (വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്)- | 147282/- | (Ch.No-238456/5.10.20-) |
| ആകെ | 1575648/-രൂപ | |

- കൺസൾട്ടൻസി ഫീസിനത്തിൽ ചെലവായ തുകയിൽ 103106/- രൂപ നഗരസഭയ്ക്ക് തിരികെ ലഭ്യമായിട്ടുണ്ട്. കേരളാ മലിനീകരണ നിയന്ത്രണബോർഡിന്റെ സമ്മതപത്രം (Consent To Establish)PCB/RO/PTA/ICE/02/2022/13.7.22 ആയി ലഭ്യമായിട്ടുണ്ട്. ഇതിന്റെ കാലാവധി 19.1.2024 ൽ അവസാനിക്കുന്നതാണ്. പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കാനും തനത്ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ചെലവായ തുക തിരികെ ലഭ്യമാക്കാനുമുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-58 മാലിന്യനീക്കം:സ്വകാര്യസ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്താതെ നഗരസഭ ലക്ഷങ്ങൾ ചെലവഴിക്കുന്നു

മാലിന്യനീക്കം എന്ന അനിവാര്യചുമതല സ്വകാര്യ സ്ഥാപനത്തിന് കൈമാറിയ ശേഷവും നഗരസഭ സ്വന്തം ഫണ്ട് ലക്ഷങ്ങൾ മാലിന്യസംഭരണത്തിന് ചെലവഴിക്കുന്നു. കൈമാറിയ ചുമതല സ്ഥാപനം ശരിയായ നടത്തുന്നുണ്ടോ എന്നത് നഗരസഭ വിലയിരുത്തിയതായി കാണുന്നില്ല.

നഗരത്തിലെ മാലിന്യ സംഭരണം,സംസ്കരണം മുനിസിപ്പൽ നിയമപ്രകാരം നഗരസഭയുടെ ചുമതലയാണ്. നഗരസഭ നേരിട്ട് നടത്തുമ്പോൾ അതിന് നഗരസഭ ഫണ്ടും ചെലഴിക്കാം. ഇതിൽ അജൈവമാലിന്യ നീക്കം ക്രിസ് ഗ്ളോബൽ എന്ന സ്വകാര്യ സ്ഥാപനത്തിന് നഗരസഭ കൈമാറിയിരിക്കുകയാണ്. അതിന് ശേഷവും മാലിന്യ സംഭരണത്തിന് അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതി ഫണ്ട് 44.65 ലക്ഷം രൂപയാണ് 21-22ൽ നഗരസഭ ചെലവഴിച്ചത്(ഖണ്ഡിക 1-55 കാണുക).

സ്വകാര്യസ്ഥാപനത്തിന് യൂസർ ഫീസ് പിരിച്ച് നടത്താൻ കൈമാറിയ മാലിന്യ സംഭരണത്തിന് നഗരസഭ ഫണ്ട് ചെലവഴിക്കുന്നത് പൊതുപണം പാഴാക്കുന്നതാണ്.

നഗരസഭകളിലെ മാലിന്യനീക്കം ജനപങ്കാളിത്തം ഉറപ്പാക്കി കാര്യക്ഷമമാക്കാനും ചെലവ് നിയന്ത്രിച്ച് വരുമാനദായകമാക്കുവാനുമാണ് സർക്കാർ കുടുംബശ്രീ സഹകരണത്തിൽ ഹരിതകർമ്മ സേന രൂപികരിക്കുവാൻ നിർദേശിച്ചത്. നഗരസഭയിൽ ഹരിതകർമ്മ സേനയില്ല.

ഹരിതകർമ്മ സേന ഇല്ലാത്ത നഗരസഭകളിൽ സംരംഭകത്വഗ്രൂപ്പുകൾ രൂപീകരിച്ച് മാലിന്യനീക്കം നടത്താൻ സർക്കാർ നിർദേശിച്ചിരുന്നു. നഗരസഭ അതിനും ശ്രമിച്ചില്ല. പകരം ചുമതല ക്രിസ് ഗ്ളോബലിന് കൈമാറി. അനിവാര്യചുമതല സ്വകാര്യസ്ഥാപനത്തിന് കൈമാറാൻ അനുവദിക്കുന്ന സർക്കാർ ഉത്തരവുകൾ ഇല്ല. ഹരിതകർമ്മ സേനയായി ക്രിസ് ഗ്ളോബൽ പ്രവർത്തിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടുണ്ടോയെന്ന് നഗരസഭ വ്യക്തമാക്കിയിട്ടില്ല.ടെണ്ടർ നിയമങ്ങൾ പാലിച്ചാണ് ഈ സ്ഥാപനത്തെ തിരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടും നഗരസഭ ഹാജരാക്കിയില്ല.

അനിവാര്യചുമതല സ്വകാര്യസ്ഥാപനത്തിന് കൈമാറിയിട്ടും നഗരസഭ അവരുടെ പ്രവർത്തനം 2021-22ൽ മോണിട്ടറിംഗ് ചെയ്യുതായി തെളിയിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. നഗരത്തിൽ പൊതുവെ മാലിന്യ പ്രശ്നങ്ങളില്ലാത്തതിനാൽ ഇവരുടെ പ്രവർത്തനം മികച്ചതാണെന്ന് ഈ വിഷയം ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ ഉന്നയിച്ചപ്പോൾ ലഭിച്ച മറുപടി. സർക്കാർ നല്കുന്ന അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും ലക്ഷകണക്കിന് രൂപ ചെലവഴിച്ച് മാലിന്യം നീക്കം നടത്തുന്നതിനാലാണ് നഗരത്തിൽ മാലിന്യപ്രശ്നമില്ലാത്തതെന്ന് ഓഡിറ്റിന് ലഭ്യമായ കണക്കുകളും രേഖകളും തെളിയിക്കുന്നു (ഖണ്ഡിക 1-55കാണുക).

വിഷയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ വ്യക്തമായ അപാകങ്ങൾ താഴെ വിവരിക്കുന്നു:

1.ഹരിതസഹായ ഏജൻസി ഹരിതകർമ്മസേന : ക്രിസ് ഗ്ളോബൽ നേരത്തെ നഗരസഭയുടെ ഹരിതസഹായ ഏജൻസിയായിരുന്നു. 2019-20ൽ ഇവർ നല്കിയ ഈ സേവനത്തിന് നഗരസഭാഫണ്ടിൽ നിന്നും തുക ചെലവഴിച്ചതായി ആ വർഷത്തെ സുലേഖ പദ്ധതി ചെലവ് പത്രികയിൽ കാണുന്നു. ഹരിതസഹായ ഏജൻസി എന്ന നിലയിൽ നഗരത്തിലെ മാലിന്യത്തിന്റെ സംഭരണം, സംസ്കരണം എന്നിവക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നഗരസഭക്ക് നല്കുക. ആ ഡിപിആർ അനുസരിച്ച് ആവശ്യമായ തുടർ പ്രോജക്ടുകൾ നിർവഹിക്കുന്നതിൽ നഗരസഭക്ക് സാങ്കേതിക ഉപദേശങ്ങൾ നല്കുക, നഗരസഭയിലെ വാർഡുകളിൽ ഹരിതകർമ്മ സേന രൂപീകരിക്കുക, അവർക്ക് പരിശീലനം നല്കുക എന്നിവയാണ്. ഈ പ്രവർത്തനങ്ങൾക്ക് ശേഷവും നഗരസഭയിൽ ഹരിതകർമ്മ സേന രൂപീകരിക്കാനായില്ല.അതിനാൽ ഹരിതസഹായ ഏജൻസി എന്ന ഇവരുടെ പ്രവർത്തനം വിലയിരുത്തി തുടർനടപടികൾ നഗരസഭ പരിഗണിക്കേണ്ടതാണ്.

2.ഓഡിറ്റ് വർഷം ഹരിതകർമ്മ സേന നടത്തിയ സേവനങ്ങൾ വിശദീകരിക്കുന്ന രേഖയില്ല:
2021-22 സാമ്പത്തികവർഷം ഹരിതകർമ്മ സേന നഗരത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരിക്കുന്ന യാതൊരു രേഖയും നഗരസഭ ഓഡിറ്റിന് സമർപ്പിച്ചില്ല. രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നഗരസഭ അവഗണിച്ചു.

ഹരിതകർമ്മസേനയായ ക്രിസ് ഗ്ളോബൽ നഗരത്തിലെ ഏതൊക്കെ വാർഡുകളിൽ ഹരിതകർമ്മസേനയായി പ്രവർത്തിച്ചു. ഇവർ വാർഡുകളിൽ നിന്ന് സംഭരിച്ച മാലിന്യത്തിന്റെ അളവ് എത്ര, ഇത് എങ്ങനെ എംസിഎഫിൽ എത്തിച്ചു. അവിടെ തരം തിരിച്ച പുനസംസ്കരിക്കാവുന്ന അജൈവമാലിന്യം എത്ര, പുനസംസ്കരിക്കാനാവാത്ത അജൈവമാലിന്യം എത്ര, സംസ്കരിക്കാവുന്ന അജൈവമാലിന്യം ആർക്ക് കൈമാറി, ഇതിൽ നിന്നും നഗരസഭക്ക് എത്ര രൂപ വരുമാനം ലഭിച്ചു, പുനസംസ്കരിക്കാനാവാത്ത അജൈവമാലിന്യങ്ങൾ പരിസ്ഥിതിക്കും ജനങ്ങൾക്കും ദോഷകരമല്ലാത്ത വിധത്തിൽ എങ്ങനെ സംസ്കരിച്ചു, എന്നിവ വ്യക്തമാക്കുന്ന രേഖകളാണ് ഓഡിറ്റ് ആവശ്യപ്പെട്ടത്.

എന്നാൽ അവലഭ്യമാക്കിയില്ല.

ഹരിതകർമ്മസേനയുടെ പ്രവർത്തനം നഗരസഭ കൃത്യമായ ഇടവേളകളിൽ മോണിട്ടർ ചെയ്യേണ്ടതുണ്ട്. ഓഡിറ്റ് വർഷം ഒരിക്കൽ പോലും നഗരസഭ ക്രിസ് ഗ്ളോബലിന്റെ പ്രവർത്തനം മോണിട്ടർ ചെയ്തതായി തെളിയിക്കുന്ന രേഖ ഓഡിറ്റിന് ഹാജരാക്കിയില്ല.സർക്കാർ നിർദേശപ്രകാരം നടത്തേണ്ട സോഷ്യൽ ഓഡിറ്റും നടത്തിയിട്ടില്ല.

3.യൂസർഫീ കണക്കില്ല :
സർക്കാർ ഉത്തരവ് അനുസരിച്ച് നഗരസഭ നിശ്ചയിക്കുന്ന യൂസർ ഫീ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പിരിക്കാം. മാത്രമല്ല പദ്ധതിയിൽ ചേരുന്നതിന് രജിസ്ട്രേഷൻ ഫീസും ഈടാക്കാം. നഗരസഭ നിശ്ചയിച്ച രജിസ്ട്രേഷൻ ഫീസ് 50രൂപയാണ്. യൂസർഫീസ് വീടുകൾക്ക് മാസം 60രൂപയാണ്. സ്ഥാപനങ്ങൾക്ക് മാസം 300രൂപയും. യൂസർഫീ, രജിസ്ട്രേഷൻ ഫീസിനത്തിൽ എത്രരൂപ പിരിച്ചു എന്ന് വ്യക്തമാക്കുന്ന കണക്കുകളും രേഖകളും ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും നഗരസഭ ഹാജരാക്കിയില്ല. ക്രിസ് ഗ്ളോബൽ സ്വകാര്യസ്ഥാപനമായതിനാൽ കണക്ക് ചോദിക്കേണ്ടതില്ലെന്ന് നഗരസഭക്ക് കരുതാനാവില്ല. ക്രിസ് ഗ്ലോബൽ സ്വകാര്യ സ്ഥാപനമാണെങ്കിലും അതിന് ഹരിതകർമ്മസേനയുടെ പദവിയാണ് നഗരസഭ നല്കിയിരിക്കുന്നത്. അതിനാൽ ധനഇടപാടിൽ ഹരിതകർമ്മ സേനക്ക് ബാധകമായ വ്യവസ്ഥകൾ ഇവർക്കും ബാധകമാണ്. ഹരിതകർമ്മസേനക്ക് ബാധകമായ നിർദേശങ്ങൾ അനുസരിച്ച് ഓരോ വാർഡിലേയും സേന അംഗങ്ങൾ ആരെല്ലാം എന്നത് വ്യക്തമാക്കേണ്ടതാണ്. ഇവർ പിരിക്കുന്ന ഫീസുകൾ ഇതിന് ഉടങ്ങുന്ന പ്രത്യേക ബാങ്ക് അക്കൗണ്ട് വഴിയാകണം. വരവ് ചെലവ് കണക്കുകൾ നഗരസഭയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

ഇനി ഒരു സ്വകാര്യ സ്ഥാപനമായതിനാൽ ഇത് വേണ്ടെന്ന് വയ്ക്കുവാൻ ആവില്ല. ഫീസ് പിരിക്കാൻ നഗരസഭയുടെ പേരുള്ള രസീതാണ് ക്രിസ് ഗ്ളോബൽ ഉപയോഗിക്കുന്നത്. നഗരസഭയുടെ പേര് വെച്ച രസീതിൽ പിരിക്കുന്ന തുകയുടെ കണക്ക് ചോദിക്കേണ്ടത് നഗരസഭയുടെ നിയമപരമായ ബാധ്യതയാണ്. മാത്രമല്ല നഗരസഭ അതിന്റെ അനിവാര്യചുമതലയാണ് ക്രിസ് ഗ്ളോബലിന് കൈമാറിയിരിക്കുന്നത്. നഗരസഭ അവരുടെ പ്രവർത്തനം നിയന്ത്രിക്കുന്നുണ്ടെന്ന വിശ്വാസത്തിലാണ് ജനം ആ രസീത് സ്വീകരിച്ച് പണം നല്കുന്നത്. സ്ഥാപനം അന്യായമായി ലാഭമുണ്ടാക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുവാനും കണക്ക് ചോദിക്കേണ്ടതാണ്.

യൂസർ ഫീയുടെ കണക്ക് നഗരസഭ ലഭ്യമാക്കാത്തതിനാൽ ഈ ഇടപാടിലെ അനുമാനിത വരവ് താഴെ നിർണയിക്കുന്നു. സ്ഥാപനത്തിൽ നിന്ന് കണക്ക് ചോദിക്കേണ്ടത് നഗരസഭയുടെ വലിയ ഉത്തരവാദിത്വമാണെന്ന് ബോധ്യപ്പെടുത്താൻ വേണ്ടി മാത്രമാണ് അനുമാനം നടത്തിയിരിക്കുന്നത്.

നഗരസഭയുടെ കണക്ക് (ഫയൽ H6-11095/21)അനുസരിച്ച് നഗരത്തിൽ 16150ആൾതാമസമുള്ള വീടുകളുണ്ട്.സ്റ്റാർഹോട്ടലുകൾ മെഡിക്കൽ കോളേജ് എന്നിവ ഉൾപ്പെടെ 4570ഓളം സ്ഥാപനങ്ങളുമുണ്ട്. 10000വീടുകൾ പദ്ധതിയിൽ ചേർന്നതായി കരുതുക.അവരിൽ നിന്ന് ലഭിക്കാവുന്ന യൂസർ ഫീസ് 72ലക്ഷം രൂപയാണ്.രജിസ്ട്രേഷൻ ഫീസ് 5ലക്ഷം. സ്ഥാപനങ്ങളിൽ പകുതി പദ്ധതിയിൽ ചേർന്നാൽ തന്നെ 82.3ലക്ഷംരൂപ ലഭിക്കാം.

4.സ്ഥാപനങ്ങളുടെ യൂസർഫീ കൃത്യമായി നിർണയിച്ചില്ല

സ്ഥാപനങ്ങളുടെ വലിപ്പം, തരം, ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവ് എന്നിവ അനുസരിച്ച് യൂസർ ഫീ നിർണയിച്ചില്ല. സ്ഥാപനങ്ങളിലെ മാലിന്യത്തിന്റെ അളവ് അനസരിച്ച് സ്ളാബ് ഏർപ്പെടുത്താമായിരുന്നു. നഗരത്തിൽ 2 സ്വകാര്യ മെഡിക്കൽ കോളേജും ഒരു വലിയ ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. ഇതിനും പ്രത്യേകമായി യൂസർഫീ നിർണയിച്ചില്ല.സ്വകാര്യസ്ഥാപനം സ്വന്തം താല്പര്യപ്രകാരം ഫീസ് പിരിക്കാവുന്ന സാധ്യത നഗരസഭ ഒഴിവാക്കിയില്ല . യൂസർഫീ നിർണയിക്കാനുള്ള അധികാരം നഗരസഭ ശരിയായി വിനിയോഗിക്കാഞ്ഞത് നഗരസഭയുടെ ഭാഗത്തെ വീഴ്ചയാണ്.

5.സ്ഥാപനം നിയമപരമായാണോ പ്രവർത്തിക്കുന്നത് എന്നത് പരിശോധിച്ചില്ല

ക്രിസ് ഗ്ളോബൽ എന്ത് തരം സ്ഥാപനമാണ്. എവിടെ രജിസ്റ്റർ ചെയ്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത കണക്കുകൾ സമർപ്പിക്കാറുണ്ടോ, ആരാണ് സ്ഥാപനത്തിന്റെ നടത്തിപ്പുകാർ, നികുതികൾ അടയ്ക്കുന്നുണ്ടോ, തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടോ, ലൈസൻസ് എടുത്തിട്ടുണ്ടോ എന്നീ വിവരങ്ങൾ നഗരസഭ സൂക്ഷിച്ചിട്ടില്ല. സ്ഥാപനത്തിന്റെ വിവരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

6.സംഭരിച്ച് സംസ്കരിച്ച മാലിന്യത്തിന്റെ അളവില്ല

ക്രിസ് ഗ്ളോബൽ 2021-22സാമ്പത്തികവർഷം നഗരത്തിൽ നിന്നും സംഭരിച്ച് സംസ്കരിച്ച മാലിന്യത്തിന്റെ അളവില്ല. നാമമാത്ര വാടകക്ക് നഗരസഭയുടെ എംസിഎഫ് ക്രിസ് ഗ്ളോബലിന് നല്കിയിട്ടുണ്ട്. നഗരത്തിൽ നിന്ന് ശേഖരിക്കുന്ന മാലിന്യം ഇവിടെയാണ് തരം തിരിക്കുന്നത്. എംസിഎഫിലെ ദൈനംദിന പ്രവർത്തനം രേഖപ്പെടുത്തിയ ലോഗ് ബുക്ക്, മാലിന്യത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭിച്ചില്ല. സംഭരിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ കണക്ക് നഗരസഭക്കും അറിവില്ല.

ഹരിതകർമ്മ സേന സംഭരിക്കുന്ന അജൈവമാലിന്യത്തിൽ പുനർസംസ്കരിക്കാവുന്നവ ക്ളീൻകേരള കമ്പനിക്ക് കൈമാറുവാനാണ് സർക്കാർ നിർദേശം. കമ്പനി ഇതിന് നല്കുന്ന വില ഹരിതകർമ്മസേനയുടെ നഗരസഭയുടെ നിയന്ത്രണത്തിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണം. ക്രിസ് ഗ്ളോബൽ തരംതിരിച്ച മാലിന്യത്തിന്റെ അളവ് വ്യക്തമാക്കുന്ന രേഖകൾ നഗരസഭ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയില്ല. മാലിന്യം ക്ളീൻ കേരള കമ്പനിക്ക് കൈമാറിയതിനും തെളിവില്ല. മാലിന്യം സംഭരിക്കുന്നതിൽ മാത്രം നഗരസഭയുടെ അനിവാര്യചുമതല തീരുന്നില്ല. അവ പരിസ്ഥിതി ദോഷമില്ലാതെ കയ്യൊഴിയുന്നതും നഗരസഭയുടെ ഉത്തരവാദിത്വമാണ്. ക്രിസ് ഗ്ളോബൽ അത് ചെയ്തിട്ടുണ്ടെന്ന് നഗരസഭ ഉറപ്പാക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

അജൈവമാലിന്യങ്ങളിൽ പുനർസംസ്കരിക്കാനാവാത്തവ എങ്ങനെ കയ്യൊഴിഞ്ഞു എന്നതിനും രേഖയില്ല. ഇവ പരിസ്ഥിതിക്ക് ദോഷമില്ലാത്ത രീതിയിൽ കൃത്യമായ ഇടവേളകളിൽ നശിപ്പിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും നഗരസഭയുടെ അനിവാര്യ ചുമതലയുടെ ഭാഗമാണ്. അതും നിറവേറ്റിയത് തെളിയിക്കുന്ന രേഖ നഗരസഭ ഹാജരാക്കിയില്ല.

7.നഗരസഭയുടെ ആസ്തി നാമമാത്ര വാടകയ്ക്ക് കൈമാറി

മാലിന്യം സംഭരിക്കുന്നതിനും തരംതിരിക്കുന്നതിനും നഗരസഭ എംസിഎഫ് നാമമാത്രവാടകക്ക് കൈമാറിയതായി കാണുന്നു. വാടക ശാസ്ത്രീയമായി നിർണയിച്ച രേഖകൾ ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും രേഖ ഹാജരാക്കിയില്ല. നഗരസഭയുടെ ആസ്തി സ്വകാര്യ സ്ഥാപനത്തിന് ഉപയോഗിക്കുവാൻ നല്കുമ്പോൾ അതിന്റെ വാടക യുക്തമായി നിർണയിക്കേണ്ടതുണ്ട്. ആസ്തി നില്കുന്ന സ്ഥലത്തിന്റെ വില,ആസ്തി നിർമ്മിക്കുവാനും അറ്റകുറ്റപണിക്കും നഗരസഭ ചെലവഴിച്ച തുക, സ്ഥാപനം ആ ആസ്തി ഉപയോഗിച്ച് ഉണ്ടാക്കാവുന്ന ലാഭം എന്നിവ അടിസ്ഥാനമാക്കിവേണം വാടക നിർണയിക്കാൻ. കോടികളാണ് എംസിഎഫ് നില്കുന്ന സ്ഥലത്തിന്റെ വില, മുൻവർഷങ്ങളിലെ പ്രോജക്റ്റുകളിൽ ലക്ഷകണക്കിന് രൂപ നഗരസഭ എംസിഎഫിന്റെ നിർമ്മാണ അറ്റകുറ്റപണികൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഇത് രണ്ടും അടിസ്ഥാനമാക്കാതെയാണ് നഗരസഭ വാടക നിർണയിച്ചത്. ഇത് സ്ഥാപനത്തെ സഹായിക്കുവാൻ വേണ്ടിയാണെന്ന് വ്യക്തമാണ്. അതിനാൽ അടിയന്തരമായി നഗരസഭ വാടക പുനർ നിർണയിക്കേണ്ടതാണ്.

മുകളിലെ ഓഡിറ്റ് നിഗമനങ്ങൾ ഉൾപ്പെടുത്തി നഗരസഭ സെക്രട്ടറിക്ക് വിശദമായ ഓഡിറ്റ് അന്വേഷണം(77/21-22,28.03.22)നല്കിയെങ്കിലും മറുപടി/പ്രതികരണം ലഭിച്ചില്ല.അതിനാൽ നഗരസഭയുടെ വിശദീകരണം ഇല്ലാതെയാണ് പരാമർശം തയ്യാറാക്കിയിരിക്കുന്നത്.

മുകളിൽ വിവരിച്ച അപാകങ്ങൾ നഗരസഭയിലെ മാലിന്യനീക്കത്തിൽ ഗുരുതര ക്രമക്കേടുകൾ ഓഡിറ്റ് സംശയിക്കുന്നു. അതിനാൽ ഈ വിഷയം ഗൗരവമായ അന്വേഷണത്തിന് വിഷമാക്കണമെന്ന് ഭരണവകുപ്പിനോട് അഭ്യർത്ഥിക്കുന്നു.

## 1-59 നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല-6204809/- രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം KSEB,KWA എന്നിവിടങ്ങളിലായി 6204809/- രൂപ നിക്ഷേപിച്ചെങ്കിലും തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിശദാംശം ഖണ്ഡിക 4-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| പ്രോജക്ട് | നിർവ്വഹണഏജൻസി | നിക്ഷേപിച്ച തുക |
|---|---|---|
| 158 / 22 വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | KSEB | 1488809/- |
| 172/22 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 2242000/- |
| 374/22 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | KWA | 2474000/- |
| ആകെ | | 6204809/- |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി 6204809/-രൂപയുടെ തടസം ഒഴിവാക്കേണ്ടതാണ്.

## 1-60 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് - നഗരസഭയും വാട്ടർ അതോറിറ്റിയും സംയുക്ത

**പരിശോധന നടത്തിയതു വഴി പൊതു ടാപ്പുകളുടെ എണ്ണം 363ൽ നിന്നും 213 ആയി കുറഞ്ഞു- വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിവർഷം 13 ലക്ഷം രൂപയുടെ നേട്ടം.**

*അനുകരണീയമായ മാതൃക*

ഫയൽ നം : E2 -8321 /16

നഗരസഭയിൽ 2021-22 കാലയളവിൽ 363 പൊതുടാപ്പുകളാണ നിലവിലുണ്ടായിരുന്നത്. പ്രസ്തുത പൊതു ടാപ്പുകളിൽ നിരവധി എണ്ണം ഉപയോഗത്തിൽ ഇല്ലാത്തതിനാൽ പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള എണ്ണം സംയുക്ത പരിശോധന നടത്തി കൃത്യമായി നിർണ്ണയിക്കുന്നതിന നഗരസഭ തീരുമാനം എടുത്തിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ പൊതു ടാപ്പുകളുടെ എണ്ണം 363ൽ നിന്നും 213 ആയി കുറഞ്ഞിട്ടുണ്ട്. നിലവിൽ ഒരു ടാപ്പിന പ്രതിവർഷം 8692 രൂപയാണ് വാട്ടർ അതോറിറ്റി ഈടാക്കുന്നത്. ഇതു പ്രകാരം സംയുക്ത പരിശോധനവഴി കുറവു വന്ന 150 ടാപ്പുകളുടെ പ്രതിവർഷ ചെലവ് ഇനത്തിൽ 1303800 രൂപ കുറവ് വന്നിട്ടുള്ളതാണ്. ആവർത്തന സ്വഭാവമുള്ള ചെലവായതിനാൽ ഇതു നഗരസഭയ്ക്ക് ദീർഘകാലാടിസ്ഥാനത്തിൽ നേട്ടം ഉണ്ടാക്കുന്നതാണ്. ഇതൊടൊപ്പം തന്നെ ഒരു രണ്ടാംഘട്ട സംയുക്ത പരിശോധനയ്ക്കും നഗരസഭ തീരുമാനം എടുത്തിട്ടുണ്ട്. രണ്ടാം ഘട്ട പരിശോധന നടത്തി കുടിവെള്ള ടാപ്പുകളുടെ ചെലവിനത്തിലുള്ള ബാധ്യത കൃത്യമായി നിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 മിനി എംസിഎഫ് സ്ഥാപിക്കൽ - എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ നിരക്കിൽ നിന്നും വ്യതിചലിച്ച് ഉയർന്ന നിരക്ക് അനുവദിച്ചതു വഴി 1.34 ലക്ഷം രൂപയുടെ അധിക ചെലവ്.

നിർവ്വഹണം-അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ
പ്രോജക്ട് നം/പേര് : 317/22 ( മിനി എംസിഎഫ് തയ്യാറാക്കൽ )
ഫയൽ നം : E2-15270/ 20
എം ബുക്ക് നം : 203 / 20-21
എഗ്രിമെന്റ് നം : 144 / 20-21 Dt 30-10-20
ചെലവു വിവരം

2020-21 E2 / 542 / CFC / 20-21 / Dt : 30.03.21 - 813150 ( ധന.ഗ്രാന്റ്)

2021-22 Vr 50 / 5 Dt:17.05.21 (Online Payment) - 707811 (സ്വച്ഛ് ഭാരത് അഭിയാൻ + ശുചിത്വ മിഷൻ ഫണ്ട് ) 21

Chq No 515228 / 03.12.21 - 149556 ശുചിത്വ മിഷൻ ഫണ്ട്

5259674 / 01.01.22 - 33950

നഗരസഭ പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ തരം തിരിച്ച് ശേഖരിക്കുന്നതിനായി ഷെഡുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. 2020-21 വർഷം അംഗീകാരം ലഭിച്ച പദ്ധതി 2021-22 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. 26 മിനി എംസിഎഫുകൾ സ്ഥാപിക്കുന്നതിന 1914000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും, ടെണ്ടർ ക്ഷണിച്ച് 'പ്രകൃതി ഇൻഫ്രാസ്ട്രക്ചർ ഡിസൈൻ & കൺസ്ട്രക്ഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, അടൂർ' എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് ഹെൽത്ത് വിഭാഗവും, ശുചിത്വ മിഷന്റേയും ശുപാർശയുടെ അടിസ്ഥാനത്തിൽ ഷെഡിന്റെ അറകളുടെ എണ്ണം 4 ൽ നിന്നും 6 ആയി വർദ്ധിപ്പിക്കുന്നതിന തീരുമാനിക്കുകയും എന്നാൽ നിലവിലുള്ള എസ്റ്റിമേറ്റിൽ പ്രസ്തുത രീതിയിൽ നിർമ്മാണം സാധിക്കില്ല എന്ന് കരാർ ലഭിച്ച സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആയതിന 04-02-2021 ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്.

എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത് 02-03-21 മുതലാണ്. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം 23

മിനി എംസിഎഫുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 1 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 10.16.1 Steel Work In Built Up Tubular Trusses Etc എന്ന ഇനമാണ്. ഇതിൽ 50 X 25 X 2 Mm Rectangular Tube ന്റെ പരിവർത്തന ഘടകം 2.15 എന്നും ( 2.15 Kg / മീറ്റർ ), 25 X 25 X 2 Mm Square Tube ന്റെ പരിവർത്തന ഘടകം 1.37 ( 1.37 Kg /മീറ്റർ ) എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഇനം 2 ആയി രേഖപ്പെടുത്തിയിട്ടുള്ളത് 10.25.2 Item Shifted To Head 14 As Item 14.74 Steel Work Welded In Built Up / Frame Work എന്ന ഇനമാണ്.ഇതിൽ Frame IA 25X25X3 Mm ന്റെ പരിവർത്തന ഘടകം 1.10 ( 1.10 Kg /മീറ്റർ) എന്നും 100 X 100 X 5 Mm Mesh Pieces ന്റെ പരിവർത്തന ഘടകം 1.84 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് . എന്നാൽ എം ബുക്കിൽ പ്രസ്തുത ഇനങ്ങളുടെ അളവുകൾ രേഖപ്പെടുത്തിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയ പരിവർത്തന ഘടകത്തിനേക്കാൾ ഉയർന്ന വാല്യൂ ഉൾപ്പെടുത്തിയതിനാൽ കണക്കാക്കിയ മെറ്റീരിയലിന്റെ അളവിൽ വ്യത്യാസം വന്നിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| (1) ഇനം | (2) എംബുക്കിലെ രേഖപ്പെടുത്ത-ൽ പ്രകാരമുള്ള ആകെ നീളം ( മീറ്റർ ) | (3) എംബുക്കിലെ രേഖപ്പെടുത്തൽ പ്രകാരമുള്ളC.F ( പരിവർത്തന ഘടകം) | (4) കണക്കാക്കിയ തൂക്കം (നീളം X CF ) (Kg) | (5) റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള C F | (6) അനുവദനീയ - മായ തൂക്കം നീളം X CF ( Kg ) | (7) തൂക്കത്തിലുള്ള വ്യത്യാസം (4) – (6) ( Kg ) | (8) അധിക ചെലവ് (ടെണ്ടർ നിരക്ക് X കോളം 7 ) |
|---|---|---|---|---|---|---|---|
| 50x25x2 Mm Rectan-gular Tube | 1451.76 | 2.33 | 3382.60 | 2.15 | 3121.28 | 261.32 | 116x261.32 = 30313.12 |
| 25x25x2 Mm Square Tube | 579.60 | 1.46 | 846.21 | 1.37 | 794.05 | 52.16 | 116x52.16 = 6050.56 |
| Frame IA 25X25X3 Mm | 3680 | 1.21 | 4452.80 | 1.10 | 4048 | 404.80 | 111x404.80 = 44932.80 |
| 100x100x5 Mm Mesh Pieces | 920 | 2.36 | 2171.20 | 1.84 | 1692.80 | 478.40 | 111x478.40 = 53102.40 |
| | | | | | | | ആകെ 134399 |

മേൽ പരാമർശിച്ച വിഷയങ്ങളിൽ വിശദീകരണം ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനു ( നം 16 / 06-10-22 ) മറുപടി ഹാജരാക്കിയിട്ടുണ്ട്. Steel Work In Built Up Tubular Trusses എന്ന ഇനത്തിൽ Structural Steel Sections ന്റെ Actual Weight അളന്നു തിട്ടപ്പെടുത്തിയാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും, എന്നാൽ ഇതു സർട്ടിഫൈ ചെയ്യാൻ വിട്ടു പോയിട്ടുള്ളതാണെന്നും, ആയതു സർട്ടിഫൈ ചെയ്തു നൽകുന്നതാണെന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുള്ള അളവുകളിൽ ലിമിറ്റ് ചെയ്താണ് പ്രവൃത്തിയുടെ മൂല്യം കണക്കാക്കേണ്ടത്. ആകയാൽ അധികം ചെലവഴിച്ച 134399 രൂപ അളവു രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത മുനിസിപ്പൽ എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചു-നഷ്ടം 9656രൂപ

എസ്റ്റിമേറ്റിന് വിരുദ്ധമായി ഓട പണിയുന്നതിന് കമ്പി ഉപയോഗിച്ചു. 30ാം വാർഡിലെ കോട്ടവയൽ കോളനിയിലെ ഓടക്ക് കവറിംഗ് സ്ളാബ് നിർമ്മാണത്തിലാണിത്.

പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ക്രമനം.3 ഓടയുടേയും കവറിംഗ് സ്ളാബിന്റേയും നിർമ്മാണത്തിന് ആവശ്യമായ കമ്പിയുടെ വിവരണമാണ്. 10എം.എം,8എം.എം കമ്പി ഉപയോഗിക്കുവാനാണ് എസ്റ്റിമേറ്റ്. എന്നാൽ ഓടയുടെ കവറിംഗ് സ്ളാബ് നിർമ്മിക്കു ന്നതിന് 12എം.എം,8എം.എം കമ്പി ഉപയോഗിച്ചതായാണ് പ്രോജക്ടിന്റെ എം.ബുക്കി (46/21-22,പേജ് 10-16)ലെ രേഖപ്പെടുത്തൽ.എം.ബുക്ക് അനുസരിച്ച് 457.45 കിലോ 12എം.എം കമ്പി ഉപയോഗിച്ചതായി കാണുന്നു.

ഇതിന് ജിഎസ് ടി നഷ്ടപരിഹാരം ഒഴികെ കരാറുകാരന് 28250രൂപ നല്കി.

എസ്റ്റിമേറ്റിന് വിരുദ്ധമായ കവറിംഗ് സ്ലാബ് നിർമ്മാണത്തിലൂടെ നഗരസഭക്ക് അധികചെലവ് ഉണ്ടായതായി കാണുന്നു. ഭാരവാഹനങ്ങൾ കയറാത്ത കോളനി നടപ്പാതക്ക് 12എം.എം കമ്പി ആവശ്യമില്ല. സാങ്കേതിക നിർദേശവും എസ്റ്റിമേറ്റും അനുസരിച്ച് 10എം.എം,8എം.എം കമ്പിയാണ് ഉപയോഗിക്കേണ്ടത്. 457.45കിലോ 12എം.എം കമ്പിക്ക് പകരം എസ്റ്റിമേറ്റ് അനുസരിച്ചുള്ള 10എം.എം ഉപയോഗിച്ചിരുന്നെങ്കിൽ ചെലവ് 19629രൂപയായി കുറയ്ക്കാമായിരുന്നു. എസ്റ്റിമേറ്റിന് വിരുദ്ധമായി കമ്പി ഉപയോഗിച്ചതിനാൽ ജിഎസ് ടി നഷ്ടപരിഹാരം ഉൾപ്പെടെ 9656രൂപ അധികം ചെലവഴിച്ചു.

കൂടാതെ പ്രോജക്ടിന് എസ്.സി.പി ഫണ്ടാണ് ചെലവഴിച്ചത്. എന്നാൽ പട്ടികജാതി വികസന വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ഫയലിൽ കാണുന്നില്ല. സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

അധികചെലവിന് വിശദീകരണം തേടി അസി.എഞ്ചിനിയർക്ക് ഓഡിറ്റ് അന്വേഷണം (21/21-22,26/10/2022) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. അധികം നല്കിയ 9656രൂപ നിർവഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

പ്രോജക്ടുമായി ബന്ധപ്പെട്ട മറ്റ് വിവരങ്ങൾ: പ്രോജക്റ്റ് നം.79/22-കോട്ടവയൽ കോളനി ഓട(നടപ്പാത) നിർമ്മാണം.ഫയൽ-E1/S079/21-22, ചെലവ്-787642രൂപ, ബിൽ-21050747001701467171/26.03.22, കരാറുകാരൻ എ.പ്രസാദ്.

## 3-3 വിതരണം ചെയ്യാത്ത ഭക്ഷണത്തിന് അധികം വില നൽകി- 38723/- രൂപ നിരാകരിക്കുന്നു.

സർക്കാർ നിർദ്ദേശം പാലിച്ച് സ്ഥാപനതലത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ട അർഹതപ്പെട്ടവരുടെ ലിസ്റ്റ്, അവരിൽ പണം നൽകി ഭക്ഷണം വാങ്ങിയവരുടെ വിവരം തുടങ്ങിയ വ്യക്തമായ രേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഡുകളിൽ ഭക്ഷണവിതരണം നടത്തിയവരുടെ എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളത്. ജനകീയഹോട്ടൽ മുഖേനയുള്ള ഭക്ഷണവിതരണത്തിന്റെ ഏകോപന ചുമതല ജെ.എച്ച്.ഐ മാർക്ക് നൽകിയിട്ടുള്ളതാണ്. (യഥാക്രമം ഈസ്റ്റ് സി.ഡിഎസിന്റേത് ശ്രീ. മനോജ് ഇ.കെ., വെസ്റ്റ് സി.ഡി.എസിന്റേത് ശ്രീമതി കാവ്യകല എ.പി.). കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്ററുകൾ സൂക്ഷിക്കാനും ബില്ലുകൾ ബന്ധപ്പെട്ട എച്ച്.ഐ.-മാർ മുഖേന ഹെൽത്ത് സൂപ്പർവൈസർക്ക് സമർപ്പിക്കണമെന്നും നഗരസഭാ സെക്രട്ടറിയുടെ എച്ച്5/8738/21/11.5.21 നം ഉത്തരവിൽ ജെ.എച്ച്.ഐ-മാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ മേൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ചുമതലയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഈസ്റ്റ് സി.ഡി.എസിന്റെ 20.5.21 മുതൽ 16.6.21 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രം ജെ.എച്ച്.ഐ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വെസ്റ്റ് സിഡിഎസിന്റെ ചുമതലയിലുള്ള ജനകീയഹോട്ടലിന്റെ ഭക്ഷണവിതരണരജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ ചുമതലയുള്ള ഉദ്യാഗസ്ഥർ ആരും ആധികാരികമാക്കിയിട്ടില്ല.) മേൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഡ്കൗൺസിലർമാർ സമർപ്പിച്ചിട്ടുള്ള രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ ധാരാളം അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പല വാർഡുകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ അപൂർണ്ണമാണ്. അർഹതപ്പെട്ടവരുടെ പേര്, മേൽവിലാസം ഇവ ലഭ്യമാക്കാതെ എണ്ണം മാത്രം രേഖപ്പെടുത്തിയും ഒരേ ദിവസങ്ങളിൽ വ്യത്യസ്ഥ കണക്കുകൾ നൽകിയും കാണുന്നു. എന്നിരുന്നാലും വാർഡ് കൗൺസിലർമാർ നൽകിയ മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഭക്ഷണവിതരണത്തിന് നൽകിയ പ്രതിഫലത്തുകയുടെ ആധികാരികത പരിശോധിച്ചതിൽ ജനകീയ ഹോട്ടലുകൾക്ക് അധികം തുക നൽകിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. ഈ ഇനത്തിൽ അധികം നൽകിയ തുക അതാത് സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതും അല്ലാത്തപക്ഷം അധിക ത്തുക നൽകിയതിന് ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

വെസ്റ്റ് സി.ഡി.എസ് (കൃപാഞ്ജനാ ജനകീയ ഹോട്ടൽ)

1)11.5.2021 മുതൽ 20.5.2021 വരെ വെസ്റ്റ് സി.ഡി.എസിന്റെ ഉടമസ്ഥതയിലുള്ള കൃപാഞ്ജന ജനകീയ ഹോട്ടലിൽ നിന്ന് രജിസ്റ്റർ പ്രകാരം മൂന്ന നേരങ്ങളിലുമായി ഭക്ഷണം കഴിച്ചവരുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| രാവിലെ | ഉച്ചയ്ക്ക് | രാത്രി |
|---|---|---|
| 2156 | 2418 | 2340 |

കരാർ നിരക്ക് പ്രകാരം പ്രഭാത ഭക്ഷണത്തിന് 57/- രൂപയും ഉച്ച ഭക്ഷണത്തിന് 25/- രൂപയും രാത്രി ഭക്ഷണത്തിന് 58/- രൂപനിരക്കിലും ആകെ 319062/- നൽകേണ്ടതിന് പകരം 324050/- രൂപ നൽകി. ( Cheque

No-587206/26.5.21--324050/-) അധികം നൽകിയത് 4988/- രൂപ.

2) രജിസ്റ്ററും വാർഡ് കൗൺസിലർമാരുടെ റിപ്പോർട്ടും തമ്മിൽ വ്യത്യാസം-കൗൺസിലർമാർ വിതരണം നടത്തിയെന്ന് റിപ്പോർട്ട് ചെയ്ത എണ്ണത്തിനുപരിയായി ഭക്ഷണവില നൽകി

A)വെസ്റ്റ് സി. ഡി.എസ് (കൃപാഞ്ജനാ ജനകീയ ഹോട്ടൽ)

| തീയതി | വാർഡ് നം | രജിസ്റ്റർ പ്രകാരം എണ്ണം | | | വാർഡ് കൗൺസിലറുടെ റിപ്പോർട്ട് പ്രകാരം എണ്ണം | | | അധികമായി കണക്കാക്കിയ എണ്ണം | | | അധികമായി കണക്കാക്കിയ തുക | ചെലവ് വിവരം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | പ്രഭാത ഭക്ഷണം | ഉച്ച ഭക്ഷണം | രാത്രി ഭക്ഷണം | | |
| 12.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 12.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 13.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 13.5.21 | 6 | 18 | 20 | 20 | 18 | 18 | 18 | 0 | 2 | 2 | | |
| 14.5.21 | 1 | 30 | 30 | 30 | 25 | 25 | 25 | 5 | 5 | 5 | | |
| 15.5.21 | 1 | 30 | 30 | 30 | 13 | 13 | 13 | 17 | 17 | 17 | 324050/-<br>(11/5/21 മുതൽ 20/5/21 വരെ) | Cheque No-<br>587206/26.5.21– |
| 16.5.21 | 1 | 20 | 20 | 20 | 13 | 13 | 13 | 7 | 7 | 7 | | |
